ബി എസ് എൻ എൽ എംപ്ലോയീസ് യൂണിയൻ കേരള സർക്കിൾ മുഖപത്രം

BSNLEU

# ബി എസ് എൻ എൽ ക്രൂസേഡർ

June 2020

B S N L CRUSADER

Rs. 5/=



## സി ഇ സി വഡോദര






മന്ത്രി ശ്രീ കടന്നപ്പള്ളി രാമചന്ദ്രൻ സംസാരിക്കുന്നു




സ.എൻ പി പത്മനാഭൻ അനുസ്മരണം:

BSNLEU

# BSNL CRUSADER

JOURNAL OF BSNL EMPLOYEES UNION, KERALA CIRCLE

Vol. 20 No. 6 June 2020

Editor: C Santhoshkumar

മുഖപ്രസംഗം

# കരുതലോടെ മുന്നോട്ട്

കേരളത്തിൽ ലോക്ക്ഡൗൺ ആരംഭിക്കുമ്പോൾ കോവിഡ് രോഗികളുടെ എണ്ണം കുറവായിരുന്നു. അതിതീവ്രമായ പ്രതിരോധ പ്രവർത്തനത്തിന്റെ ഫലമായി ഈ മഹാമാരിയെ ഒരു പരിധിവരെ നിയന്ത്രിക്കാൻ കേരളത്തിന് കഴിഞ്ഞു. പുറം നാടുകളിലുള്ളവരുടെ വരവ് ആരംഭിച്ചതിനാൽ ഇനിയും കുറെയധികം പേർക്ക് രോഗബാധ ഉണ്ടാകും. അവരെക്കൂടി ചികിൽസിച്ച് ഭേദപ്പെടുത്തി കഴിഞ്ഞാലേ കേരളത്തിനു ആശ്വസിക്കാൻ വകയുള്ളു. അതോടൊപ്പം തന്നെ പുറത്തുനിന്നുവരുന്നവരിൽ നിന്നും ഇവിടെയുള്ള ആർക്കും രോഗം പകരില്ലെന്ന് ഉറപ്പാക്കണം. കേരളത്തിലെ നിലവിലെ സംവിധാനങ്ങൾ വച്ച് ഇത് സാധ്യമാണ്. ലോകത്തിന്റെയും രാജ്യത്തിന്റെയും കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ കേരളം ബഹുദൂരം മുന്നിലാണ്. ഇത് നമ്മുടെ പൊതുജനാരോഗ്യ സംവിധാനവും, സംസ്ഥാന സർക്കാരിന്റെ സർവ്വസന്നാഹങ്ങളും ജനങ്ങളുടെ ഇച്ഛാശക്തിയും ഒത്തുചേർന്ന് കൈവരിച്ച നേട്ടമാണ്.

കോവിഡ് എന്ന മഹാമാരി എന്ന് അവസാനിക്കുമെന്നോ എങ്ങനെ അവസാനിക്കുമെന്നോ ആർക്കും പറയാനാകാത്ത അനിശ്ചിതത്വം നിലനിൽക്കുകയാണ്. കോവിഡ് ഭീഷണി അവസാനിച്ചേക്കില്ലെന്ന് ലോകാരോഗ്യ സംഘടന തന്നെ സൂചന നൽകുന്നു. ലോകത്താകെ ഒരു രണ്ടാംഘട്ട വ്യാപനമുണ്ടായേക്കാമെന്ന് വിദഗ്ധരുടെ മുന്നറിയിപ്പുമുണ്ട്.

ഇത്തരമൊരു സന്ദിഗ്ധാവസ്ഥയിൽ ഇനി എല്ലാം ശരിയായിട്ട് സാധാരണ നിലയിലേക്ക് കടക്കുന്നതിനെക്കുറിച്ച് ആലോചിക്കാമെന്ന് കരുതുന്നത് ശരിയല്ല. അത് ഭാവി കൂടുതൽ ഇരുളടഞ്ഞതാക്കും. അതുകൊണ്ടാണ് പതുക്കെയെങ്കിലും നിയന്ത്രണങ്ങളോടെ സാമ്പത്തിക പ്രവർത്തനങ്ങളും സാമൂഹ്യ ജീവിതവും ആരംഭിക്കുന്നതിന് നടപടി സർക്കാർ സ്വീകരിക്കു

⇨

പത്രാധിപ സമിതി

സി സന്തോഷ്കുമാർ (പത്രാധിപർ)
പി മനോഹരൻ
എസ് പ്രതാപ്കുമാർ
കെ എൻ ജ്യോതിലക്ഷ്മി
എം വിജയകുമാർ
പി ആർ പരമേശ്വരൻ

## ഉള്ളടക്കം

5 അന്നങ്ങനെ; ഇന്ന് ബഹുകാതം മുന്നോട്ട്

7 തൊഴിലാളിവർഗ്ഗത്തിന്റെ പ്രതീക്ഷ
ആനത്തലവട്ടം ആനന്ദൻ

9 രാഷ്ട്രം രാഷ്ട്രീയം
കെ പത്മനാഭൻ

10 കൊറോണ വൈറസ് (കോവിഡ് 19)
ഡോ. പി കെ ജമീല

13 നുറുങ്ങുവെട്ടം
കെ സുധീഷ്

14 ഒരു സംഘടനാ പ്രവർത്തകന്റെ മുൻകാല അനുഭവങ്ങൾ
എം ആർ സി

20 പോരാട്ടങ്ങൾ അനുഭവങ്ങൾ
വി എ എൻ നമ്പൂതിരി

26 എഐബിഡിപിഎ വാർത്തകൾ

കവർ ഡിസൈനിങ്:
കാരയ്ക്കാമണ്ഡപം വിജയകുമാർ

Phone : 0471-247 5858
Mobile : 9447475500
Fax : 0471-257 5858
Website:www.bsnleukerala.com
e-mail: circlesecretarybsnleu@gmail.com

⇨

ന്നത്. ഇങ്ങനെയൊക്കെ ചില അനുമതികൾ നൽകുമ്പോൾ തന്നെ എല്ലാ രംഗത്തും കരുതലും അതീവ ജാഗ്രതയും വേണമെന്ന് സർക്കാരും മുഖ്യമന്ത്രിയും ആവർത്തിച്ചു പറയുന്നത്. കോവിഡ് കാലത്ത് എങ്ങനെ ജീവിക്കണമെന്ന് ഇപ്പോൾ, കേരളീയരാകെ മനസ്സിലാക്കിയിട്ടുണ്ട്. നേരത്തെ ജീവിച്ചതിൽ നിന്ന് വ്യത്യസ്തമായൊരു ജീവിതമാണ് ഇനിവേണ്ടിവരുക. സാധാരണനില എന്നതുപോലും അസാധാരണമാണ്. കോവിഡ് വലിയ ഭീഷണിയാണെന്ന് തിരിച്ചറിഞ്ഞ സാഹചര്യത്തിൽ അതിനെ നേരിട്ട് ജീവിതം സാധ്യമാക്കുകയാകണം ലക്ഷ്യം. സാമൂഹ്യ ജീവിതവും സാമ്പത്തിക ജീവിതവും സാധ്യമാക്കുന്ന പുതിയൊരു പെരുമാറ്റച്ചട്ടത്തിലൂടെയാണ് നാമെല്ലാവരും കടന്നുപോകുന്നത്.

രോഗം പടരുന്നത് എങ്ങനെയെന്ന് ഏതാണ്ട് എല്ലാവർക്കും അറിയാം. മാസ്ക് ധരിക്കൽ, കൈകഴുകൽ, സാനിറ്റൈസർ ഉപയോഗം, ശാരീരിക അകലം, കൂട്ടം കൂടാതിരിക്കൽ എന്നീ രോഗവ്യാപനം തടയാനുള്ള മാർഗ്ഗങ്ങൾ നിർബന്ധമായും പാലിക്കണം. അടച്ചുപൂട്ടലിൽ ഇളവുകൾ കിട്ടുമ്പോഴും ഇക്കാര്യങ്ങളിൽ ഒരിളവുമില്ലെന്ന് നമ്മോരുത്തരും തിരിച്ചറിയണം. ഇല്ലെങ്കിൽ അത്യാപത്തു തന്നെ വരും. രാജ്യവും കേരളവും കോവിഡിന്റെ ഭീഷണിയിൽ തന്നെയാണെന്ന് ഓർമ്മയുണ്ടാകണം. ●

# 4ജി ടെണ്ടർ വീണ്ടും അട്ടിമറിച്ചു

ലോകത്ത് ആദ്യമായി 4ജി സേവനം ആരംഭിക്കുന്നത് 2009ൽ സ്വീഡനിലാണ്. 2012 ൽ എയർടെല്ലാണ് ഇന്ത്യയിൽ ആദ്യമായി 4ജി സേവനം നൽകി തുടങ്ങിയതും അന്നുമുതൽ ബി.എസ്.എൻ.എൽ.ന് ഈ സേവനം ആരംഭിക്കുന്നതിനാവശ്യമായ സ്പെക്ട്രം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ബി.എസ്.എൻ.എൽ. എംപ്ലോയീസ് യൂണിയന്റെയും, ആൾ യൂണിയൻസ് അസോസിയേഷന്റെയും നേതൃത്വത്തിൽ നിരന്തരം പ്രക്ഷോഭങ്ങളും സമരങ്ങളും നടത്തിവരികയായിരുന്നു. എന്നാൽ 2015 ൽ മുകേഷ് അംബാനിയുടെ റിലയൻസ് ജിയോയ്ക്ക് സ്പെക്ട്രം അനുവദിച്ചപ്പോൾ പോലും ബി.എസ്.എൻ.എൽ. ന് നൽകുവാൻ കേന്ദ്ര സർക്കാർ തയ്യാറായില്ല.

ബി.എസ്.എൻ.എൽ. ന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് 23–10–2019 ൽ കേന്ദ്ര മന്ത്രിസഭ അംഗീകരിച്ച പാക്കേജിലാണ് ബി.എസ്.എൻ.എൽ. ന് 4ജി സ്പെക്ട്രം അനുവദിക്കുമെന്ന് പ്രഖ്യാപിച്ചത്. എന്നാൽ അഞ്ചുമാസം പിന്നിട്ടിട്ടും ഒരു നടപടിയും സ്വീകരിക്കാൻ സർക്കാരോ ബി.എസ്.എൻ.എൽ. മാനേജ്മെന്റോ തയ്യാറായില്ല. സംഘടനകൾ നടത്തിയ സമ്മർദ്ദങ്ങളുടെ ഫലമായി 2020 മാർച്ചിൽ 4ജി ഉപകരണങ്ങൾ വാങ്ങുന്നതിനാവശ്യമായ ടെണ്ടർ ബി.എസ്.എൻ.എൽ. വിളിച്ചു. ഈ ടെണ്ടറിനെതിരെ ടെലികോം എക്യുപ്മെന്റ് ആന്റ് സർവീസസ് എക്സ്പോർട്ട് പ്രമോഷൻ കൗൺസിൽ (TEPC) എന്ന സംഘടന കേന്ദ്ര സർക്കാരിനു പരാതി നൽകി. പരാതിയിൽ പറയുന്ന പ്രധാന കാര്യങ്ങളിൽ ഒന്ന് 2017–18, 2018–19 സാമ്പത്തിക വർഷത്തിൽ 8000 കോടി രൂപ വാർഷിക വരുമാനമുള്ള കമ്പനികൾക്കു മാത്രമെ ടെണ്ടറിൽ പങ്കെടുക്കാൻ കഴിയുകയുള്ളൂ. ടെണ്ടറിൽ പങ്കെടുക്കാൻ ഇന്ത്യയിലെ ഒരു കമ്പനിക്കും കഴിയാത്ത തരത്തിലാണ് ബി.എസ്.എൻ.എൽ. ടെണ്ടറിന് രൂപം നൽകിയിട്ടുള്ളത്. അതിന്റെ ഫലമായി ഇന്ത്യയിൽ നിർമ്മിക്കുന്ന ഉപകരണങ്ങൾ വാങ്ങി ഇന്ത്യൻ കമ്പനികളെ സഹായിക്കുക എന്ന നയത്തിൽ നിന്നും ബി.എസ്.എൻ.എൽ. പിന്നോട്ടുപോയിയെന്നും വ്യക്തമാക്കുന്നു. പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രധാനമന്ത്രിയുടെ ഓഫീസ് നേരിട്ട് ഇടപെട്ട് ഡിഫൻസ് റിസർച്ച് ഡവലപ്മെന്റ് ഓർഗനൈസേഷനിലെയും (DRDO), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെയും പ്രമുഖരെ ഉൾപ്പെടുത്തി ഒരു ഉന്നതാധികാര സമിതിക്ക് രൂപം നൽകി. കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചതായി അറിയുന്നു. പ്രധാന നിർദ്ദേശം ഉപകരണങ്ങളുടെ ഇരുപത് ശതമാനമെങ്കിലും ഇന്ത്യൻ കമ്പനികളിൽ നിന്ന് വാങ്ങണം. ഇതിന്റെ ഫലമായി നിലവിലുള്ള 8697 കോടിയുടെ ടെണ്ടർ ബി.എസ്.എൻ.എൽ. റദ്ദുചെയ്യേണ്ടിവരും. പുനർ ടെണ്ടർ നൽകേണ്ടിവരും. ടെലികോം മത്സരരംഗത്ത് ബി.എസ്.എൻ.എൽ. വീണ്ടും പിന്തള്ളപ്പെടും.

## 5ജി സ്പെക്ട്രം ലേലം 2020 ൽ നടക്കില്ല:

മാധ്യമ റിപ്പോർട്ടുപ്രകാരം 5ജി സ്പെക്ട്രം ലേലം 2020 ൽ നടക്കാൻ സാദ്ധ്യതയില്ല. ലേലം മാറ്റിവെക്കാനുള്ള പ്രധാന കാരണം:

1. ഇന്ത്യയിൽ 5ജി നെറ്റ് വർക്ക് വികസിപ്പിക്കുന്നതിന് ഹുവായ്, ZTE കമ്പനികളെ അനുവദിക്കേണ്ടതുണ്ടോ എന്ന കാര്യത്തിൽ അവ്യക്തത നിലനിൽക്കുന്നു.
2. 5ജി സ്പെക്ട്രത്തിന്റെ അടിസ്ഥാനവിലയായി നിശ്ചയിച്ചിരിക്കുന്ന (ഒരു യൂണിറ്റിന്) 492 കോടി രൂപ വളരെ കൂടുതലാണെന്ന് ടെലികോം കമ്പനികൾ പരാതിപ്പെടുന്നു.
3. ഡിപ്പാർട്ടുമെന്റ് ഓഫ് സ്പേസ്, ഡിഫൻസ് മന്ത്രാലയം കൂടുതൽ 5ജി സ്പെക്ട്രം ആവശ്യപ്പെടുന്നു. ആവശ്യമായ സ്പെക്ട്രം അവർക്ക് നൽകേണ്ടിവന്നാൽ ലേലത്തിനാവശ്യമായ സ്പെക്ട്രം നിലവിൽ ഉണ്ടാകുമോ എന്ന കാര്യത്തിലും സംശയം.

भारत संचार निगम लिमिटेड
BHARAT SANCHAR NIGAM LIMITED
(A Govt. of India Enterprise)

MMT Cell
C/o GM (MM)
BSNL Corporate office,
2nd Floor, Bharat Sanchar Bhawan,
Janpath, New Delhi -110 001.
Email ID agmmmtbsnlco@gmail.com

No. CA/MMT/11-7/2020(NWP-GSM-II) Dated 01.07.2020

### NOTICE FOR CANCELLATION OF TENDER

Tender for planning, engineering, supply, installation, testing, commissioning & annual maintenance of 4G mobile network in north, east, west & south zones of BSNL and Delhi & Mumbai LSA of MTNL on Turnkey basis vide No: MM/CM/GSM-Ph-IX/T-681/2020 [Tender ID 2020 BSNL 46556_1 on CPP Portal Portal], issued on 23.03.2020 is hereby cancelled.

This is issued with the approval of competent authority.

Sd/-
DGM (MMT)

# അന്നങ്ങനെ; ഇന്ന് ബഹുകാതം മുന്നോട്ട്




ദേശീയ, അന്തർദേശീയ മാധ്യമങ്ങളിൽ കേരളം നിറഞ്ഞു നിൽക്കുകയാണ്. കോവിഡ് പകർച്ചവ്യാധിയെ നിയന്ത്രിക്കുന്നതിലെ മികവാണ് അഭിനന്ദനങ്ങളുടെ അടിസ്ഥാനം. എൽഡിഎഫ് സർക്കാരിന്റെ ഈ ഇച്ഛാശക്തി, നാലുവർഷം എല്ലാ രംഗത്തുമുണ്ടായി. ലോകശ്രദ്ധ ആകർഷിച്ചാണ് കേരളം എൽഡിഎഫ് സർക്കാരിന്റെ നാലാം വാർഷികത്തെ സ്വീകരിച്ചത്.

യുഡിഎഫ് സർക്കാരിന്റെ കഴിഞ്ഞ അഞ്ചുവർഷത്തെ ബഹുകാതം പിന്നിലാക്കിയാണ് കേരളം ഇന്ന് വർത്തമാനകാലത്തെ അടയാളപ്പെടുത്തുന്നത്.

ക്ഷേമ, വികസനപ്രവർത്തനങ്ങളിൽ എൽഡിഎഫ്–യുഡിഎഫ് സർക്കാരുകൾ തമ്മിൽ താരതമ്യത്തിനു തുനിഞ്ഞ മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ എല്ലാ അവകാശവാദത്തെയും പൊളിക്കുന്നതാണ് വസ്തുതകൾ.

## ക്ഷേമ പെൻഷൻ

**യുഡിഎഫ് സർക്കാർ**

മാസം നൽകിയത് 600 രൂപ. അഞ്ചുവർഷം വിതരണം ചെയ്തത് 9311 കോടി രൂപ മാത്രം. 2014 നവംബർ മുതൽ കുടിശ്ശിക വരുത്തിയത് 1389.50 കോടി രൂപ (ഈ തുക എൽഡിഎഫ് സർക്കാർ വന്നാണ് വിതരണം ചെയ്തത്).

**എൽഡിഎഫ് സർക്കാർ**

ആദ്യ ബജറ്റിൽ പെൻഷൻ 1000 രൂപയാക്കി. വർഷം 100 രൂപവീതം വർധിപ്പിക്കാൻ തീരുമാനം. ഇപ്പോൾ പ്രതിമാസ പെൻഷൻ 1300 രൂപ. നാലു വർഷം വിതരണം ചെയ്തത് 26,410 കോടി രൂപ. പുതിയ പെൻഷൻകാർ 13 ലക്ഷം പേർ.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

**യുഡിഎഫ് സർക്കാർ**

നാലുവർഷം 412.50 കോടി.

**എൽഡിഎഫ് സർക്കാർ**

പ്രളയദുരിതാശ്വാസം കൂടാതെ നാലുവർഷം 1216 കോടി രൂപ. സഹായം ലളിതമായ നടപടികളിലൂടെ ഓൺലൈനിൽ. അനുവദിക്കുന്ന പണം ബാങ്ക് അക്കൗണ്ടിലെത്തും. ഇടനിലക്കാർ ഒഴിവായി. തുകയിലും വർധന.

## അരലക്ഷം പരാതി വഴിയിൽ കളഞ്ഞ ജനസമ്പർക്കം

**യുഡിഎഫ് സർക്കാർ**

മൂന്നു ഘട്ടത്തിലെ ജനസമ്പർക്കത്തിൽ വിതരണം ചെയ്തത് 242.87 കോടി രൂപ. ഇത് ദുരിതാശ്വാസ നിധിയിൽനിന്നുള്ള സഹായമായിരുന്നു. ഇതിനായി 12.51 ലക്ഷത്തോളം കുടുംബങ്ങളെ ക്യൂ നിർത്തി വലച്ചു. ജനസമ്പർക്കകേന്ദ്രങ്ങൾ ദുരിതകേന്ദ്രങ്ങളായി. ഇതിനായുള്ള സർക്കാരിന്റെ പണമായുള്ള ധൂർത്തുമാത്രം 22.14 കോടി രൂപ. 55,740 പരാതികൾ വഴിയിലുപേക്ഷിച്ചു.

**എൽഡിഎഫ് സർക്കാർ**

ഓൺലൈൻവഴി അപേക്ഷിച്ചവർ അർഹരായവർക്കെല്ലാം സഹായം അക്കൗണ്ടിലെത്തി.

## വിതരണം ചെയ്തത് 1.43 ലക്ഷം പട്ടയം

**യുഡിഎഫ് സർക്കാർ**

ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലൂടെ ഉപയോഗ ശൂന്യമായ സ്ഥലങ്ങൾ നൽകി ഭൂരഹിതരെ കബളിപ്പിച്ചു.

**എൽഡിഎഫ് സർക്കാർ**

നാലു വർഷത്തിനുള്ളിൽ വിതരണം ചെയ്തത് 1.43 ലക്ഷം പട്ടയം. ഉമ്മൻചാണ്ടി അവകാശപ്പെടുന്ന കണക്കുപ്രകാരം തന്നെ യുഡിഎഫിന്റെ നാലുവർഷ ഭരണകാലത്ത് നൽകിയതിനേക്കാൾ 27,000 പട്ടയം കൂടുതൽ.

## സ്റ്റാർട്ടപ്പ്

**യുഡിഎഫ് സർക്കാർ**

2016 ൽ ഭരണം അവസാനിക്കുമ്പോൾ 300 സ്റ്റാർട്ടപ്പുകൾ, നിക്ഷേപം – 2.20 കോടി, 3200 പേർ ജോലി ചെയ്യുന്നു.

**എൽഡിഎഫ് സർക്കാർ**

2017 ൽ 757 സ്റ്റാർട്ടപ്പുകൾ, നിക്ഷേപം – 80 കോടി, 10,000 പേർക്ക് ജോലി.

2018 ൽ 1500 സ്റ്റാർട്ടപ്പുകൾ, നിക്ഷേപം – 280 കോടി, 15,100 പേർക്ക് ജോലി.

2019 ൽ 2200 സ്റ്റാർട്ടപ്പുകൾ, നിക്ഷേപം – 875 കോടി, 20,699 പേർക്ക് ജോലി.

(2018 ൽ കേന്ദ്ര സ്റ്റാർട്ടപ്പ് റാങ്കിങ്ങിൽ കേരളം ടോപ് പെർഫോർമർ)

## വിഴിഞ്ഞം തുറമുഖം

**യുഡിഎഫ് സർക്കാർ**

2015 ഡിസംബറിൽ പണിയാരംഭിച്ചു

**എൽഡിഎഫ് സർക്കാർ**

പുലിമുട്ടിന്റെ കോർഭാഗം (ഉൾഭാഗം) 675 മീറ്റർ പൂർത്തീകരിച്ചു. യാർഡ് നിർമാണം, പോർട്ട് യൂസർ ബിൽഡിങ്, ഓപ്പറേഷൻസ് ബിൽഡിങ്, വർക്ക്ഷോപ്, ഗേറ്റ് കോംപ്ലക്സ്, സബ് സ്റ്റേഷൻ, അപ്രോച്ച് റോഡ് തുടങ്ങിയവയുടെ നിർമാണം അവസാനഘട്ടത്തിൽ. കണ്ടെയ്നർ ബർത്തിന്റെ (800* 60 മീറ്റർ) പൈലിങ് ബീം സ്ലാബുകളുടെ പ്രീകാസ്റ്റിങ് പൂർത്തിയായി.

## ഗെയിൽ പൈപ്പ് ലൈൻ
**യുഡിഎഫ് സർക്കാർ**
2015 ൽ പദ്ധതി ഉപേക്ഷിക്കുന്നുവെന്ന് ഗെയിൽ
**എൽഡിഎഫ് സർക്കാർ**
2020 ൽ തടസ്സങ്ങൾ നീക്കി പദ്ധതി തുടങ്ങി, പൂർത്തിയാക്കി

## ദേശീയ ജലപാത
**യുഡിഎഫ് സർക്കാർ**
2015ൽ ഒച്ചിഴയും വേഗത
**എൽഡിഎഫ് സർക്കാർ**
2020 കൊച്ചി—കോട്ടയം ബാർജ് സർവീസ് തുടങ്ങി

## കൊച്ചി മെട്രോ
**യുഡിഎഫ് സർക്കാർ**
2015ൽ ട്രാക്ക് ഇല്ലാതെ ഉദ്ഘാടനം
**എൽഡിഎഫ് സർക്കാർ**
2020 പണി പൂർത്തിയാക്കി. മെട്രോ ഓടിത്തുടങ്ങി, വൈറ്റിലയും കടന്ന് പേട്ടവരെ.

## ഇടമൺ– കൊച്ചി പവർ ഹൈവേ
**യുഡിഎഫ് സർക്കാർ**
2015 കോട്ടയത്ത് സ്ഥലമേറ്റെടുക്കാതെ പദ്ധതി നിലച്ചു
**എൽഡിഎഫ് സർക്കാർ**
2020 തടസ്സങ്ങൾ നീക്കി പദ്ധതി തുടങ്ങി, പൂർത്തിയാക്കി, വൈദ്യുതി എത്തിത്തുടങ്ങി

## ദേശീയപാത വികസനം
**യുഡിഎഫ് സർക്കാർ**
2015 സ്ഥലമേറ്റെടുക്കാതെ പദ്ധതി നിലച്ചു
**എൽഡിഎഫ് സർക്കാർ**
2020 പദ്ധതിക്ക് അംഗീകാരമായി, തലപ്പാടി–ചെങ്കള, ചെങ്കള – നീലേശ്വരം റീച്ചിന് അനുമതി. സ്ഥലമേറ്റെടുക്കലും വേഗത്തിൽ.

## കണ്ണൂർ വിമാനത്താവളം
**യുഡിഎഫ് സർക്കാർ**
2015 റൺവേ പോലുമില്ലാതെ ചെളിയിൽ വിമാനമിറക്കി ഉദ്ഘാടനം
**എൽഡിഎഫ് സർക്കാർ**
2020 വിമാനത്താവളം പൂർണ സജ്ജമാക്കി, വിമാന സർവീസ് തുടങ്ങി

## പാഠപുസ്തക വിതരണം
**യുഡിഎഫ് സർക്കാർ**
സ്കൂൾ അടയ്ക്കാറാകുമ്പോഴും കിട്ടാറില്ല
**എൽഡിഎഫ് സർക്കാർ**
സ്കൂൾ അടയ്ക്കുംമുമ്പേ അടുത്ത വർഷത്തേക്കുള്ള പുസ്തകവിതരണം

## പൊതുവിദ്യാലയം
**യുഡിഎഫ് സർക്കാർ**
അഞ്ചു ലക്ഷം കുട്ടികൾ കുറഞ്ഞു; ലാഭകരമല്ലാത്ത സ്കൂളുകൾ അടച്ചുപൂട്ടി
**എൽഡിഎഫ് സർക്കാർ**
അഞ്ചു ലക്ഷത്തിലധികം കുട്ടികൾ കൂടി; അടച്ചുപൂട്ടിയ സ്കൂളുകൾ ഏറ്റെടുത്തു

## കൊല്ലം ബൈപാസ്
**യുഡിഎഫ് സർക്കാർ**
20 ശതമാനം നിർമാണം മാത്രം പൂർത്തീകരിച്ചു.
**എൽഡിഎഫ് സർക്കാർ**
80 ശതാനം നിർമാണവും പൂർത്തിയാക്കി. 2019 ൽ പ്രധാനമന്ത്രി ബൈപാസ് ഉദ്ഘാടനം ചെയ്തു.

## ആലപ്പുഴ ബൈപാസ്
**യുഡിഎഫ് സർക്കാർ**
12 ശതമാനം മാത്രം പണിപൂർത്തിയാക്കി നിർമാണം നിലച്ചു.
**എൽഡിഎഫ് സർക്കാർ**
98 ശതമാനം നിർമാണവും പൂർത്തിയാക്കി. രണ്ടു മാസത്തിനുള്ളിൽ ജനങ്ങൾക്ക് തുറന്നുകൊടുക്കും.

## പാലങ്ങൾ
**യുഡിഎഫ് സർക്കാർ**
പാലാരിവട്ടം പാലം മികച്ച ഉദാഹരണം. പണമനുവദിക്കാതെ വൈറ്റില, കുണ്ടന്നൂർ പാലം നിർമാണം ഉദ്ഘാടനം ചെയ്തു.
**എൽഡിഎഫ് സർക്കാർ**
240 പാലത്തിന് ഭരണാനുമതി നൽകി. 68 എണ്ണം പൂർത്തിയാക്കി. 74 പാലത്തിന്റെ നിർമാണം പുരോഗമിക്കുകയാണ്. 98 എണ്ണത്തിനുള്ള സ്ഥലം ഏറ്റെടുത്തു.

## റോഡ്നിർമാണം
**എൽഡിഎഫ് സർക്കാർ**
കെഎസ്ടിപിയിൽ അഞ്ചുവർഷത്തിനുള്ളിൽ 929 കീലോമീറ്റർ റോഡിന്റെ നിർമാണം പൂർത്തിയാക്കും. ഇതിൽ 187.34 കിലോമീറ്റർ റോഡ് പൂർത്തിയാക്കി. 221 കിലോമീറ്റർ റോഡിന്റെ നിർമാണം പുരോഗമിക്കുകയാണ്. 521 കിലോമീറ്റർ റോഡ് നിർമാണത്തിന് പുതുതായി ഭരണാനുമതി.

## മെഡിക്കൽ കോളേജുകൾ
### ഇടുക്കി
**യുഡിഎഫ് സർക്കാർ**
ജില്ലാ ആശുപത്രിയോടു ചേർന്ന ഡിഎംഒ ഓഫീസ് ഒഴിപ്പിച്ച് മെഡിക്കൽ കോളേജ് തട്ടിക്കൂട്ടി. രണ്ടു വർഷത്തിനുള്ളിൽ മതിയായ സൗകര്യം ഒരുക്കുമെന്ന വ്യവസ്ഥയിൽ എംസിഐ അംഗീകാരം ലഭിച്ചു. ആശുപത്രി കിടക്കകൾ പോലും ഒരുക്കിയില്ല. യുഡിഎഫ് കാലത്തു തന്നെ അംഗീകാരം നഷ്ടപ്പെട്ടു. വിദ്യാർഥികൾ വഴിയാധാരമായി.
**എൽഡിഎഫ് സർക്കാർ**
വിദ്യാർഥികളെ മറ്റ് സർക്കാർ മെഡിക്കൽ കോളേജുകളിലേക്ക് മാറ്റി. മെഡിക്കൽ കോളേജിന്റെ അക്കാദമിക് ബ്ലോക്ക് പൂർത്തിയാക്കി. ആശുപത്രി, ക്വാർട്ടേഴ്സ്, ലാബ് സൗകര്യങ്ങളൊരുക്കി. എംസിഐയുടെ അംഗീകാരത്തിനായി അപേക്ഷ സമർപ്പിച്ചു.

### മഞ്ചേരി
**യുഡിഎഫ് സർക്കാർ**
മഞ്ചേരി ജില്ലാ ആശുപത്രിയെ സൗകര്യങ്ങളൊരുക്കാതെ മെഡിക്കൽ കോളേജാക്കി. എംസിഐ അഗീകാരം നഷ്ടപ്പെടുന്ന അവസ്ഥയിലായി.
**എൽഡിഎഫ് സർക്കാർ**

# തൊഴിലാളിവർഗത്തിന്റെ പ്രതീക്ഷ



ആനത്തലവട്ടം ആനന്ദൻ

സിഐടിയു രൂപീകരണത്തിനു തൊട്ടുമുമ്പുള്ള ഒരു ദശാബ്ദക്കാലവും 1970 മെയ് 30 ന് കൊൽക്കത്തയിൽ സിഐടിയു രൂപീകരിച്ചതിനുശേഷമുള്ള രണ്ടു ദശാബ്ദക്കാലവും ഇന്ത്യൻ തൊഴിലാളി വർഗം പൊരുതി നേടിയ നേട്ടങ്ങളാണ് പണിയെടുക്കുന്നവരുടെ ജീവിതത്തിൽ ഇന്ന് അനുഭവവേദ്യമായിരിക്കുന്നത്.

അസംഘടിത മേഖല, സംഘടിത മേഖല, പൊതുമേഖല, സ്വകാര്യമേഖല, സർവീസ് മേഖല വ്യത്യാസമില്ലാതെ സമസ്തമേഖലകളിലും അധ്വാനിക്കുന്നവരുടെ ഉയർത്തെഴുന്നേൽപ്പ് നാം കാണുകയുണ്ടായി. അധ്വാനശക്തിയുടെ വാങ്ങൽ ശേഷി വർധിച്ചത് സാമൂഹ്യ പുരോഗതിക്ക് കളമൊരുക്കി, കാർഷിക, വ്യാവസായിക, വ്യാപാര മേഖലകളുടെ വളർച്ചയ്ക്ക് അവിഭാജ്യഘടകമായിരുന്നു തൊഴിലാളികളുടെ വാങ്ങൽ കഴിവ്.

സമൂഹത്തിൽ അധ്വാനിച്ച് വരുമാനം ഉണ്ടാക്കി ജീവിക്കുന്നവരാണ് മഹാഭൂരിപക്ഷവും. അവരുടെ അധ്വാനത്തിനും വരുമാനത്തിനും സഹായിക്കുന്ന, ഒപ്പം നിൽക്കുന്ന പ്രവൃത്തിയാണ് സിഐടിയു രൂപീകരണത്തോടെ തൊഴിലാളി യൂണിയനുകൾ മുഖ്യകടമയായി സ്വീകരിച്ചത്. അത് സമൂഹത്തിൽ ചെലുത്തിയ സ്വാധീനമാണ് അടിയന്തരാവസ്ഥയ്ക്കു ശേഷം കേരളത്തിൽ 1980 ൽ എൽഡിഎഫിനെ അധികാരത്തിലേറ്റാനും ഇന്ത്യയിൽ ആദ്യമായി മണ്ണിൽ പണിയെടുക്കുന്ന കർഷകത്തൊഴിലാളിക്ക് പെൻഷൻ നൽകാനുള്ള പദ്ധതി നടപ്പാക്കാനും കഴിഞ്ഞത്.

കേരളത്തിൽ ചെറിയ ചെറിയ യൂണിയനുകളെ സജീവമാക്കാനും തൊഴിലാളികളുടെ അവകാശങ്ങൾ നേടാനുള്ള സമരായുധമായി സംഘടനയെ വർഗബോധാടിസ്ഥാനത്തിൽ സംഘടിപ്പിക്കാനും ശ്രമിച്ചതോടെ ഒരേ സ്വഭാവമുള്ള വ്യവസായങ്ങളിലെ തൊഴിലാളി യൂണിയനുകളുടെ ഫെഡറേഷനുകളോ കോഓർഡിനേഷൻ കമ്മിറ്റികളോ രൂപീകരിച്ചുകൊണ്ട് പ്രാദേശിക തലം മുതൽ സംസ്ഥാനതല ഫെഡറേഷനുകളും രൂപീകരിക്കാൻ തീരുമാനിച്ചു. തൊഴിലാളികളുടെ കഷ്ടപ്പാടും ദുരിതങ്ങളും ചൂഷണത്തിന്റെ തോതും പഠിക്കാനും, അത് തൊഴിലാളികളെ പഠിപ്പിക്കാ

---

അംഗീകാരം നിലനിർത്താൻ ആവശ്യമായ തസ്തികകൾ അനുവദിച്ചു. അടിസ്ഥാന സൗകര്യമൊരുക്കി. ഉപകരണങ്ങൾ സ്ഥാപിച്ചു. വിദ്യാർഥികൾക്കുള്ള ഹോസ്റ്റൽ നിർമാണം പുരോഗമിക്കുന്നു. എംബിബിഎസിന് സ്ഥിരാംഗീകാരം ലഭ്യമാക്കി. പി ജി കോഴ്സ് ഉടൻ തുടങ്ങും.

## കോന്നി

**യുഡിഎഫ് സർക്കാർ**

പ്രഖ്യാപനം മാത്രം.

**എൽഡിഎഫ് സർക്കാർ**

ആശുപത്രി ബ്ലോക്ക് പൂർത്തിയാക്കി. അക്കാദമിക് ബ്ലോക്ക് പൂർത്തിയാകുന്നു. രണ്ടാംഘട്ട നിർമാണത്തിനുള്ള ഫണ്ടിന് സർക്കാർ അനുമതി നൽകി കിഫ്ബി മുഖേന ഫണ്ട് നൽകും. കോളേജിനായി പ്രിൻസിപ്പലിനെ നിയമിച്ചു.

## പാരിപ്പള്ളി

**യുഡിഎഫ് സർക്കാർ**

കൊല്ലം പാരിപ്പള്ളി മെഡിക്കൽ കോളേജിന്റെ ഇഎസ്ഐ കെട്ടിടം ഏറ്റെടുത്തു. മറ്റൊന്നും ചെയ്തില്ല.

**എൽഡിഎഫ് സർക്കാർ**

മെഡിക്കൽ കോളേജിന് ആവശ്യമായ സൗകര്യവും ഉപകരണങ്ങളും ഒരുക്കി. ആവശ്യമായ തസ്തിക സൃഷ്ടിച്ചു. 100 എംബിബിഎസ് സീറ്റുകൾക്ക് അംഗീകാരം നേടി. ഇപ്പോൾ മൂന്ന് ബാച്ച് വിദ്യാർഥികൾക്ക് പ്രവേശനം ലഭിച്ചു.

## കാസർകോട്

**യുഡിഎഫ് സർക്കാർ**

പ്രഖ്യാപനം മാത്രം.

**എൽഡിഎഫ് സർക്കാർ**

അക്കാദമിക് ബ്ലോക്ക് പൂർത്തിയാക്കി. അവിടെ അതിനൂതന കോവിഡ് ആശുപത്രി സജ്ജമാക്കി. ആശുപത്രി ബ്ലോക്ക് ഉടൻ പൂർത്തിയാക്കും. കോളേജിനായി 273 തസ്തിക സൃഷ്ടിച്ചു.

## കണ്ണൂർ പരിയാരം

**യുഡിഎഫ് സർക്കാർ**

ഒന്നും ചെയ്തില്ല

**എൽഡിഎഫ് സർക്കാർ**

മെഡിക്കൽ കോളേജിനെ പൂർണമായും ഏറ്റെടുത്ത് സർക്കാർ മെഡിക്കൽ കോളേജാക്കി.

## എറണാകുളം

**യുഡിഎഫ് സർക്കാർ**

മെഡിക്കൽ കോളേജ് ഏറ്റെടുത്തു. മറ്റൊന്നും ചെയ്തില്ല.

**എൽഡിഎഫ് സർക്കാർ**

മികച്ച സൗകര്യങ്ങളൊരുക്കി. സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ പുതിയ തസ്തിക സൃഷ്ടിച്ച് പ്രവർത്തനം ആരംഭിച്ചു. ജീവനക്കാരെ റെഗുലറൈസ് ചെയ്തു. 368 കോടി ചെലവിൽ സൂപ്പർ സ്പെഷ്യാലിറ്റി കെട്ടിടം പൂർത്തിയാകുന്നു. മെഡിക്കൽ കോളേജിലെ നിപാ, കോവിഡ് ചികിത്സകൾ ലോകശ്രദ്ധ നേടി. ●

നും ശേഷിയുള്ള കേഡർമാരെ കണ്ടെത്തി അവർക്ക് പരിശീലനം നൽകി ജില്ലാതല യൂണിയൻ നേതൃത്വത്തിലേക്കും സംസ്ഥാനതല നേതൃത്വത്തിലേക്കും നിയോഗിക്കപ്പെട്ടു. കയർ കൈത്തറി വ്യവസായങ്ങളിൽ ചിന്നിച്ചിതറിക്കിടന്ന തൊഴിലാളികളെ കോർത്തിണക്കി 1971 ലെ കേരളാ കയർ വർക്കേഴ്സ് സെന്ററിന്റെ രൂപീകരണവും കേരള സംസ്ഥാന കൈത്തറി കൗൺസിലും സംസ്ഥാന ചുമട്ടുതൊഴിലാളി ഫെഡറേഷൻ, മത്സ്യത്തൊഴിലാളി ഫെഡറേഷൻ ഇവയെല്ലാം രൂപീകരിക്കാനുള്ള നേതൃത്വം സിഐടിയു നൽകി. കാഷ്യൂ സെന്ററിന്റെ രൂപീകരണവും ഈ സാഹചര്യത്തിലാണ്.

ന്യായമായ ആവശ്യങ്ങൾക്കുവേണ്ടിയുള്ള സമരങ്ങൾ ഏതറ്റംവരെയും കൊണ്ടുപോകാൻ ഭീഷണിക്കും മർദനത്തിനും സമ്മർദത്തിനും സ്വാധീനത്തിനും വഴങ്ങാതെ സിഐടിയു നിലപാട് സ്വീകരിച്ചു. 1973 ൽ വാഴമുട്ടത്ത് അമ്മു രക്തസാക്ഷിത്വം വരിക്കാനിടയായ മിനിമം കൂലിക്കും, തൊണ്ടു തല്ലുയന്ത്രത്തിനെതിരായുമുള്ള സമരം തൊണ്ടുവില നിയന്ത്രിക്കാനുള്ള സമരം. ഇതേ തുടർന്ന് വാഴമുട്ടം മുതൽ കാസർകോട് വരെയുള്ള സിഐടിയു നേതൃത്വത്തിലുള്ള ജാഥ കയർ തൊഴിലാളികളെ ഒരു ചരടിൽ കോർത്തിണക്കി.

CITU
1970-2020
Continuing the legacy of 100 years of struggles and sacrifices
50 years of fight for class unity

ചെത്ത് തൊഴിലാളികൾ നേരത്തെ തന്നെ സുസംഘടിതമായ ട്രേഡ് യൂണിയൻ പ്രവർത്തനം തുടങ്ങിയിരുന്നു. സംസ്ഥാനത്താകെയുള്ള യൂണിയനുകളുടെ ഒരു ഫെഡറേഷൻ രൂപീകരിച്ചു. നിർമാണത്തൊഴിലാളികളേയും ആർട്ടിസാൻ തൊഴിലാളികളേയും പീടികകളിലും വഴിയോരക്കടകളിലും പണിയെടുക്കുന്നവരേയും കേന്ദ്രീകൃത സംഘടനാ പ്രവർത്തനത്തിലേക്ക് സിഐടിയു നയിച്ചു. മദ്യവ്യവസായ തൊഴിലാളി ഫെഡറേഷൻ, പ്ലാന്റേഷൻ ഫെഡറേഷൻ, ഖാദി തൊഴിലാളി ഫെഡറേഷൻ എന്നിവയും രൂപീകരിക്കപ്പെട്ടു. ഇതോടൊപ്പം വ്യവസായ മേഖലയിൽ സംസ്ഥാനതല യൂണിയനുകളും തുടങ്ങി. സിഐടിയുവിന്റെ പിന്തുണ, സമരങ്ങളുടെ പിന്നിൽ ഇതര വിഭാഗം തൊഴിലാളികളെക്കൂടി അണിനിരത്താനും ആത്മവിശ്വാസം ജനിപ്പിക്കാനും സഹായിച്ചു.

ഭരണവർഗത്തിന്റെ താൽപ്പര്യം സംരക്ഷിക്കാൻ, ജനാധിപത്യാവകാശങ്ങൾ തൊഴിലാളികൾക്കും സംഘടനകൾക്കും നൽകിക്കൊണ്ടാകില്ലെന്ന ചിന്ത ഭരണാധികാരികളിൽ രൂപം കൊണ്ടു. അതിന്റെ പ്രതിഫലനമാണ് ജനാധിപത്യാവകാശങ്ങൾ കശാപ്പു ചെയ്തുകൊണ്ടുള്ള 1975 ജൂൺ 26 ലെ അടിയന്തരാവസ്ഥ പ്രഖ്യാപനം 'നാവടക്കൂ പണിയെടുക്കൂ' പണിമുടക്കിനും സമരത്തിനും നിരോധനം, ജാഥ പാടില്ല, യോഗം പാടില്ല, മുദ്രാവാക്യം വിളിക്കരുത് ജനാധിപത്യ പൗരാവകാശങ്ങൾ കശാപ്പു ചെയ്തു. ആയിരക്കണക്കിന് പ്രവർത്തകരെ തടവറയിലാക്കി.

സിഐടിയു രൂപീകരിച്ചപ്പോൾ തന്നെ നാം ഉയർത്തിയ സന്ദേശം തൊഴിലാളി വർഗത്തിന്റെ ഐക്യമായിരുന്നു. ഏതു ജാതിയിലോ മതത്തിലോ പെട്ടവരാകട്ടെ, അവരുടെ രാഷ്ട്രീയം എന്തുമായിക്കൊള്ളട്ടെ, അവർ വിശ്വാസിയോ അവിശ്വാസിയോ ആരുമാകട്ടെ! പണിയെടുക്കുന്നവർ എന്ന നിലയിൽ അവർ ഒരു വർഗമാണ്, തൊഴിലാളി വർഗം. അവരുടെ ഐക്യമാണ് പ്രധാനം. മുതലാളിമാർ തൊഴിലാളികളെ ചൂഷണം ചെയ്യുന്നതിന് ഒരു മനസ്സാണ്. പരമാവധി ലാഭമാണ് അവരുടെ ലക്ഷ്യം.

സിഐടിയു രൂപീകരണം കഴിഞ്ഞ് രണ്ടുദശാബ്ദം പിന്നിടുമ്പോൾ 1990 ൽ നവലിബറൽ നയം, സ്വകാര്യവൽക്കരണ ഉദാരവൽക്കരണ നയം മുതലാളിത്ത രാജ്യങ്ങൾ നടപ്പാക്കി തുടങ്ങി. ജോലി സ്ഥിരത നഷ്ടപ്പെടുന്നു. കരാർ ജോലിക്കാർ, ദിവസ വേതനക്കാർ, പദ്ധതി തൊഴിലാളികൾ, അപ്രന്റീസ്, ട്രയിനീസ്, അഡ്വൈസർ എന്നീ ഓമനപ്പേരുകളിൽ സ്ഥിരം നിയമനം ലഭിക്കുന്ന തൊഴിലാളികൾക്കു ലഭിക്കുന്ന ശമ്പളത്തിന്റെ മൂന്നിലൊന്നോ, നാലിലൊന്നോ നൽകി നിയമിക്കുന്നു. തൊഴിലുടമയ്ക്ക് തോന്നുമ്പോൾ പറഞ്ഞയക്കുന്നു.

1948 ൽ പ്രാബല്യത്തിൽ വന്ന ഫാക്ടറീസ് ആക്ടിലെ 51–ാം വകുപ്പ് പ്രകാരം ഒരു തൊഴിലാളിയെ ആഴ്ചയിൽ 48 മണിക്കൂറിൽ കൂടുതൽ പണിയെടുപ്പിക്കരുതെന്ന് വ്യവസ്ഥ ചെയ്യുന്നു. ഓവർ ടൈമിന് ഇരട്ടി വേതനം നൽകണം. അതിനെ അട്ടിമറിച്ച് ദിവസം 8 മണിക്കൂറിനു പകരം 12 മണിക്കൂർ പണിയെടുക്കാൻ വ്യവസ്ഥ കൊണ്ടുവരികയാണ്. അമേരിക്കൻ പ്രസിഡന്റ് റീഗൺ തുടങ്ങിവച്ച നവ ഉദാരവൽക്കരണ ക്രൂരതയുടെ ഈ ചിന്താ പദ്ധതി എല്ലാ മേഖലയിലും അനിയന്ത്രിതമായി വളർന്നു കഴിഞ്ഞു. ഗവണ്മെന്റാണ്, അധികാരമാണ് പ്രശ്നം. അതിന് വൻകിട മുതലാളിമാരുടെയും കോർപറേറ്റുകളുടെയും സമ്പത്തും സഹായവും വേണം. അപ്പോൾ അവരുടെ സമ്പത്ത് വർധിപ്പിക്കാനുള്ള നയങ്ങൾക്കും നടപടികൾക്കും ഒപ്പം നിന്നേ പറ്റൂ. ആ നയമാണ് 3 ദശാബ്ദകാലമായി നടപ്പാക്കി വരുന്നത്. അതിന്റെ തിക്തഫലം ലോകമെങ്ങുമുള്ള തൊഴിലാളികൾ അനുഭവിക്കുകയാണ്.

ഈ നയത്തിനെതിരായ പോരാട്ടമാണ് സിഐടിയു ഇന്ത്യൻ തൊഴിലാളി വർഗത്തോട് ആവശ്യപ്പെടുന്നത്. നമ്മുടെ വർഗത്തെപ്പറ്റി മാർക്സ് പറഞ്ഞ ഒരു വാചകം കുറിച്ചുകൊണ്ട് നിർത്തുന്നു. ''തൊഴിലാളി വർഗം സമൂഹത്തിന്റെ മുഴുവൻ വിമോചന ശക്തിയാണ്'' ആ ഓർമ പുതുക്കുന്നതാകട്ടെ മെയ് 30. ●

# കേരള മാതൃക സാമൂഹ്യാവബോധത്തിന്റെ സൃഷ്ടി

രാഷ്ട്രം-രാഷ്ട്രീയം

കെ പത്മനാഭൻ

**കൊ**റോണ മഹാമാരി ഇന്ത്യയിൽ ആദ്യം പടർന്ന കേരളത്തിൽ ഒരു പരിധി വരെ അതിനെ പിടിച്ചുകെട്ടാൻ നമുക്കായിട്ടുണ്ട്. പിണറായി സർക്കാർ ലോകത്തിന് മാതൃകയെന്ന് ലോക നേതാക്കളും മാധ്യമങ്ങളും അംഗീകരിക്കുന്നു. ഏറ്റവും സുരക്ഷിത സ്ഥലം കേരളമാണെന്ന് അവർ വിലയിരുത്തുന്നു. എന്നാൽ, രോഗബാധ അധികമുള്ള വിദേശരാജ്യങ്ങളിലെ തൊഴിലിടങ്ങളിൽ നിന്നും തിരിച്ചെത്തുന്നവരുടെ സംഖ്യ വളരെയുള്ള കേരളത്തിന് വലിയ കരുതൽ വേണ്ട സാഹചര്യമാണുള്ളത്. അതിനുള്ള നടപടികൾ സർക്കാരും ജനങ്ങളും സംയുക്തമായി മുന്നോട്ടുകൊണ്ടുപോകുന്ന രീതിയെ നമുക്ക് വിലയിരുത്താം.

## നിസ്സാരവൽക്കരിക്കുന്ന മുതലാളിത്ത മോഡൽ

കോവിഡ് ബാധയോട് അമേരിക്കൻ പ്രസിഡണ്ട് ട്രംപും നമ്മുടെ പ്രധാനമന്ത്രി മോഡിയും നിസ്സാരമായ സമീപനമാണ് സ്വീകരിച്ചത്. വൈറസ് ബാധ ഉണ്ടായശേഷം ആഴ്ചകളോളം കരുതൽ നടപടികൾ സ്വീകരിക്കാതെ കണ്ണടച്ചിരിക്കുകയായിരുന്നു ഇന്ത്യൻ ഭരണകൂടം.അമേരിക്കയുടെ കൊട്ടിഘോഷിക്കുന്ന പുരോഗമന സ്വഭാവത്തിന്റെ പൊള്ള കോവിഡ് ബാധയ്ക്ക് മുന്നിൽ തെളിയിക്കപ്പെടുന്നുണ്ട്. അവിടത്തെ ആരോഗ്യമേഖലയ്ക്ക് ജനകീയ ബന്ധമില്ലായ്മയാണ് കുഴപ്പം. മുതലാളിയ്ക്ക് അതല്ലല്ലോ താല്പര്യം.

മോഡി 18 കൊല്ലം മുഖ്യമന്ത്രിയായിരുന്ന ഗുജറാത്തിന്റെ സ്ഥിതിയും അതീവ ദയനീയമാണ്. ഗുജറാത്ത് ഒരു മുങ്ങിയ കപ്പലാണെന്ന് അവിടത്തെ ഹൈക്കോടതി വിമർശിച്ചത് ശ്രദ്ധേയമാണ്. മോഡി പണിത ഗുജറാത്തിന്റെ അടിത്തട്ട് എങ്ങനെയാണെന്ന് ഇത് തെളിയിക്കുന്നു.

## കേരളത്തിന്റെ കോവിഡ് അതിജീവനം

ഇടതുപക്ഷം കെട്ടിപ്പൊക്കിയ കേരള മാതൃകയുടെ മഹത്വമാണ് കോവിഡ് കാലത്ത് കാണുന്നതെന്ന് ചിന്തകനും എഴുത്തുകാരനുമായ രാമചന്ദ്ര ഗുഹ ഉയർത്തിക്കാട്ടുന്നു.

കേരള മോഡലിന്റെ മുഖമുദ്ര ശാസ്ത്രീയത, സുതാര്യത, അധികാരവികേന്ദ്രീകരണം, സാമൂഹ്യ സമത്വം എന്നിവയാണെന്ന് രാമചന്ദ്ര ഗുഹ പറയുന്നു. സ്ത്രീകൾ ഉൾപ്പെടെയുള്ളവർ വിദ്യാഭ്യാസരംഗത്ത് ഉണ്ടാക്കിയ നേട്ടമാണ് കേരളത്തിന്റെ സവിശേഷത. ഈ ജനിതകത്തിന്റെ സൃഷ്ടിയായ സാമൂഹ്യബോധമാണ് ഒരുമിച്ച് ചിന്തിക്കാനുള്ള അന്തരീക്ഷവും ആവേശവും സൃഷ്ടിക്കുന്നത്. ഇത് തെളിയിക്കുന്ന ഉദാഹരണങ്ങൾ അനവധിയാണ്. പ്രശ്നസങ്കീർണ്ണമായ കാലമായതിനാൽ പൊതു അടുക്കളകൾ വേണമെന്നും പാവങ്ങൾക്ക് ഭക്ഷണം കൊടുക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞത് കേട്ട് പിറ്റേദിവസം തന്നെ സംസ്ഥാനത്ത് ആയിരം അടുക്കളകൾ തുടങ്ങിയത് ശ്രദ്ധേയമാണ്. സന്നദ്ധ പ്രവർത്തനം അത്യാവശ്യമാണെന്ന് ചൂണ്ടിക്കാണിച്ചപ്പോൾ ഉടൻതന്നെ മൂന്നുലക്ഷം യുവാക്കൾ പേര് രജിസ്റ്റർ ചെയ്തതും ഓർക്കുക. ഇത്തരം പ്രതികരണം കേരളത്തിൽ നിന്ന് മാത്രമേ പ്രതീക്ഷിക്കാനാവൂ.

ഈ ഏകോപിത ഗതി പ്രശ്നങ്ങളെ നേരിടാൻ കേന്ദ്രത്തിന്റെ ഏകാധിപത്യ ചിന്തയേക്കാൾ എത്രയോ മഹത്തരമാണെന്നതാണ് കേരളം കാണിച്ചുകൊടുക്കുന്നത്. അതാണ് കേരളത്തിന്റെ കോവിഡ് അതിജീവന പാഠം ഉൾക്കൊള്ളുന്നത്.

## സുഭിക്ഷ കേരളം പദ്ധതി

കാര്യങ്ങൾ മുൻകൂട്ടി കണ്ട് പദ്ധതികൾ ആവിഷ്കരിക്കുന്നതാണ് ബുദ്ധിപരമായ കാര്യം. അങ്ങനെയാണ് കേരളം മുന്നിൽ പോകുന്നത്. ഇത് കോർപ്പറേറ്റ് പക്ഷക്കാരായ ട്രംപിനും മോഡിക്കും സാധിക്കില്ല. കോവിഡ് കാലം തകർത്ത സാമൂഹ്യവ്യവസ്ഥയ്ക്ക് പ്രതിവിധി എന്ത് വേണമെന്ന് ചിന്തിച്ച് പദ്ധതികളിട്ടു കഴിഞ്ഞു കേരളം. കാർഷിക രംഗം തകരുന്നത് പട്ടിണിയിലേക്കും തൊഴിലില്ലായ്മയിലേക്കും തള്ളിയിടുമെന്നതിനാൽ അതിനെ മറികടക്കാനാണ് സുഭിക്ഷ കേരളം പദ്ധതി.




കേരളത്തിലെ കാർഷിക വരുമാനത്തിന്റെ പകുതി നാണ്യവിളകളിൽ നിന്നാണ്. അതിന്റെ വില നിശ്ചയിക്കുന്നതാകട്ടെ ലോക കമ്പോളമാണ്. അവിടെ 35 ശതമാനം വരെ വിലയിടിവുണ്ട്. ആ നഷ്ടം പരിഹരിക്കാൻ ഭക്ഷ്യധാന്യങ്ങൾ, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ എന്നിവ കൃഷി ചെയ്തും, പക്ഷികൾ, മൃഗങ്ങൾ, മത്സ്യം എന്നിവയുടെ സംയോജിത കൃഷിയിലൂടെ പരമാവധി പരിഹാരം തേടലുമാണ് സുഭിക്ഷ കേരളം പദ്ധതി. തരിശുഭൂമി ഇല്ലാതാക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനം, ഭൂവുടമ, കൃഷി ചെയ്യാൻ തയ്യാറാകുന്ന കൂട്ടായ്മകൾ ഈ

(ശേഷം പേജ് 11ൽ)



# കൊറോണ വൈറസ് (കോവിഡ് 19)

ഡോ. പി.കെ.ജമീല

ഇന്ന് ലോകം മുഴുവൻ ആശങ്കയോടെ കാണുന്ന രോഗമാണ് കൊറോണ വൈറസ് കൊണ്ടുണ്ടാകുന്ന കോവിഡ് 19. ലോകാരോഗ്യ സംഘടന ഈ രോഗത്തെ ഒരു 'പാൻഡമിക്' അഥവാ ലോകം മുഴുവൻ വ്യാപിക്കാൻ സാദ്ധ്യതയുള്ള രോഗമായി പ്രഖ്യാപിച്ചു കഴിഞ്ഞു. 145–ൽ പരം ലോക രാജ്യങ്ങളിൽ ഇതിനോടകം കോവിഡ് 19 വ്യാപിച്ചുകഴിഞ്ഞു. ഒന്നര ലക്ഷത്തിൽ അധികം കേസുകളും ആറായിരത്തിൽ കൂടുതൽ മരണവും റിപ്പോർട്ട് ചെയ്തുകഴിഞ്ഞു.

## എന്താണ് കൊറോണ വൈറസ്?

പ്രധാനമായും പക്ഷിമൃഗാദികളിൽ രോഗങ്ങളുണ്ടാക്കുന്ന ഒരു കൂട്ടം RNA വൈറസുകളാണ് കൊറോണ എന്നറിയപ്പെടുന്നത്. കിരീടാകൃതിയാണ് ഈ പേര് ലഭിക്കാൻ കാരണം. 2002–2003 കാലഘട്ടത്തിൽ ചൈനയിൽ തുടങ്ങി സമീപ രാജ്യങ്ങളിൽ പടർന്ന് പിടിച്ച SARS (സഡൻ അക്യൂട്ട് റെസ്പിറേറ്ററി സിൻഡ്രോം), 2012–ൽ ഗൾഫ് രാജ്യങ്ങളിൽ പിടിക്കപ്പെട്ട MERS (മിഡിൽ ഈസ്റ്റ് റെസ്പിറേറ്ററി സിൻഡ്രോം) എന്നിവ കൊറോണ കുടുംബത്തിലെ രണ്ട് വൈറസുകൾ മൂലം ഉണ്ടായതാണ്. ഈ രണ്ട് രോഗങ്ങൾ മൂലം ഏകദേശം പതിനയ്യായിരത്തിൽ അധികം ആളുകൾ മരണപ്പെടുകയുണ്ടായി.

കൊറോണ കുടുംബത്തിലെ പുതിയ വൈറസ് ആണ് നോവൽ കൊറോണ എന്ന് തുടക്കത്തിൽ അറിയപ്പെടുകയും, ഇപ്പോൾ കോവിഡ് 19 എന്ന് നാമകരണം ചെയ്തിട്ടുള്ളതുമായ രോഗം. ചൈനയിലെ ഹൂബെ പ്രവിശ്യയിൽ വൂഹാൻ പട്ടണത്തിൽ 2019 ഡിസംബർ മാസത്തിലാണ് ഈ രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടത്. പിന്നീട് ചൈന മുഴുവൻ വ്യാപിക്കുകയും ക്രമേണ ലോകരാജ്യങ്ങൾ ഒന്നൊന്നായി കോവിഡ് കീഴടക്കാൻ തുടങ്ങി. ഇന്ന് ഇന്ത്യയും കേരളവുമടക്കം നമ്മുടെ കൈയെത്തും ദൂരത്ത് കോവിഡ് വൈറസ് ഉണ്ട്.

## എങ്ങനെയാണ് ഈ രോഗം പകരുന്നത് എന്ന് നോക്കാം:

ഒരു വ്യക്തിയിൽ രോഗാണു പ്രവേശിച്ചാൽ 5 – 14 ദിവസം കഴിയുമ്പോഴാണ് രോഗലക്ഷണങ്ങൾ പ്രകടമാവുക. എന്നാൽ ഈ കാലഘട്ടത്തിൽ രോഗിക്ക് മറ്റൊരാൾക്ക് രോഗം പകർന്ന് നൽകാൻ സാധിക്കും. രോഗാണുവാഹകരായ വ്യക്തിയോ രോഗിയോ ചുമക്കുമ്പോഴും തുമ്മുമ്പോഴും ലക്ഷക്കണക്കിന് രോഗാണുക്കൾ വായിൽ കൂടിയും മൂക്കിൽ കൂടിയും ചെറുസ്രവകണങ്ങളിലൂടെ പുറത്തുപോകുന്നു. ഇത് ഏകദേശം ഒരുമീറ്റർ ചുറ്റളവിൽ വരെ എത്തുമെന്നാണ് കണക്കാക്കുന്നത്. അപ്പോൾ ഒരു മീറ്ററിനുള്ളിൽ നിൽക്കുന്നവർക്ക് രോഗം പകരാനുള്ള സാദ്ധ്യത വളരെ കൂടുതലാണ്. രോഗിയെ നേരിട്ട് സ്പർശിക്കുമ്പോഴും രോഗാണു സ്രവങ്ങൾ ഉള്ള പ്രതലങ്ങളിൽ സമ്പർക്കം ഉണ്ടാകുമ്പോഴും രോഗം മറ്റൊരാൾക്ക് വരാൻ സാദ്ധ്യതയേറെയാണ്. പ്രതലത്തിന്റെ പ്രത്യേകതയും ഈർപ്പവും അനുസരിച്ച് 3 മണിക്കൂർ മുതൽ 3 – 4 ദിവസം വരെ വൈറസിന് നിലനിൽക്കാമെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു.

## എന്തെല്ലാമാണ് രോഗലക്ഷണങ്ങൾ?

പനി, വരണ്ട ചുമ, തൊണ്ട വേദന, ശ്വാസതടസ്സം, ക്ഷീണം, ശരീര വേദന, തലവേദന, വയറിളക്കം, മൂക്കടപ്പ് തുടങ്ങി ഏതൊരു വൈറൽ പനിക്കും ഉണ്ടാകുന്ന രോഗലക്ഷണങ്ങൾ തന്നെയാണ് കോവിഡ് 19നും ഉള്ളത്. കോവിഡ് അണുബാധയുള്ള രാജ്യങ്ങളിൽ നിന്ന് വന്ന ഒരു വ്യക്തിക്ക് പനിയോടൊപ്പം ചുമ, ശ്വാസതടസ്സം അല്ലെങ്കിൽ വയറിളക്കം ഇവയിൽ ഏതെങ്കിലും ഒന്ന് ഉണ്ടെങ്കിൽ കോവിഡ് ബാധയുണ്ടോ എന്ന് സംശയിക്കാം. കൂടാതെ കോവിഡ് ബാധ സ്ഥിരീകരിച്ച രോഗിയുമായി അടുത്ത ബന്ധം പുലർത്തിയവർക്കും രോഗബാധ സംശയിക്കാം.

രോഗം ബാധിച്ചവരിൽ 83% പേരും ഒരു സാധാരണ വൈറൽ പനി പോലെ രോഗമുക്തി നേടുന്നതാണ്. ബാക്കിയുള്ളവർക്ക് ശ്വാസകോശ ന്യൂമോണിയ, വൃക്ക തകരാർ, ഗുരുതരമായ വയറിളക്കം തുടങ്ങിയ രോഗങ്ങളുണ്ടാവുകയും ആശുപത്രിയിൽ കിടത്തി ചികിത്സിക്കേണ്ടിയും വരും. പ്രമേഹം, രക്താതിമർദ്ദം, കാൻസർ, ദീർഘകാല ശ്വാസകോശ രോഗങ്ങൾ, 60 വയസ്സിനു മുകളിൽ പ്രായമുള്ളവർ തുടങ്ങി പ്രതിരോധശേഷി കുറഞ്ഞവരിലാണ് രോഗം സാധാരണ മൂർച്ഛിക്കുന്നത്. SARS, MERS തുടങ്ങിയ കൊറോണ രോഗങ്ങളെ അപേക്ഷിച്ച് കോവിഡ്–19ന് മരണ നിരക്ക് കുറവാണെങ്കിലും രാജ്യങ്ങൾ തമ്മിൽ മരണ നിരക്കിലും വ്യത്യാസമുണ്ട്. ചൈനയിൽ 2% ആണെങ്കിൽ ഇറ്റലിയിലും ഇറാനിലും കൂടുതൽ മരണ നിരക്ക് രേഖപ്പെടുത്തുന്നുണ്ട്. നിലവിൽ കൊറോണ വൈറസിന് എതിരെ ഫലപ്രദമായ മരുന്ന്, വാക്സിൻ എന്നിവ ലഭ്യമല്ല. വിവിധ രാജ്യങ്ങളിൽ ശാസ്ത്രജ്ഞർ ഇവ കണ്ടുപിടിക്കുന്നതിനായി കഠിന പരിശ്രമത്തിലാണ്. മറ്റു വൈദ്യശാസ്ത്ര മേഖലകളിലും കൊറോണ വൈറസ് രോഗ ചികിത്സയ്ക്ക് ഫലപ്രദമായ മരുന്നുകൾ ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടില്ല. രോഗ ലക്ഷണങ്ങളുടെ അടിസ്ഥാനത്തിലാണ് ചികിത്സ ഇപ്പോൾ നൽകുന്നത്.

## രോഗ നിർണ്ണയം

രോഗിയുടെ സ്രവങ്ങൾ, രക്തം, മൂത്രം എന്നിവയുടെ പരിശോധന വഴി രോഗം നിർണ്ണയിക്കാൻ സാധിക്കും. എന്നാൽ

ഇപ്പോൾ രോഗിയുടെ തൊണ്ടയിലെ സ്രവമാണ് പരിശോധനയ്ക്ക് എടുക്കുന്നത്. RTPCR എന്ന അതിസങ്കീർണ്ണമായ ഒരു പരിശോധനയിലാണ് വൈറസിന്റെ സാന്നിദ്ധ്യം കണ്ടെത്തുന്നത്. തുടക്കത്തിൽ പൂനയിൽ ഉള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയിൽ ആയിരുന്നു പരിശോധന നടത്തിയിരുന്നത്. ഇപ്പോൾ കേരളത്തിൽ ആലപ്പുഴ വൈറോളജി ലാബ്, തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ ഈ പരിശോധനയ്ക്ക് സൗകര്യം ഒരുക്കിയിട്ടുണ്ട്.

ഇന്ത്യയിൽ ആദ്യമായി നമ്മുടെ സംസ്ഥാനമാണ് വുഹാനിയിൽ നിന്നെത്തിയ 3 മെഡിക്കൽ വിദ്യാർത്ഥികൾക്ക് രോഗം കണ്ടെത്തിയത്. അവരിൽ നിന്ന് അണുബാധ ആർക്കും പകരാതെ രക്ഷിച്ചെടുക്കാൻ നമുക്ക് കഴിഞ്ഞു. രണ്ടാം ഘട്ടത്തിൽ കേരളത്തിൽ 20–നു മുകളിൽ രോഗികളെ കണ്ടെത്തിയിട്ടുണ്ട്. അവരെല്ലാം അണുബാധയുള്ള രാജ്യങ്ങളിൽ യാത്രചെയ്തവരും രോഗികളുമായി നേരിട്ട് സമ്പർക്കം ഉള്ളവരുമാണ്. ആയതിനാൽ സമൂഹ വ്യാപനം ഉണ്ടായിട്ടില്ലായെന്ന് നമുക്ക് അനുമാനിക്കാം.

## സമൂഹ വ്യാപനം തടയാൻ അല്ലെങ്കിൽ കുറയ്ക്കാൻ നമുക്ക് എന്തൊക്കെ ചെയ്യാൻ കഴിയുമെന്ന് നോക്കാം

രോഗത്തെക്കുറിച്ച് ഓരോ വ്യക്തിയും ശരിയായ അവബോധം നേടുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ് സമൂഹത്തിൽ രോഗവ്യാപനം തടയാനുള്ള ഏറ്റവും വലിയ ആയുധം. കോവിഡ് 19–ന്റെ വ്യാപനം തടയാൻ സംസ്ഥാന സർക്കാർ break the chain campaign നടത്തുകയാണ്. അതായത് വ്യക്തികൾ തമ്മിലുള്ള വൈറസ് ചംക്രമണം തടയുക എന്നതാണ് ഉദ്ദേശിക്കുന്നത്. എല്ലാവരും സോപ്പും വെള്ളവും അല്ലെങ്കിൽ hand sanitizer ഉപയോഗിച്ചോ ഫലപ്രദമായി കൈകൾ കഴുകുക. ഇത് വീട്ടിൽ മാത്രമല്ല ഓഫീസുകൾ, സ്ഥാപനങ്ങൾ, പൊതു ഇടങ്ങൾ തുടങ്ങി ജനങ്ങൾ വരാൻ സാധ്യതയുള്ള എല്ലായിടത്തും നടത്തേണ്ടതാണ്. കൂടെക്കൂടെ കൈകഴുകുക എന്നത് ഒരു ശീലമാക്കുക. ചുമക്കുകയോ, തുമ്മുകയോ ചെയ്യുമ്പോൾ മൂക്കും വായും ഒരു തൂവാല ഉപയോഗിച്ച് മറച്ച് പിടിക്കേണ്ടത് അത്യാവശ്യമാണ്. ആവശ്യമില്ലാതെ കൈകൾ മുഖത്ത് തൊടാതെയിരിക്കാൻ ശ്രദ്ധിക്കുക.

ആവശ്യമില്ലാത്ത യാത്രകൾ ഒഴിവാക്കുക, ചെറിയ പനി, ജലദോഷം എന്നിവയുള്ളവർ വീട്ടിൽതന്നെ വിശ്രമിക്കുക. രോഗികൾ അവരെ ശുശ്രൂഷിക്കുന്ന ആരോഗ്യ പ്രവർത്തകർ രോഗികളുമായി അടുത്ത സമ്പർക്കം പുലർത്താൻ സാദ്ധ്യതയുള്ളവർ എന്നിവർ മാത്രം മുഖാവരണം അഥവാ മാസ്ക് ധരിക്കേണ്ട ആവശ്യമുള്ളു. മാസ്ക് ഉപയോഗിക്കുന്നതുകൊണ്ടു മാത്രം രോഗം തടയാൻ സാധിക്കുകയില്ല. അതിനേക്കാൾ വളരെ പ്രധാനമാണ് കൈകൾ ഇടക്കിടെ കഴുകുന്നതും വ്യക്തിശുചിത്വം പാലിക്കുന്നതും.

വിദേശരാജ്യങ്ങളിൽ നിന്നും എത്തുന്ന എല്ലാ വ്യക്തികളും 14 ദിവസം വീട്ടിൽത്തന്നെ Home quarantine അതായത് മറ്റുള്ളവരുമായി സമ്പർക്കമില്ലാതെ കഴിയണം. ഇതിനിടെ രോഗലക്ഷണങ്ങൾ ഉണ്ടാവുകയാണെങ്കിൽ ഫോൺ മുഖേന തൊട്ടടുത്ത സർക്കാർ ആരോഗ്യകേന്ദ്രവുമായോ അല്ലെങ്കിൽ 'ദിശ' യുമായോ ബന്ധപ്പെട്ട് ആരോഗ്യവകുപ്പിന്റെ നിർദ്ദേശങ്ങൾ പാലിച്ച് നടപടി കൈക്കൊള്ളണം. രോഗം സ്ഥിരീകരിച്ചാൽ അവരെ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ ഐസൊലേഷനിൽ ചികിത്സിക്കുന്നതാണ്.

ചുരുക്കത്തിൽ കൊറോണയെ നാം ഭയക്കേണ്ടതില്ല. എന്നാൽ ജാഗ്രത പാലിക്കേണ്ടതാണ്. സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുക. തെറ്റായ വാർത്തകളും സന്ദേശങ്ങളും പ്രചരിപ്പിക്കാതിരിക്കുക. നിപ്പയെയും പ്രളയത്തെയും അതിജീവിച്ച നമുക്ക് കോവിഡിനെയും ഒത്തൊരുമിച്ച് നേരിടാം.

***(മുൻ ആരോഗ്യവകുപ്പ് ഡയറക്ടറും സംസ്ഥാന ആർദ്രം മിഷൻ കൺസൽറ്റന്റുമാണ് ലേഖിക)***

---

(പേജ് 9ൽനിന്ന്)

ത്രികക്ഷി കരാറിലൂടെയാണ് സുഭിക്ഷ കേരളം പദ്ധതി നടപ്പാക്കുന്നത്.

ഓൺലൈൻ പഠനം ആരംഭിച്ചത് മറ്റൊരു മഹത്തരമായ കർമമാണ്.

## കേന്ദ്രത്തിന്റെ മനുഷ്യവിരുദ്ധ മുഖം സ്പന്ദിക്കുന്നു

വരുമാനമില്ലാതെ അലയുന്ന ജനങ്ങളെ കൈപിടിച്ച് ഉയർത്താൻ അവർക്ക് പലവിധ സഹായങ്ങൾ സർക്കാർ ചെയ്യേണ്ടതുണ്ട്. തൊഴിലില്ലാതെ കഷ്ടപ്പെടുന്നവർക്ക് പണമെത്തിക്കുകയാണ് വേണ്ടത്. എല്ലാ കുടുംബാംഗങ്ങൾക്കും പ്രതിമാസം 7500 രൂപ വെച്ച് ആറുമാസത്തേയ്ക്കെങ്കിലും നൽകണം. ഒരാൾക്ക് 10 കിലോ വീതം ഭക്ഷ്യധാന്യം സൗജന്യമായി നൽകണം. അതിനുള്ള സ്റ്റോക്ക് ഇപ്പോൾ ഉണ്ട്. തൊഴിലുറപ്പ് പദ്ധതിയുടെ വേതനം വർദ്ധിപ്പിക്കണം. തൊഴിലില്ലായ്മ വേതനം നൽകണം.

ഇത്തരം കാര്യങ്ങൾക്കുപകരം കോർപ്പറേറ്റുകളെ സഹായിക്കാനുള്ള ആത്മനിർഭർ ഭാരത് പാക്കേജ് നടപ്പാക്കി ജനങ്ങളെ കളിയാക്കുകയാണ്. 20 ലക്ഷം കോടി രൂപയുടെ പാക്കേജിൽ കഷ്ടിച്ച് രണ്ട് ലക്ഷം കോടിയോളം മാത്രമേ സാധാരണക്കാരുടെ പദ്ധതിയായുള്ളൂ. അങ്ങനെ രാജ്യസമ്പത്ത് മുതലാളിമാർക്ക് ഇട്ടുകൊടുക്കലാണ് ആത്മനിർഭർ.

## പുനർജ്ജനിപ്പിക്കുന്ന ചാതുർവർണ്യ വ്യവസ്ഥ

ചാതുർവർണ്യത്തിന്റെ മനുഷ്യവിരുദ്ധ മുഖം വർഗ്ഗാടിസ്ഥാനത്തിൽ പുനരവതരിപ്പിച്ചുകൊണ്ടാണ് മോഡി കണ്ണടച്ചു നിൽക്കുന്നത്. ചാതുർവർണ്യ വ്യവസ്ഥയിൽ പെട്ടതാണ് മനുഷ്യർ തമ്മിൽ (ജാതികൾ തമ്മിൽ) 'ശാരീരിക അകലം പാലിക്കലും', മുഖംപൊത്തി (മാസ്ക് ധരിച്ച്) ഓഛാനിച്ച് നിൽക്കലും, മണികിലുക്കലും. ഇത് ഭാരതീയ ധർമ്മമായി മോഡി അംഗീകരിക്കുന്നതാണ്. അല്ലാതെ ഒരു മഹാമാരിയെ നേരിടാൻ ആഗോളമായി ഉയരുന്ന നിർദ്ദേശങ്ങളോടുള്ള അഭിനിവേശമല്ല, മറിച്ച് ചാതുർവർണ്ണ്യാചാരങ്ങളുമായി ബന്ധിപ്പിച്ച് ആത്മനിർവൃതി കൊള്ളൽ മാത്രമാണ് കേന്ദ്ര ഭരണകൂടം ചെയ്യുന്നത്.

അങ്ങനെ ആധുനിക ജനാധിപത്യം തുറന്നുതന്ന പരിമിതമായ സാദ്ധ്യതകൾ പോലും കോവിഡ് കാലത്ത് മോഡിയുടെ ജന്മി – മുതലാളിത്ത സവിശേഷതയ്ക്ക് മുന്നിൽ തകർന്നടിഞ്ഞിരിക്കുന്നു. ജനസാമാന്യത്തിനുമേൽ കോവിഡിനൊപ്പം മോഡിയും പത്തിവിടർത്തി നിൽക്കുകയാണ്.

കോവിഡാനന്തരം മേൽ പറഞ്ഞതിൽനിന്നും ലോകം വലിയ പാഠങ്ങൾ ഉൾക്കൊള്ളേണ്ടതുണ്ട്, തുടർന്ന് തിരുത്തൽ ശക്തിയായി വളരേണ്ടതുണ്ട്. ●

# കോട്ടയം ജില്ലാ സമ്മേളനം

**ബി** എസ് എൻ എൽ എംപ്ലോയീസ് യൂണിയന്റെ പത്താമത് കോട്ടയം ജില്ലാ സമ്മേളനം ഫെബ്രുവരി 25 ന് പൊൻകുന്നത്ത് കെ കെ തങ്കച്ചൻ നഗറിൽ (വ്യാപാരഭവൻ) നടന്നു.

സിഐടിയു ജില്ലാ ജോയിന്റ് സെക്രട്ടറി അഡ്വ. റജി സക്കറിയ സമ്മേളനം ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് പി.ആർ.അജയകുമാർ അധ്യക്ഷത വഹിച്ച യോഗത്തിന് ജില്ലാ ആക്ടിങ് സെക്രട്ടറി പി.എൻ.സോജൻ സ്വാഗതം പറഞ്ഞു.



പി.എൻ.സോജൻ
(പ്രസിഡന്റ്)



പി.ആർ.സാബു
(സെക്രട്ടറി)



ടി. പി.അനൂപ്കുമാർ
(ട്രഷറർ)

## യാത്രയയപ്പ് സമ്മേളനം

കെ എസ് ഗീതയുടെ അധ്യക്ഷതയിൽ കൂടിയ യാത്രയയപ്പ് സമ്മേളനം സംസ്ഥാന സെക്രട്ടറി സി. സന്തോഷ് കുമാർ ഉദ്ഘാടനം ചെയ്തു. സംസ്ഥാന ജില്ലാ കമ്മിറ്റി അംഗങ്ങളായി പ്രവർത്തിക്കുകയും കഴിഞ്ഞ ജില്ലാ സമ്മേളനത്തിനു ശേഷം സർവീസിൽ നിന്നു പിരിയുകയും ചെയ്തവർക്കാണ് യാത്രയയപ്പ് നൽകിയത്. സർവീസിൽ നിന്നും പിരിയുന്ന സർക്കിൾ വൈസ് പ്രസിഡന്റ് പൊന്നമ്മ തങ്കൻ, ജില്ലാ പ്രസിഡന്റ് പി.ആർ.അജയകുമാർ എന്നിവർക്കും യാത്രയയപ്പു നൽകി. സംസ്ഥാന പ്രസിഡൻറ് പി. മനോഹരൻ, സംസ്ഥാന മഹിളാ കമ്മിറ്റി കൺവീനർ വി. ഭാഗ്യലക്ഷ്മി, എഫ് എസ് ഇ ടി ഒ ജില്ലാ പ്രസിഡൻറ് കെ.വി. അനീഷ് ലാൽ, എ ഐ ബി ഡി പി എ ജില്ലാ പ്രസിഡൻറ് കെ.ഇ. എബ്രഹാം, ബി എസ് എൻ എൽ സി സി എൽ യു ജില്ലാ സെക്രട്ടറി പി.ബി സുരേഷ് കുമാർ എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു.

തുടർന്ന് ചേർന്ന പ്രതിനിധി സമ്മേളനത്തിൽ പ്രവർത്തന റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും അവതരിപ്പിച്ചു.

പ്രതിനിധികളുടെ ചർച്ചക്കും അതിനുള്ള മറുപടിക്കും ശേഷം റിപ്പോർട്ടും കണക്കും പാസ്സാക്കി. പുതിയ ഭാരവാഹികളായി പി.എൻ.സോജൻ (പ്രസിഡന്റ്), പി.ആർ.സാബു (സെക്രട്ടറി), ടി. പി.അനൂപ്കുമാർ (ട്രഷറർ) എന്നിവരടങ്ങിയ കമ്മറ്റിയെ തെരഞ്ഞെടുത്തുകൊണ്ട് സമ്മേളനം അവസാനിച്ചു.

### മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ബിഎസ്എൻഎൽ എംപ്ലോയീസ് യൂണിയൻ 15,50,937 രൂപ നൽകി

| ജില്ല | തുക |
|---|---|
| തിരുവനന്തപുരം | 55500 |
| കൊല്ലം | 104504 |
| പത്തനംതിട്ട | 10000 |
| ആലപ്പുഴ | 49000 |
| കോട്ടയം | 313920 |
| എറണാകുളം | 117000 |
| തൃശ്ശൂർ | 104013 |
| പാലക്കാട് | 165000 |
| മലപ്പുറം | 20000 |
| കോഴിക്കോട് | 269500 |
| കണ്ണൂർ | 254500 |
| സർക്കിൾ ഓഫീസ് | 73500 |
| സിവിൽ | 14500 |
| **ആകെ** | **1550937** |

### പോസ്റ്റൽ, ടെലികോം, ബിഎസ്എൻഎൽ കോ – ഓപ്പറേറ്റീവ് സൊസൈറ്റികൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകിയ തുക

| സൊസൈറ്റി | തുക |
|---|---|
| തിരുവനന്തപുരം | 2500000 |
| കൊല്ലം | 600000 |
| ആലപ്പുഴ | 200000 |
| കോട്ടയം | 300000 |
| എറണാകുളം | 2500000 |
| തൃശ്ശൂർ | 1343477 |
| പാലക്കാട് | 300000 |
| മലപ്പുറം | 551129 |
| കോഴിക്കോട് | 1100000 |
| കണ്ണൂർ | 700000 |
| **ആകെ** | **10094606** |


നുറുങ്ങുവെട്ടം



കെ സുധീഷ്

# വിത്തുകോശചികിത്സ

എല്ലാ ബഹുകോശജീവികളിലും കാണപ്പെടുന്നതും ക്രമഭംഗം (differentiation) വഴി വിഭജനം നടത്തി പുതിയ കോശങ്ങളെ ഉത്പാദിപ്പിക്കാൻ കഴിവുള്ളതും ആയ കോശങ്ങളാണ് വിത്തുകോശങ്ങൾ (stem cells). വൈവിധ്യമാർന്ന പുതിയ കോശങ്ങളെ പിന്നീട് ഉത്പാദിപ്പിക്കാൻ ഇവയ്ക്ക് കഴിവുണ്ട്. യഥാർത്ഥത്തിൽ ഇവ പ്രത്യേകമായി രൂപഭേദമോ വികാസമോ പ്രാപിച്ചിട്ടില്ലാത്ത കോശങ്ങളാണ്. വിത്തുകോശങ്ങൾക്ക് കലകളുടെ സ്ഥാനത്തേയോ സ്വഭാവത്തെയോ അടിസ്ഥാനപ്പെടുത്തി നിയതമായ ഘടനയില്ല. എന്നാൽ ഇവയ്ക്ക് ഹൃദയപേശിയോ മാംസപേശിയോ മറ്റവയവങ്ങളോ നിർമ്മിക്കാനാവുന്ന തരത്തിൽ മാറുവാൻ കഴിയും. ഇവയെ പ്രത്യേക പരീക്ഷണ സാഹചര്യങ്ങളിൽ ഉത്തേജിപ്പിച്ച് അഭിലഷണീയമായ കോശങ്ങളെ നിർമ്മിച്ചെടുക്കാവുന്നതാണ്. മനുഷ്യരിൽ 3 മുതൽ 5 ദിവസം വരെ മാത്രം പ്രായമുള്ള ഭ്രൂണങ്ങളിൽ നിന്ന് കാലക്രമേണ ശരീരനിർമ്മാണത്തിനും മറ്റ് ശാരീരിക പ്രവർത്തനങ്ങൾക്കുമാവശ്യമായ ത്വക്ക്, ഹൃദയം, ശ്വാസകോശം, പേശി, അസ്ഥി തുടങ്ങിയവയെല്ലാം രൂപപ്പെടുന്നു. സ്വയം വിഭജിച്ച് പുതിയ വിത്തുകോശങ്ങൾ ആകാനും ക്രമഭംഗം വഴി വ്യത്യസ്ത കോശങ്ങളാകാനും ഇവയ്ക്ക് കഴിയുന്നു.




ഭ്രൂണവിത്തുകോശങ്ങൾ (Embryonic stem cell) എന്നും പരിപക്വ വിത്തുകോശങ്ങൾ (Adult stem cells) എന്നും വിത്തുകോശങ്ങളെ രണ്ടായി തരം തിരിക്കാം. ഭ്രൂണങ്ങളിൽ നിന്ന് രൂപം കൊള്ളുന്ന കോശങ്ങൾ വിവിധ പരീക്ഷണഘട്ടങ്ങളിലൂടെ സാധാരണ വിത്തുകോശങ്ങളുടെ ഗുണങ്ങൾ ഉണ്ടോ എന്ന് പരിശോധിക്കപ്പെടുന്നു. പിന്നീട് വളർച്ചാ മാധ്യമങ്ങളിൽ വച്ച് ഇവയെ പരുവപ്പെടുത്തി പരീക്ഷണങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നു. പൂർണ്ണവളർച്ചയെത്തിയ അവയവങ്ങളിലോ പേശികളിലോ കാണപ്പെടുന്ന രൂപഭേദമോ വികാസമോ പ്രാപിച്ചിട്ടില്ലാത്ത തരത്തിലുള്ള കോശങ്ങളാണ് പരിപക്വവിത്തുകോശങ്ങൾ. ഇവയെ somatic stem cells എന്നും പറയുന്നു. അസ്ഥികൾക്കുള്ളിലെ മജ്ജയും ആഡിപ്പോസ് കലകളും രക്തവുമാണ് ഇത്തരം കോശങ്ങളുടെ സ്വാഭാവിക ഉറവിടങ്ങൾ. ശരീരത്തിന്റെ സ്വാഭാവിക അറ്റകുറ്റപ്പണികൾ നടത്തുക എന്നതാണ് ഇവയുടെ ധർമ്മം. നവജാതശിശുക്കളുടെ പൊക്കിൾക്കൊടി മുറിച്ചുമാറ്റുമ്പോൾ മറുപിള്ള (placenta) യിലും പൊക്കിൾക്കൊടിയിലും അവശേഷിക്കുന്ന രക്തത്തിൽ വിത്തുകോശങ്ങൾ ധാരാളമായി അടങ്ങിയിരിക്കുന്നു. കുട്ടികളിൽ ഭാവിയിലുണ്ടാകുന്ന രോഗങ്ങൾക്ക് പ്രതിവിധിയെന്നോണം ജനനസമയത്ത് പൊക്കിൾക്കൊടി രക്തം (umbilical cord blood) സൂക്ഷിച്ചുവെയ്ക്കുന്ന ബാങ്കുകൾ പലയിടത്തും പ്രവർത്തിക്കുന്നുണ്ട്. പരിപക്വ വിത്തുകോശങ്ങൾ മജ്ജ മാറ്റിവെയ്ക്കൽ (bone marrow transplantation) പോലുള്ള വിവിധ ചികിത്സകൾക്കായി ഉപയോഗപ്പെടുത്തുന്നു.

കാനഡയിലെ ടൊറൊന്റോ യൂണിവേഴ്സിറ്റിയിലെ ഏണസ്റ്റ് ആംസ്ട്രോംഗ് മക് കുള്ളോക്കും ജെയിംസ് ടില്ലും ചേർന്ന് 1960കളിലാണ് വിത്തുകോശങ്ങളുടെ പ്രധാന ധർമ്മങ്ങളും ഉപയോഗങ്ങളും കണ്ടെത്തിയത്.

വിത്തുകോശചികിത്സയുടെ പ്രാധാന്യം നാൾക്കുനാൾ വർദ്ധിച്ചുവരികയാണ്. രക്താർബ്ബുദം പോലെയുള്ള രോഗങ്ങളുടെ ചികിത്സയിൽ ആശാവഹമായ മുന്നേറ്റമുണ്ടാക്കാൻ വിത്തുകോശപഠനങ്ങൾക്ക് കഴിയുന്നു. നാഡീകോശങ്ങളുടെ (neurons) നാശനഷ്ടം മൂലമുണ്ടാകുന്ന(neurodegeneration) രോഗങ്ങളായ പാർക്കിൻസൺസ്, അമയിലോട്രോഫിക് ലാറ്ററൽ സ്ക്ലീറോസിസ്(മോട്ടോർ ന്യൂറോൺ ഡിസീസ് എന്നും പറയുന്നു- പ്രശസ്ത ശാസ്ത്രജ്ഞൻ സ്റ്റീഫൻ ഹോക്കിങ്ങിന്റെ രോഗം ഇതായിരുന്നു). മൾട്ടിപ്പിൾ സ്ക്ലീറോസിസ്, അൽഷിമേഴ്സ്, പേശീനാശം, അസ്ഥികൾക്കുണ്ടാകുന്ന ഒടിവുകളും തേയ്മാനവും എന്നിവയുടെ ചികിത്സയ്ക്ക് വിത്തുകോശങ്ങൾ വ്യാപകമായി ഉപയോഗപ്പെടുത്തുന്നു. രോഗബാധിതമായി നശിച്ചുപോയതോ പ്രവർത്തനരഹിതമായതോ ആയ അവയവങ്ങളെ വിത്തുകോശങ്ങളുടെ സഹായത്തോടെ പുതിയ കോശങ്ങളുണ്ടാക്കി പുനരുജ്ജീവിപ്പിക്കുന്ന പ്രക്രിയയാണ് വിത്തുകോശചികിത്സ അഥവാ മൂലകോശ ചികി

(ശേഷം പേജ് 16ൽ)

# ഒരു സംഘടനാ പ്രവർത്തകന്റെ മുൻകാല അനുഭവങ്ങൾ

16

**എം. ആർ. സി**

പോലീസ് കസ്റ്റഡിയിലുള്ള ഞങ്ങളെ കോടതി പിരിയുന്നതിനു മുമ്പ് ഹാജരാക്കാൻ പോലീസിനു കഴിഞ്ഞില്ല. ഇരുന്നൂറിൽപരം ആളുകളുടെ വിവരങ്ങളെല്ലാം എഴുതിക്കഴിയുമ്പോഴേയ്ക്കും നേരം ഏറെ വൈകി. ലോക്കപ്പിൽ ഇത്രയും പേരെ ഇടാനുള്ള സ്ഥലമില്ലാത്തതുകൊണ്ടോ, നിയമമനുവദിക്കാത്തതുകൊണ്ടോ എന്തോ രാത്രി തന്നെ ഞങ്ങളെ മജിസ്ട്രേട്ടിന്റെ മുമ്പിൽ ഹാജരാക്കി. ഞങ്ങളെ റിമാണ്ടിൽ വെക്കാൻ ഉത്തരവായി. രജിസ്ട്രാറിന്റെ വീട്ടിനു മുമ്പിൽ ഞങ്ങളെ കാത്തുകിടന്നിരുന്ന പോലീസ് വണ്ടിയിൽ കൊള്ളാവുന്നതിലേറെ പേരെ കുത്തിനിറച്ചിട്ടും പല പ്രാവശ്യം  ഓടേണ്ടിവന്നു മുഴുവൻ പേരെയും ജയിലിലെത്തിക്കാൻ.  പ്രതികളെല്ലാം എത്തിച്ചേരുവോളം ആദ്യംകൊണ്ടുപോയവരെ ജയിൽ കവാടത്തിൽ നിർത്തി. പോലീസ് കാവൽ നിന്നു. എല്ലാവരും വന്നുചേർന്നതിനു ശേഷം പോലീസ് ഉദ്യോഗസ്ഥൻ കൊടുത്ത ലിസ്റ്റിലെ പേരുകൾ ജയിൽ ഉദ്യോഗസ്ഥൻ വായിക്കുന്ന മുറയ്ക്ക് ഓരോരുത്തരായി ജയിലിനകത്തു കടന്നുനിന്നു. ഔദ്യോഗിക കൈമാറ്റം  കഴിഞ്ഞപ്പോൾ സമയം ഏകദേശം ഒമ്പതു മണി കഴിഞ്ഞിരുന്നു.

കേരളത്തിലെ ആദ്യത്തെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് പണിയിച്ച പുതിയ സബ്ബ് ജയിലിലാണ് ഞങ്ങളെ പാർപ്പിച്ചത്. കറുപ്പും, വെള്ളയും കലർന്നവരയുള്ള ജംക്കാളം (വിരി) നിരത്തി വിരിച്ചു. ഒരു മുറിയിൽ ഇരുപതും അതിൽ കൂടുതലും ആളുകൾ നിരനിരയായി കിടന്നു. അത്താഴം പോലീസ് സ്റ്റേഷനിൽ നിന്നുതന്നെ ലഭിച്ചിരുന്നതുകൊണ്ട് വലിയ വിശപ്പുണ്ടായിരുന്നില്ല. രാവിലെ മുതൽ പോലീസ് കസ്റ്റടിയിലുള്ള നില്പ് എല്ലാവരേയും വല്ലാതെ തളർത്തിയിരുന്നു. പലരും കിടന്ന പാടെ ഉറങ്ങിപ്പോയി. പുതിയ സാഹചര്യത്തോടിഴുകിച്ചേരാൻ കഴിയാത്ത പലരും എഴുന്നേറ്റിരുന്നു. ഏതൊക്കെ കള്ളന്മാരും, കൊലയാളികളും ഉപയോഗിച്ചതാണാവോ ഈ ബെഡ് ഷീറ്റുകൾ എന്നായിരുന്നു സ: ആർ.ജി. ഉണ്ണിയുടെ ആത്മഗതം.  ബെഡ്ഷീറ്റ് ഉപയോഗിച്ചവരുടെ സ്വഭാവം കൊണ്ട് അതഴുക്കാവില്ല സാറെ എന്നായി മറ്റൊരാൾ. അപ്പോഴേക്കും ലൈറ്റ്  ഓഫ് ചെയ്തതുകൊണ്ട് അവർക്കാ സംസാരം തുടരാൻ കഴിഞ്ഞില്ല. ജയിൽ വരാന്തയിൽ കത്തുന്ന ലൈറ്റിൽ നിന്നെത്തുന്ന അരണ്ട പ്രകാശം മാത്രമേ പിന്നീടാ മുറിക്കകത്തുണ്ടായിരുന്നുള്ളു. നിദ്രാവിഹീനമായ പലരും തിരിഞ്ഞും മറിഞ്ഞും കിടന്ന് നേരം വെളുപ്പിച്ചു.

രാവിലെ വാർഡൻ വന്നു ജയിൽ മുറി തുറന്നു. എല്ലാവരും പുറത്തു കടന്നു. എന്തൊരാശ്വാസം. നിത്യകർമ്മങ്ങൾക്കുള്ള കാത്തുനിൽപായിരുന്നു ഏറെ ദുഷ്കരം. സ്റ്റോർ മുറിയുടെ ഒരു മൂലയിൽ അടുക്കിവച്ചിട്ടുള്ള അലുമിനിയം പ്ലെയ്റ്റ് ഓരോരുത്തരും എടുത്ത് വാട്ടർടാങ്കി നടുത്തുകൊണ്ടുപോയി കഴുകി. ജയിലിന്റെ ഇറയത്ത് (കോലായിൽ) രണ്ടുവരിയായി കിണ്ണവും മുന്നിൽവച്ചു ഞങ്ങൾ ഇരുന്നു. സ: ആർ.ജി. ഉണ്ണി മാത്രം വരാൻ വളരെ താമസിച്ചു. അലുമിനിയം കിണ്ണത്തിന്റെ ഞളുക്കുകളിൽ കാലങ്ങളായി പറ്റിപ്പിടിച്ചിരുന്ന അഴുക്ക് ഉരച്ചു കഴുകയായിരുന്നു അയാൾ. കഞ്ഞി വിളമ്പുകാർ തിരിച്ചു പോകുന്നതിനു മുമ്പ് ഉണ്ണി ഓടിക്കിതച്ചെത്തി. കിണ്ണം മുമ്പിൽ വച്ച് ചമ്രം പിണഞ്ഞിരുന്നുകൊണ്ട് അവിടെനിന്നിരുന്ന ജയിൽ വാർഡനോടയാൾ പറഞ്ഞു. എനിക്കൊരുപകാരം ചെയ്യണം. ഔദ്യോഗികപദവിയുടെ ചലിക്കുന്ന ചിഹ്നം (ലാത്തി) ഇടതുകക്ഷത്തു തിരുകി വച്ചുകൊണ്ടയാൾ ചോദിച്ചു. ഉം എന്താ? തന്റെ മുന്നിലിരിക്കുന്ന പ്ലെയ്റ്റ് ചൂണ്ടിക്കൊണ്ട് ഉണ്ണി പറഞ്ഞു. ഞാനിവിടെനിന്നു പോകുവോളം ഇത് എനിക്കു മാത്രം ഉപയോഗിക്കാനനുവദിക്കണം. ജയിൽ വാർഡൻ അവരുടെ ഔദ്യോഗിക ഭാഷയിൽ ചിലതു പറഞ്ഞശേഷം ഇതു നിങ്ങളുടെ വീടല്ല ജയിലാണെന്നുകൂടി ഉണ്ണിയെ ഓർമ്മപ്പെടുത്തി. ഉരച്ചുകഴുകിയിട്ടും അവിടവിടെ പറ്റിപിടിച്ചിരുന്ന അഴുക്കിനെ നഖംകൊണ്ടുരച്ചുകൊണ്ട് ഉണ്ണി നിശ്ശബ്ദനായിരുന്നു.

രണ്ടുമൂന്നു പേർ ഒരറ്റത്തുനിന്നു കഞ്ഞിയും ചെറുപയർ പുഴുക്കും വിളമ്പി വന്നിരുന്നു. കഞ്ഞി വിളമ്പി കഴിക്കുന്നതിനുമുമ്പ് വരിയുടെ ഏകദേശം നടുവിലിരുന്നിരുന്ന സ: ഐ.എസ്. ചന്ദ്രൻ വിളിച്ചു പറഞ്ഞു കഞ്ഞി പുളിക്കുന്നു. ഇതു പഴങ്കഞ്ഞിയാണ്. ശരിയാണ് ചൂടുണ്ടായിരുന്നെങ്കിലും കഞ്ഞി പുളിച്ചിരുന്നു . ഇതു കുടിക്കാൻ കഴിയില്ല  ചന്ദ്രൻ എഴുന്നേറ്റു കൂട്ടത്തിൽ മറ്റുള്ളവരും. ജയിൽ വാർഡർമാർ ഓടിക്കൂടി. ആരും കഞ്ഞി കുടിക്കാൻ തയ്യാറായില്ല. ശബ്ദം കൂടിവന്നു. സ: അയ്യപ്പക്കുട്ടി എല്ലാവരേയും സാന്ത്വനപ്പെടുത്തി. നമുക്ക് ജയിലിലെ മേലുദ്യോഗസ്ഥരോടു സംസാരിക്കാം. എല്ലാവരും ശാന്തരായി. അവരവരുടെ കിണ്ണത്തിനു മുന്നിൽനിന്നു. സ. അയ്യപ്പക്കുട്ടി ജയിലിലെ ഉയർന്ന  ഉദ്യോഗസ്ഥനോടു സംസാരിച്ചു. കഞ്ഞി വീണ്ടും തയ്യാറാക്കി തരാമെന്ന് അയാൾ ഉറപ്പുകൊടുത്തതിന്റെ അടിസ്ഥാനത്തിൽ പഴംകഞ്ഞി കളഞ്ഞ് പ്ലെയ്റ്റ് കഴുകി, വിശപ്പും സഹിച്ചു ഞങ്ങൾ കാത്തിരുന്നു. തലേദിവസം ഞങ്ങളെ നേരത്തെ ജയിലിലെത്തിക്കുമെന്ന ധാരണയിലുണ്ടാക്കിയതാണത്രേ ആ കഞ്ഞി. പഴംകഞ്ഞി ഞങ്ങൾ കുടിച്ചിരുന്നെങ്കിൽ അത്രയും അരി ഞങ്ങളുടെ പേരിൽ കണക്കെഴുതാമെന്നു അവർ കരുതിയിരിക്കാം.

ഞങ്ങളും സർക്കാരുദ്യോഗസ്ഥന്മാരല്ലേ എന്ന പരിഗണനകൊണ്ടായിരിക്കണം കഞ്ഞി തയ്യാറാകുംവരെ ഞങ്ങളെ മുറിയിലിട്ടടച്ചില്ല. കിട്ടിയ സ്വാതന്ത്ര്യം വച്ച് സബ്ബ് ജയിലും പരിസരവും ചുറ്റുക്കാണാൻ ഞങ്ങളിൽ ചിലർ നടന്നു. അടുക്കളക്കടുത്തു ചെന്നപ്പോൾ അവിടെ കൃഷ്ണൻകുട്ടി നിന്നു മുളകരക്കുന്നു. അയാൾ ഒരു മസ്ദൂറായിരുന്നു.  ലൈനിൽ നിന്നു കമ്പി വെട്ടിയെടുത്തതിനു പിടിയിലായതാണ്. ലൈ

നിൽനിന്നു കമ്പി കളവുപോയാൽ പോലീസിൽ ആക്ഷേപം കൊടുക്കാൻ അന്ന് മേധാവികൾ തയ്യാറായിരുന്നില്ല. അതിനു സെക്ഷൻ ലൈൻമാൻ തന്നെ പോകണം. പരാതി കൊടുക്കാൻ ചെല്ലുന്ന ലൈൻമാനെത്തന്നെ പ്രതിയാക്കുകയും മർദ്ദിക്കുകയും ചെയ്യുന്ന പതിവ് അന്നുണ്ടായിരുന്നു. പല പ്രാവശ്യം ഒരേ സ്ഥലത്തുനിന്നുതന്നെ കളവു നടന്നപ്പോൾ കള്ളനെ പിടിക്കേണ്ടത് ലൈൻമാൻമാരുടെ ബാധ്യതയായിത്തീർന്നു. ഒട്ടേറെ പേർ പതിയിരുന്നു പിടികൂടിയതാണ് കൃഷ്ണൻകുട്ടിയെ. തന്നെ പിടിച്ച് പോലീസിലേല്പിച്ചവരെ ജയിലിൽ കണ്ടപ്പോൾ പ്രതികാരം ചെയ്യാനുള്ളൊരവസരമെന്നോണം അയാൾ ചോദിച്ചു. എന്നെ പിടിച്ച് പോലീസിലേല്പിച്ച നിങ്ങളും അനുഭവിക്ക് ജയിലെന്താണെന്ന്. ജയിലിന്നകത്തായതുകൊണ്ടായിരിക്കാം അയാൾ ഇത്രയും സൗമ്യമായി പ്രതികരിച്ചത്.

ഞങ്ങൾ വീണ്ടും മുന്നോട്ടു നടന്നപ്പോൾ അടുക്കളയിൽ നിന്നാരോ എന്നെ വിളിച്ചു. വിളികേട്ടിടത്തേക്കു ഞാൻ ചെന്നു. വെളുത്തു തുടുത്ത ശരീരവും, കറുത്തു തിങ്ങിയ താടിയുമുള്ളൊരാൾ, ഒറ്റ നോട്ടത്തിലെനിക്കാളെ മനസ്സിലായില്ല. എന്റെ അയൽപക്കക്കാരനും, സഹപാഠിയുമായിരുന്ന ജോസ്സാണെന്നും പിന്നീടാണു മനസ്സിലായത്. ഞാനെന്തിനു ജയിലിൽ വന്നെന്നവൻ അന്വേഷിച്ചു. ഞാൻ വിവരം പറഞ്ഞു. എനിക്കറിയാമായിരുന്നെങ്കിലും ഞാനും തിരിച്ചു ചോദിച്ചു. താനിവിടെ. യാതൊരു ജാള്യതയുമില്ലാതെ ജോസ് മറുപടി പറഞ്ഞു.  നമ്മുടെ സ്ഥിരം തൊഴിൽ "പോക്കറ്റടി". സംസാരം ദീർഘിപ്പിക്കാതെ ജോസ്സിനോടു യാത്ര പറഞ്ഞ്  ഞാൻ നടന്നു.

മൂന്നാം ദിവസം ഞങ്ങളെ കോടതിയിൽ ഹാജരാക്കി. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ഇന്ത്യൻ പ്രസിഡണ്ടിന്റെ സമരനിരോധന ഉത്തരവു ലംഘിച്ചുകൊണ്ട് പണിമുടക്കിൽ പങ്കെടുത്ത് ജയിൽശിക്ഷ അനുഭവിച്ച സ്ത്രീകളടക്കമുള്ള നൂറുകണക്കിനു ജീവനക്കാരെ സ്വീകരിക്കുന്നതിനും അവർക്കഭിവാദനങ്ങളർപ്പിക്കുന്നതിനും ഒട്ടേറെ ജനങ്ങൾ കോടതി പരിസരത്തു തിങ്ങിക്കൂടിയിരുന്നു. പോലീസിനു പിടികൊടുക്കാതെ പുറത്തു നിന്നിരുന്ന സഖാക്കൾ ലീഗൽ എയ്ഡ് കമ്മിറ്റിയുടെ സഹായത്തോടെ ജാമ്യത്തിലിറക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിരുന്നു. ജയിൽ മോചിതരായവർ പിറ്റേന്ന് ആഫീസിൽ ചെന്നപ്പോൾ അവരെ സസ്പെന്റ് ചെയ്തുകൊണ്ടുള്ള ഉത്തരവുകൾ നോട്ടീസ് ബോർഡിലുണ്ടായിരുന്നു.

കുന്ദംകുളത്തുനിന്ന് ഏതാനുംപേരെ അറസ്റ്റു ചെയ്തെന്നും അവരെ വടക്കാഞ്ചേരി കോടതി ശിക്ഷിച്ചെന്നും ജയിൽ വിമുക്തനായി പുറത്തുവന്നപ്പോഴാണെറിയുന്നത്. ലീഗൽ എയ്ഡ് കമ്മിറ്റി അവിടെ രൂപീകരിച്ചിരുന്നില്ല. ജില്ലാ കേന്ദ്രത്തിൽ മാത്രമെ അതുണ്ടായിരുന്നുള്ളു. ആയിരത്തിത്തൊള്ളായിരത്തി അറുപത് ജൂലായ് പന്ത്രണ്ടാം തീയതി മുതലാണ് സമരമെന്നുണ്ടെങ്കിൽ സമരം നിയമവിരുദ്ധമായി പ്രഖ്യാപിക്കുന്നത്. എട്ടാംതീയതിയായിരുന്നു. ഇത്തരം ഒരു പ്രതിസന്ധി അതിനുമുമ്പേ ഇന്ത്യൻ ട്രേഡ് യൂണിയനുകൾക്കു നേരിടേണ്ടിവന്നിട്ടില്ല. പരിചയക്കുറവും, സമയക്കുറവും മൂലം താലൂക്ക് കേന്ദ്രങ്ങളിൽ ലീഗൽ എയ്ഡ് കമ്മിറ്റി രൂപീകരിച്ചില്ല. എന്നിട്ടുപോലും ഇടതുപക്ഷ ചിന്താഗതിയുള്ള ഭാസ്കരമേനോൻ എന്നൊരു വക്കീൽ പ്രതികൾക്കുവേണ്ടി സ്വയം ഹാജരായി എന്നുണ്ടെങ്കിലും കോടതി പ്രതികളെ ശിക്ഷിക്കുകയാണുണ്ടായത്. ലീഗൽ കമ്മിറ്റിയുമായി  ബന്ധപ്പെട്ട് കോടതികാര്യങ്ങൾ നടത്താനുള്ള കമ്മിറ്റിയിൽ ഞാനും എം.എസ്സ്.സി. വാരിയരും, രാംജിയുമാണുണ്ടായിരുന്നത്. വടക്കാഞ്ചേരി കോടതി ശിക്ഷിച്ചവർക്കുവേണ്ടി തൃശ്ശൂർ ജില്ലാ കോടതിയിൽ അപ്പീൽ കൊടുക്കാനുള്ള ഏർപ്പാടുകൾ ഞങ്ങൾ ചെയ്തു. പ്രതികളിലൊരാളായ സ.ഐപ്പിനെ കാണാൻ അയാളുടെ അളിയൻ ജയിലിൽ ചെന്നു. അയാൾ ഒരു ഉയർന്ന സർക്കാരുദ്യോഗസ്ഥനാണ്. യൂണിയനോടയാൾക്കു പുച്ഛമായിരുന്നു. ഐപ്പിനെ ജാമ്യത്തിലിറക്കാനുള്ള കാര്യമായിട്ടാണയാൾ ജയിലിൽ ചെന്നത്. താനൊറ്റക്കു പുറത്തുവരുന്ന പ്രശ്നമേയില്ലെന്നായിരുന്നു ഐപ്പിന്റെ മറുപടി. ഞങ്ങളെ ജാമ്യത്തിലിറക്കാൻവേണ്ടി പ്രവർത്തിക്കുന്ന യൂണിയൻ നേതാക്കളെ സമീപിച്ച് അവർക്കുവേണ്ട സഹായം ചെയ്തുകൊടുത്താൽ മതി എന്നായിരുന്നു ഐപ്പ് അളിയനോടാവശ്യപ്പെട്ടത്. അയാൾ കോടതിയിൽ വന്നു ഞങ്ങളെക്കണ്ടു. ഐപ്പിനെ ജയിലിലടച്ചതു ഞങ്ങളാണെന്നു തോന്നും അയാളുടെ സംസാരം കേട്ടാൽ. രാംജി അയാളെ സമാധാനിപ്പിച്ചു. കോപം ശമിച്ചിട്ടില്ലെങ്കിലും തല്ക്കാലം അയാൾ ശാന്തത പ്രകടിപ്പിച്ചു. ലീഗൽ എയ്ഡ് കമ്മിറ്റിയുടെ സഹായംകൊണ്ട് ഔദ്യോഗിക ആവശ്യത്തിനുവേണ്ടിയുള്ള ചിലവുമാത്രമെ വന്നുള്ളു. യൂണിയന്റെ ഫണ്ടും വളരെ പരിമിതമായിരുന്നു. ഉച്ചക്കു രണ്ടുമണിയോടുകൂടി ജാമ്യം അനുവദിച്ചു. പക്ഷെ കോടതിയിൽ നിന്നുള്ള ഉത്തരവു കിട്ടണം. അതു ജയിലിലെത്തിച്ചാലെ പ്രതികളെ വിട്ടുകിട്ടു. അഞ്ചുമണിക്കു മുമ്പു ജയിലിൽ ചെല്ലണം. ജാമ്യം അനുവദിച്ചുത്തരവായപ്പോൾ വാരിയരും, രാംജിയും മറ്റു കാര്യങ്ങൾ എന്നെ ഏല്പിച്ചു ഭക്ഷണം കഴിക്കാൻ പോയി. ജാമ്യ ഉത്തരവു ലഭിക്കാൻവേണ്ടി ഏറെ നേരം ഞാൻ കോടതി വരാന്തയിൽ കാത്തുനിന്നു. ലീഗൽ എയ്ഡ് കമ്മിറ്റിയിലെ വക്കീൽമാരുടെ ഗുമസ്ഥന്മാരും അതിനുവേണ്ടി ശ്രമിച്ചു. സമയം വൈകുംതോറും എന്റെ വേവലാതി കൂടിക്കൂടിവന്നു. അവസാനം ജാമ്യ ഉത്തരവു തരാൻ ബാദ്ധ്യസ്ഥനായ ഉദ്യോഗസ്ഥനെ ഞാൻ സമീപിച്ചു. എന്റെ അയൽപക്കക്കാരനായിരുന്നു അയാൾ. എനിക്കേറെ സമാധാനമായി. ഞാനങ്ങോട്ട് കാര്യം പറഞ്ഞു. പക്ഷെ പെട്ടെന്നു കാര്യം നടത്തിത്തരാനുള്ള അയൽപക്ക സ്നേഹമൊന്നും അയാളിൽ കണ്ടില്ല. സമയം മൂന്നരയോടെടുത്തു ഉത്തരവു കിട്ടിയില്ല. അയൽപക്കകാരന്റെ പരുങ്ങൽ കണ്ടപ്പോൾ ഞാനയാളോടു കാര്യമന്വേഷിച്ചു. യാതൊരു ജാള്യതയോ, മറവോ കൂടാതെ അയാൾ പറഞ്ഞു. ഇവിടെ ഇതിനു ചില പതിവൊക്കെയുണ്ട്. അതുചെയ്താലേ കടലാസുകിട്ടു. ഇത്രയും നികൃഷ്ടമായി മുഖത്തുനോക്കിപ്പറയാൻ ഒരു മടിയും അയാൾക്കുണ്ടായിരുന്നില്ല. സമയത്തിനു ജയിലിൽ ചെന്നില്ലെങ്കിൽ സഖാക്കൾക്ക് ഒരുദിവസംകൂടി ജയിലിൽ കിടക്കേണ്ടിവരും. എത്രയാണിവിടത്തെ പതിവ്. ഞാനയാളോടു ചോദിച്ചു. പേനയുടെ കട വായിൽ തിരുകിക്കൊണ്ടയാൾ പറഞ്ഞു. താനായതുകൊണ്ട് പതിനഞ്ചുരൂപ തന്നാമതി. ഞാൻ പുറത്തുകടന്നു. എന്റെ പക്കൽ ഒരു പൈസയുമില്ല. വാരിയരേയും, രാംജിയേയും കാണാനില്ല. യൂണിയന്റെ വക പണമൊന്നും അവരുടെ പക്കലുമില്ല. അതുകൊണ്ടായിരിക്കുമോ അവർ സ്ഥലം വിടാൻ കാരണം. ഓർത്തുനിൽക്കാൻ നേരമില്ല. അപ്പോഴാണ് കോടതിവരാന്തയിൽ നിൽക്കുന്ന ഐപ്പിന്റെ അളിയൻ എന്റെ ശ്രദ്ധയിൽ പെട്ടത്. യൂണിയനോടു വെറുപ്പുപ്രകടിപ്പിച്ചു സംസാരിച്ചെങ്കിലും അയാളോടു കാര്യം പറയാൻ ഞാൻ തീരുമാനിച്ചു. ഞാനയാളോടു വിവരമെല്ലാം പറഞ്ഞു. യാതൊരു മടിയും കൂടാതെ രൂപ തന്നുകൊണ്ടയാൾ പറഞ്ഞു. വേഗംചെല്ലു നേരം വൈകുന്നു. പണംവാങ്ങിച്ച് ഞാൻ കോടതിമുറിയിലേക്കോടി. അയൽക്കാരനെ പണമേല്പിച്ചു. ഉ

ടൻ അയാൾ കടലാസ്സെടുത്തുതന്നു. അപ്പോൾ സമയം നാലുമണി കഴിഞ്ഞിരുന്നു. വീണ്ടും ഞാൻ ഐപ്പിന്റെ അളിയനെ സമീപിച്ചു. പുറത്തുവന്നു അയാൾ രണ്ടു കാറുകൾ വിളിച്ചു. വിയ്യൂർ ജയിലിനെ ലക്ഷ്യംവച്ചു പാഞ്ഞു. ജയിലിന്റെ ഭീമാകാരമായ ഇരുമ്പുഗെയ്റ്റിൽ അടിച്ചിട്ടുള്ള തകിടിൽ അകത്തേക്കു കാണുന്നതിനുവേണ്ടി ഇട്ടിട്ടുള്ള തുളയിൽകൂടി അകത്തു കാവൽ നിൽക്കുന്ന ജയിൽ ഉദ്യോഗസ്ഥനോടു ഞാൻ കാര്യം പറഞ്ഞു. ഗേയ്റ്റിന്റെ ചെറിയൊരംശം തുറന്ന് അയാൾ ജാമ്യഉത്തരവുവാങ്ങി അകത്തേക്കു പോയി. ഏതാനും സമയം കഴിഞ്ഞപ്പോൾ ശിക്ഷിക്കപ്പെട്ട എല്ലാ സഖാക്കളും പുറത്തുവന്നു. ഞങ്ങളവർക്കു ഹസ്തദാനം ചെയ്തു. ഐപ്പിന്റെ അളിയൻ എല്ലാവരേയു കാറിൽ കയറ്റി. പിന്നീടയാളും കയറി ഡോർ അടച്ചു. ഞാൻ കയറീട്ടില്ലെന്നു കാറിൽ നിന്നാരോ പറഞ്ഞപ്പോൾ അയാൾ അതുവരെ മൂടിവച്ചിരുന്ന വൈരാഗ്യം പ്രകടിപ്പിച്ചുകൊണ്ടു പറഞ്ഞു. നേതാക്കന്മാരൊക്കെ നടന്നുവരട്ടെ. അയാൾ ഡ്രൈവറോടു വണ്ടിവിടാൻ പറഞ്ഞു. ഐപ്പ് ഇതറിഞ്ഞിരുന്നില്ല. അയാൾ മുന്നിൽ പോയ കാറിലായിരുന്നു. ഏതാനും നിമിഷം ഞാനവിടെ തന്നെ നിന്നു. ജയിലിൽ കിടന്ന സഖാക്കളെ മോചിപ്പിക്കാൻ കഴിഞ്ഞ സന്തുഷ്ടിയിൽ ഞാൻ വിയ്യൂരിൽ നിന്നു തൃശ്ശൂർക്ക് നടന്നു. ഓർമ്മയിൽ ജയിൽ ശിക്ഷ അനുഭവിച്ചവർ ഇവരൊക്കെയാണ്. സ.സി.സി.അയ്യപ്പൻ (പോസ്റ്റൽ ഡയറക്ടറായി റിട്ടയർ ചെയ്തു.) സ:പി.കെ.പരീത്, സ:നാരായണൻനായർ (ജീവിച്ചിരിപ്പില്ല.) സ. ഐപ്പ്, (ജീവിച്ചിരിപ്പില്ല) സ: ഗോവിന്ദൻകുട്ടി, സ: ഭാസ്കരൻ, സ: കെ.കെ.മാധവൻ. അന്ന് സംസ്ഥാന ജീവനക്കാർക്കൊ സംഘടനയുണ്ടായിരുന്നില്ല. ആയിരത്തിത്തൊള്ളായിരത്തി അറുപത്തിരണ്ടിൽ എൻ.ജി.ഒ യൂണിയൻ രൂപീകൃതമായതിനുശേഷം നടത്തിയ ആദ്യത്തെ സമരത്തിൽ ഒട്ടേറെ ജീവനക്കാരെ പോലീസ് അറസ്റ്റു ചെയ്തു. അക്കൂട്ടത്തിലൊരാൾ ഞാൻ മുമ്പ് സൂചിപ്പിച്ച എന്റെ അയൽപക്കക്കാരനായിരുന്നു. അയാളടക്കമുള്ളവരെ ജാമ്യത്തിനെടുത്തത് പി&ടി ജീവനക്കാരായിരുന്നു.

ആലുവായിൽ അറസ്റ്റും ശിക്ഷയും നടന്നിട്ടുണ്ടെന്ന് പിറ്റേന്നാണറിയുന്നത്. ആലുവാ, എറണാകുളം സമരസമിതിയുടെ കീഴിലാണ് U.P.T.W. വിന്റെ കാലം മുതൽ പ്രവർത്തിക്കുന്ന പി.3 യൂണിയന്റെ അനിഷേധ്യ നേതാക്കന്മാരായ സ: വി.കെ. സെയ്ത് മുഹമ്മദ് (ഇപ്പോൾ ജീവിച്ചിരിപ്പില്ല) സ: പി.കെ.കുഞ്ഞിമോൻ കൂടാതെ ഇ–3 യൂണിയന്റെ സ:തോമസ് ധനപാൽ മുതലായവരായിരുന്നു അവിടുത്തെ സമരസമിതിയുടെ അമരക്കാർ. എങ്കിലും ഡിവിഷനൽ സെക്രട്ടറി എന്ന നിലയിൽ ഞാൻ ആലുവയിൽ ചെന്നു. റെയിൽവെ സ്റ്റേഷനിൽ എസ്സ്.ഐ. ശങ്കരൻനായരെ കണ്ടു. ഞാനയാളോടു വിവരങ്ങളന്വേഷിച്ചു. അടുത്തു കിടന്നിരുന്ന ഒരു ബഞ്ചിലിരുന്നുകൊണ്ട് ശങ്കരൻനായർ പറഞ്ഞു. ഞാൻ തൃശ്ശൂരിൽ നിന്നൊരു വർക്കിനുവേണ്ടി വന്നതാണ്. പണിമുടക്കിയ ഞങ്ങൾ ആഫീസിന്റെ മുന്നിൽ തന്നെ നിൽക്കുകയായിരുന്നു. പെട്ടെന്നു പോലീസ് വന്ന് ഞങ്ങളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി. ഞങ്ങളെ കൂട്ടിൽ കയറ്റിനിർത്തി. കുറ്റം ചെയ്തിട്ടുണ്ടോ എന്നു ചോദിച്ചു. എന്താണ് മറുപടി പറയേണ്ടതെന്നാർക്കുമറിയില്ല. നിയമപരമായ യാതൊരു നിർദ്ദേശവും യൂണിയനിൽ നിന്നു കിട്ടിയിരുന്നുമില്ല. മറുപടി പറയാൻ കഴിയാതെ ഞങ്ങൾ അന്തംവിട്ടുനിന്നു. ഞങ്ങളുടെ നിൽപ്പു കണ്ടപ്പോൾ കോടതി തന്നെ പറഞ്ഞു. നിങ്ങൾ കുറ്റം നിഷേധിക്കയാണെങ്കിൽ നിങ്ങളെ ജാമ്യത്തിൽ വിടുകയോ, റിമാന്റ് ചെയ്യുകയോ ചെയ്യാം. നിങ്ങൾ കുറ്റം സമ്മതിക്കുകയാണെങ്കിൽ നിങ്ങളെ ശിക്ഷിക്കേണ്ടിവരും. ഈ വിശദീകരണം ഞാനൊഴിച്ച് എല്ലാവരിലും ആശയക്കുഴപ്പമുണ്ടാക്കി. ശങ്കരൻ നായർ തുടർന്നു. കുറ്റം ചെയ്തില്ലാ എന്നു പറയുന്നത് സമരം ചെയ്തില്ലാ എന്നു പറയുന്നതിന് തുല്യമല്ലേ; മാത്രമല്ല, സമരം നിയമവിരുദ്ധമാണെന്നല്ലേ പ്രസിഡണ്ടിന്റെ ഓർഡിനൻസിലും പറയുന്നത് അതുകൊണ്ട് കുറ്റം ചെയ്തില്ല എന്നു പറയുന്നത്. സമരം ചെയ്തില്ല എന്നു പറയുന്നതിനു തുല്യമാണെന്നായിരുന്നു ഞാനൊഴിച്ചുള്ളവരുടെ നിഗമനം. അതുകൊണ്ട് അവർ കോടതിയിൽ കുറ്റം സമ്മതിക്കുകയും അവരെ ശിക്ഷിക്കുകയും ചെയ്തു. ഞാൻ കുറ്റം നിഷേധിച്ചു. എന്നെ കോടതി ജാമ്യത്തിൽ വിട്ടു. ശങ്കരൻനായരെ ജാമ്യത്തിൽ വിട്ടതിൽ സന്തുഷ്ടി പ്രകടിപ്പിച്ചുകൊണ്ടു ഞാൻ ചോദിച്ചു ശങ്കരേട്ടൻ എന്തുകൊണ്ടാണ് കുറ്റം നിഷേധിച്ചത്. ബഞ്ചിന്റെ ചാരിലേക്കമർന്നിരുന്നുകൊണ്ട് അയാൾ പറഞ്ഞു. കോടതിയുടെ ചോദ്യം തന്നെ കുറ്റം ചെയ്തിട്ടുണ്ടോ എന്നാണ്. സമരം ചെയ്തിട്ടുണ്ടോ എന്നല്ല. തൊഴിലാളിയെ സംബന്ധിച്ചിടത്തോളം സമരം കുറ്റമല്ല. സമരം കുറ്റമാണെന്നു പറഞ്ഞത് സർക്കാരാണ്. അതുവകവയ്ക്കേണ്ട കാര്യം നമുക്കില്ല. സമരം ചെയ്തുവോ എന്നായിരുന്നു ചോദ്യമെങ്കിലല്ലേ ഇല്ല എന്നു പറയാൻ മടിക്കേണ്ടതുള്ളു. അതിനിടയ്ക്ക് എറണാകുളത്തു നിന്നുവന്ന വണ്ടി പ്ളാറ്റ്ഫോമിൽ വന്നുനിന്നു. യാത്രപറഞ്ഞ് ശങ്കരൻ നായർ അതിൽ കയറി. ●

(പേജ് 13ൽനിന്ന്)

ത്സ.

മറ്റു പല ചികിത്സരീതികൾക്കുമെന്നപോലെ മൂലകോശ ചികിത്സയ്ക്കും ദോഷവശങ്ങളുണ്ട്. ചില അവസരങ്ങളിൽ സ്റ്റെം സെൽ തെറാപ്പിക്കുമുൻപ് റേഡിയേഷനും കീമോതെറാപ്പിയും ചെയ്യാറുണ്ട്. സാധാരണ ഇത്തരം ചികിത്സാരീതികളിൽ ഉണ്ടാകുന്ന ക്ഷീണം, ഓക്കാനം, ഛർദ്ദി, മുടികൊഴിച്ചിൽ, ദഹനസംബന്ധമായ പ്രശ്നങ്ങൾ തുടങ്ങിയവ ഇവിടെയുമുണ്ടാകാം. ശ്രദ്ധാപൂർവ്വം ചെയ്തില്ലെങ്കിൽ നേർവിപരീതഫലം ഉണ്ടാകാം. ചില അവസരങ്ങളിൽ ചികിത്സയ്ക്കുശേഷം ട്യൂമർ പോലുള്ള വളർച്ചകളും കണ്ടിട്ടുണ്ട്. വിത്തുകോശചികിത്സാരീതിക്കെതിരെ പല കോണുകളിൽ നിന്നും പ്രതിഷേധങ്ങളും ഉണ്ടായിട്ടുണ്ട്. മനുഷ്യ ക്ലോണിംഗിലേയ്ക്കും 'ഡിസൈനർ ശിശുക്കളുടെ ജന്മത്തിലേയ്ക്കും വഴിതെളിക്കുന്ന സൊമാറ്റിക് സെൽ ന്യൂക്ലിയർ ട്രാൻസ്ഫർ (SCNT) സാങ്കേതികവിദ്യക്കും ഇൻഡ്യൂസ്ഡ് പ്ലൂറിപൊട്ടന്റ് സ്റ്റെം സെൽ (IPSC) കളുടെ നിർമ്മിതിക്കും എതിരെയാണ് പ്രതിഷേധങ്ങൾ. പ്രകൃതിയെ വെല്ലുവിളിക്കുന്ന ശാസ്ത്രപരീക്ഷണങ്ങൾക്കെതിരെ മുൻപും ഇത്തരം പ്രതിഷേധങ്ങൾ ഉയർന്നിട്ടുണ്ട്. ഭ്രൂണവിത്തുകോശങ്ങൾ ലഭ്യമാക്കാനായി ഗർഭഛിദ്രങ്ങളുടെ എണ്ണം മനഃപൂർവ്വം വർദ്ധിപ്പിക്കുന്നു എന്നൊരു പരാതിയുമുണ്ട്.

എന്തൊക്കെയായാലും കാലങ്ങളായി പ്രതിവിധിയില്ലാതെയിരിക്കുന്ന വിവിധ രോഗങ്ങളുടെ ചികിത്സയ്ക്കായി കണ്ടെത്തിയ ഒരു മാർഗ്ഗം തന്നെയാണ് വിത്തുകോശചികിത്സ എന്നതിൽ സംശയമില്ല. ശാസ്ത്രത്തിന്റെ എല്ലാ കണ്ടുപിടുത്തങ്ങൾക്കും ഉപയോഗവും ദുരുപയോഗവുമുണ്ട്. ഇവിടെയും സ്ഥിതി അതുമാത്രമാണ്. ●

# ജൂലായ് 3 ന് ദേശവ്യാപക പ്രക്ഷോഭത്തിന് കേന്ദ്ര ട്രേഡ് യൂണിയനുകളുടെ ആഹ്വാനം. ദേശവ്യാപക നിസ്സഹകരണ പ്രക്ഷോഭത്തിനും പ്രതിഷേധത്തിനും തയ്യാറെടുക്കുക

തൊഴിൽ നിയമങ്ങളിൽ മാറ്റം വരുത്തുന്നത് നിർത്തിവയ്ക്കണം, ഒന്നര നൂറ്റാണ്ടുകാലത്തെ സമരങ്ങളിലൂടെ നേടിയെടുത്ത അവകാശങ്ങൾ തട്ടിയെടുക്കാനുള്ള നീക്കം അവസാ നിപ്പിക്കണം എന്നിവയടക്കമുള്ള വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് രാജ്യവ്യാപക പ്രക്ഷോഭം നടത്താനുള്ള ആഹ്വാനത്തോട് ഉത്സാഹപൂർവം പ്രതികരിച്ച തൊഴിലാളികളെ 2020 ജൂൺ മൂന്നിന് ചേർന്ന കേന്ദ്ര ട്രേഡ് യൂണിയനുകളുടെ (സിടിയു) യോഗം അഭിനന്ദിച്ചു.

2020 മെയ് 22ന് നടന്ന ദേശീയ പ്രക്ഷോഭത്തിലുന്നയിച്ചത് അടക്കമുള്ള വിഷയങ്ങൾ സംബന്ധിച്ച് സംയുക്ത നിവേദനങ്ങളെ അവഗണിക്കുകയും തൊഴിലാളികളുടെ അവകാശ ങ്ങൾക്കു നേരെ നിരന്തരമായ കടന്നാക്രമണം നടത്തുകയും ചെയ്യുന്ന സർക്കാർ നടപടിയിൽ യോഗം കടുത്ത ഉത്കണ്ഠ രേഖപ്പെടുത്തി. തൊഴിലാളികൾക്ക് വേതനം നൽകുന്ന കാര്യത്തി ലും ലോക്ഡൗൺ കാലത്ത് പിരിച്ചുവിടാൻ പാടില്ലെന്ന കാര്യത്തിലും സർക്കാർ മുന്നോട്ടുവച്ച ഉത്തരവുകളും നിർദേശങ്ങളും പാലിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുന്നു. ഈ നിർദേശങ്ങൾ പാലിക്കുന്നതിനു പകരം ചില കമ്പനികൾ സുപ്രിംകോടതിയിൽ നൽകിയ ഒരു കേസ് മറയാക്കി അവ പിൻവലിക്കുകയാണ് കേന്ദ്രം ചെയ്തത്. അസംഘടിത മേഖലയിലേതടക്കം റജിസ്ട്രർ ചെയ്തതും അല്ലാത്തതുമായ, ആദായ നികുതി അടയ്ക്കാത്ത കുടുംബങ്ങൾക്ക് ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ 7500 രൂപ പണമായി കൈമാറണമെന്ന ആവശ്യം സർക്കാർ അംഗീകരിച്ചില്ല. ഈ മാസങ്ങളിൽ ഇടത്തരം ചെറുകിട സൂക്ഷ്മ വ്യവസായങ്ങളിലെ (എംഎസ്എംഇ) തൊഴിലാളികൾക്ക് വേതനം നൽകണമെന്ന ആവശ്യവും നിരാകരിക്കപ്പെട്ടു. കുറഞ്ഞത് ആറുമാസത്തേക്കെങ്കിലും സാർവത്രികമായി റേഷൻ വിതരണം ചെയ്യണമെന്ന ആവശ്യത്തോടും സർക്കാർ കണ്ണടച്ചു.

പലായനം ചെയ്യുന്ന തൊഴിലാളികളിൽനിന്ന് യാത്രാക്കൂലി ഈടാക്കരുതെന്നും അവർക്ക് അഭയവും വീട്ടിലെത്തും വരെ ഭക്ഷണം നൽകണമെന്നും കേന്ദ്ര സംസ്ഥാന സർക്കാരുകളോട് സുപ്രിംകോടതിക്ക് ആവശ്യപ്പെടേണ്ടി വന്നു. ഇക്കാലത്ത് 19 ഹൈക്കോടതികളാണ് തൊഴിലാളികളുടെയും കോവിഡ് പ്രതിരോധ പ്രവർത്തകരുടെയും ആരോഗ്യ കാര്യത്തിൽ ഉത്കണ്ഠ പ്രകടിപ്പിച്ചത്.

ഓഹരിവിൽപ്പന, പൊതുമേഖലാ സ്ഥാപനങ്ങളുടെ മൊത്തത്തിലുള്ള സ്വകാര്യവൽക്കരണം, റെയിൽവെ, പ്രതിരോധം, തുറമുഖം, ഡോക്ക്, കൽക്കരി, എയർ ഇന്ത്യ, ബാങ്ക്, ഇൻഷുറൻസ് തുടങ്ങിയ നിർണായക മേഖലകളിൽ നൂറു ശതമാനം പ്രത്യക്ഷ വിദേശ നിക്ഷേപം തുടങ്ങിയ അജൻഡകൾ തന്ത്രപരമായി നടപ്പാക്കാനുള്ള ഉപാധിയായി ഈ ലോക്ഡൗണിനെ വിനിയോഗിക്കരുതെന്ന് ഞങ്ങൾ ആവർത്തിച്ച് ആവശ്യപ്പെടുകയാണ്. ആത്മനിർഭർ എന്ന മുദ്രാവാക്യത്തിന്റെ മറവിൽ ഈ നടപടികൾ രാജ്യത്തും വിദേശത്തുമുള്ള കോർപറേ റ്റുകളെ സഹായിക്കാനും അവർക്ക് ഇന്ത്യയുടെ വിഭവങ്ങളും ബിസിനസ്സും കൈവശപ്പെടുത്താനുള്ള അവസരമാണ് ഒരുക്കിക്കൊടുക്കുന്നത്. പ്രതിരോധ, കൽക്കരി, ബഹിരാകാശ, ആണവോർജ, ഇൻഷുറൻസ്, ബാങ്കിങ് എന്നിവയുടെയും നിരവധി പൊതുമേഖലാ സ്ഥാപനങ്ങളുടെയും സ്വകാര്യവൽക്കരണവും കോർപറേറ്റുവൽക്കരണവും വാണിജ്യവൽക്കരണവും ലക്ഷ്യമിട്ട് മുമ്പേ എടുത്ത തീരുമാനങ്ങൾ കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ കൂടുതൽ വേഗത്തിലും തീവ്രതയോടെയും നടപ്പാക്കുകയാണ് ഇപ്പോൾ. 48 ലക്ഷം കേന്ദ്ര ജീവനക്കാരുടെ ഡിഎയും 68 ലക്ഷം പെൻഷൻകാരുടെ ഡിആറും മരവിപ്പിക്കാനുള്ള തീരുമാനം സംസ്ഥാന ജീവനക്കാരെയും ബാധിക്കുന്നതാണ്. ഇതിനെതിരെ കേന്ദ്ര ട്രേഡ് യൂണിയനുകളിൽനിന്നടക്കം വ്യാപകമായ പ്രതിഷേധമുയർന്നിട്ടും തീരുമാനം പിൻവലിക്കാൻ കേന്ദ്രസർക്കാർ തയ്യാറായില്ല.

ഇതിനെതിരെ വിവിധ മേഖലകളിലെ തൊഴിലാളികളും ജീവനക്കാരും പ്രക്ഷോഭത്തിന്റെ പാതയിലാണ്. വൈദ്യുതി ഭേദഗതി ബിൽ 2020നെതിരെ 2020 ജൂൺ ഒന്നിന് നടന്ന രാജ്യവ്യാപക പ്രക്ഷോഭത്തിൽ വൈദ്യുതി ജീവനക്കാരും എഞ്ചിനിയർമാരും വൻതോതിൽ പങ്കാളികളായി. സെക്ടർ തലത്തിൽ പ്രക്ഷോഭങ്ങൾ ഉയർന്നുവരുന്നതിനെ കേന്ദ്ര ട്രേഡ് യൂണിയനുകൾ സ്വാഗതം ചെയ്യുന്നതിനൊപ്പം പ്രതിരോധ മേഖലയിലെയും കൽക്കരി മേഖലയിലെയും ഫെഡറേഷനുകൾ നടത്തിയ 'സമര ബാലറ്റു'കൾ പോലുള്ള സമരമാർഗങ്ങളെ പിന്തുണയ്ക്കുകയും ചെയ്യുന്നു.

കോവിഡ് 19 മഹാമാരിക്കെതിരെയുള്ള പോരാട്ടത്തിന്റെ മുന്നണിയിൽ നിൽക്കുന്നവരാണ് സ്ട്രീം വർക്കർമാരും ആഷ, അംഗൻവാടി, എംഡിഎം ജീവനക്കാരും 108 ആംബുലൻസ് ജീവനക്കാരും നഴ്സുമാരും ഡോക്ടർമാരുമെല്ലാം. സ്വന്തം സുരക്ഷ ഉറപ്പാക്കണമെന്നാവശ്യപ്പെട്ട് അവർ നടത്തിയ പ്രതിഷേധങ്ങൾ ചെവിക്കൊള്ളാനോ സമൂഹത്തിൽ ഇഴുകിച്ചേർന്നു പ്രവർത്തിക്കുന്ന ഈ വിഭാഗത്തിൽ ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ നൽകാനോ സർക്കാർ തയ്യാറായിട്ടില്ല. എളുപ്പം രോഗത്തിന്റെ പിടിയിൽ അമരാൻ സാധ്യതയുള്ള ഇവർക്കും കുടുംബാങ്ങൾക്കും സാമൂഹ്യ സുരക്ഷയോ ഇൻഷുറൻസോ ഏർപ്പെടുത്താനോ തയ്യാറായിട്ടില്ല. സ്കീം വർക്കേഴ്സിന് ലോക്ഡൗൺ കാലത്ത് ഓണറേറിയം നിഷേധിച്ചിരിക്കയാണ്.

ആഷ, അംഗൻവാടി ജീവനക്കാർ, ഡോക്ടർമാർ, നഴ്സുമാർ, ശുചീകരണ തൊഴിലാളികൾ തുടങ്ങിയവരെല്ലാം രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ സമാനമായ ആവശ്യങ്ങളുന്നയിച്ച് പ്രതിഷേധിക്കുകയാണ്. നീതിപൂർവമായ ആവശ്യങ്ങൾ ഉന്നയിച്ച് അവർ നടത്തുന്ന പ്രക്ഷോഭങ്ങളെ കേന്ദ്ര ട്രേഡ് യൂണിയനുകൾ പിന്തുണയ്ക്കുകയാണ്. കൊട്ടിഘോഷിക്കപ്പെട്ട 20 ലക്ഷം കോടിയുടെ പാക്കേജ് വെറും തട്ടിപ്പും ദൈന്യമനുഭവിക്കുന്ന മനുഷ്യർക്കു നേരെയുള്ള ക്രൂരമായ ഫലിതവുമാണ്. ഈ പാക്കേജിൽ പ്രധാനമായുള്ളത് വായ്പാ ഗ്യാരണ്ടി മാ

ത്രമാണ്. യഥാർഥ ദുരിതാശ്വാസം ജിഡിപിയുടെ ഒരു ശതമാനം മാത്രമേ വരുന്നുള്ളൂ. പിഎം കിസാൻ സമ്മാൻ നിധി, കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോഡ്, ജില്ലാ മിനറൽ ഫണ്ട് തുടങ്ങി നേരത്തെ പ്രഖ്യാപിച്ച് ബജറ്റ് വിഹിതം വകയിരുത്തിയ പദ്ധതികൾ റീപാക്കേജായി പ്രഖ്യാപിച്ച് ജനങ്ങളെ കബളിപ്പിക്കുകയാണ് കേന്ദ്രസർക്കാർ.

ഗ്രാമങ്ങളിൽ തിരിച്ചെത്തുന്ന തൊഴിലാളികൾക്ക് തൊഴിലാണ് വേണ്ടത്. അതിന് കൂടുതൽ പണമാണ് വകയിരുത്തേണ്ടത്. ഗ്രാമീണ തൊഴിലാളികളുടെ നിലവിലുള്ള ആവശ്യങ്ങളും പുതുതായെത്തുന്ന തൊഴിലാളികളുടെ ആവശ്യവും നിറവേറ്റുന്ന തരത്തിലാണ് വിഹിതം വകയിരുത്തേണ്ടത്. താഴെ തട്ടിൽ ആവശ്യമുള്ളതിന്റെ എത്രയോ ചെറിയ തുകയാണ് അനുവദിച്ചിട്ടുള്ളത്. തിരിച്ചെത്തിയ കുടിയേറ്റത്തൊഴിലാളികൾക്ക് ഉപജീവനമാർഗവും എല്ലാവർക്കും തൊഴിലും ഉറപ്പുവരുത്താൻ മഹാത്മാഗാന്ധി തൊഴിലുറപ്പു പദ്ധതി വിപുലമാക്കണമെന്ന ആവശ്യമാണ് കേന്ദ്ര ട്രേഡ് യൂണിയനുകൾ മുന്നോട്ടുവയ്ക്കുന്നത്. സമാനമായ തൊഴിലുറപ്പു പദ്ധതികൾ നഗരങ്ങളിലേക്ക് വ്യാപിപ്പിച്ച് അസംഘടിത മേഖലയിൽ ഏറ്റവും ദുരിതമനുഭവിക്കുന്ന തൊഴിലാളികൾക്ക് ഉപജീവനമാർഗം ഉറപ്പാക്കണം. അവർക്ക് സാർവത്രിക സാമൂഹിക സുരക്ഷയും ആരോഗ്യരക്ഷയും ഭക്ഷണവും ഉറപ്പുവരുത്തണം.

ഇപ്പോൾ തുറന്ന ചില വ്യവസായ യൂണിറ്റുകളിൽ അവിടെ മുമ്പ് ജോലി ചെയ്ത തൊഴിലാളികളെ തിരിച്ചെടുക്കുന്നില്ലെന്ന പരാതികൾ വ്യാപകമായി ഉയരുന്നുണ്ട്. കുറച്ചു പേർക്കു മാത്രാണ് പഴയ കമ്പനികളിൽ തിരിച്ചു ജോലിയിൽ പ്രവേശിക്കാൻ സാധിച്ചത്. അവരുടെ വേതനത്തിൽ കാര്യമായ കുറവു വരുത്തുകയും ചെയ്തുവെന്ന് മാത്രമല്ല, ലോക്ഡൗൺ കാലത്തെ വേതനം നൽകിയതുമില്ല. തൊഴിൽ നിഷേധവും കൂലി വെട്ടിക്കുറയ്ക്കലും ഒരുമിച്ച് എതിർക്കപ്പെടണം. ഈ പ്രശ്നത്തിൽ സർക്കാർ അടിയന്തരമായി ഇടപെട്ട് തൊഴിലുടകളെ തിരുത്തിക്കണമെന്നും ഞങ്ങൾ ആവശ്യപ്പെടുന്നു.

തൊഴിൽ നഷ്ടപ്പെട്ടവരുടെ എണ്ണം 14 കോടിയാണ്. അതിനൊപ്പം തൊഴിൽ നഷ്ടം വന്ന ദിവസ വേതനം, കരാർ, കാഷ്വൽ തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തിയാൽ എണ്ണം 24 കോടിക്കു മുകളിലാകും. 30 ശതമാനം മുതൽ 35 ശതമാനം വരെ എംഎസ്എംഇകൾക്കും (ചെറുകിട ഇടത്തരം വ്യവസായങ്ങൾ) പ്രവർത്തനം തുടരാനാവാത്ത സ്ഥിതിയാണ്. തൊഴിലില്ലായ്മ നിരക്ക് ഇതിനകം 27 ശതമാനം ആയി ഉയർന്നിട്ടുണ്ട് 40 കോടി മനുഷ്യർ കൊടും പട്ടിണിയിലേക്ക് തള്ളിമാറ്റപ്പെടുമെന്ന് ഐഎൽഒ ഒരു റിപ്പോർട്ടിൽ പറയുന്നു. ഇന്ത്യയിൽ പോഷകാഹാരക്കുറവ് വർധിക്കുമെന്നും പട്ടിണി മരണങ്ങൾ പതിവാകുകയും ചെയ്യുമെന്ന യാഥാർഥ്യത്തിലേക്ക് പ്രശസ്തരായ ശാസ്ത്രജ്ഞരും മെഡിക്കൽ വിദഗ്ധരും വിരൽ ചൂണ്ടുന്നത്. മാനസിക സംഘർഷം കാരണം തൊഴിലാളികൾ ആത്മഹത്യ ചെയ്യുന്ന സ്ഥിതിയും സംജാതമാകും.

മനുഷ്യരാശിയും സമൂഹവും നേരിടുന്ന ഗുരുതരമായ ഒരു അടിയന്തര ആരോഗ്യ പ്രശ്നമായല്ല കോവിഡ് 19ന്റെ സാഹചര്യത്തെ മോഡി സർക്കാർ കാണുന്നത്. പകരം ഇതിനെ ക്രമസമാധാന പ്രശ്നമായാണ് സമീപിക്കുന്നത്. ദശലക്ഷക്കണക്കിന് തൊഴിലാളികൾക്കും കർഷകർക്കും സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്കുമെല്ലാം അത് സൃഷ്ടിച്ച ദുരന്തം വിവരണാതീതമാണ്. അതേ സമയം കോർപറേറ്റുകളെയും വൻകിട വ്യവസായികളെയും സഹായിക്കുന്ന നിലപാടാണ് കേന്ദ്രസർക്കാർ കൈക്കൊള്ളുന്നത്.

തൊഴിലാളികളുടെ അവകാശങ്ങളോടും അടിസ്ഥാനപരമായി നിലനിൽപ്പിന് അർഹമായ ആവശ്യങ്ങളോടും ഒരു ബഹുമാനവും പരിഗണനയും കാണിക്കാത്ത സർക്കാർ ഒരു സഹകരണവും അർഹിക്കുന്നില്ല. നമ്മൾ തൊഴിലാളികളും ജീവനക്കാരും ട്രേഡ് യൂണിയനുകളും പരസ്പരം ഐക്യദാർഢ്യമേകാനും ഐക്യത്തോടെ ഈ രോഗത്തെ നേരിടാൻ ആവശ്യമായ മുൻകരുതലുകൾ എടുക്കാനും സംഘടിക്കാനുള്ള അവകാശം സംരക്ഷിക്കാനും കൂട്ടായി വിലപേശാനും മാന്യമായ തൊഴിലന്തരീക്ഷം നേടിയെടുക്കാനും വേതനവും ഭാവിയിലെ സുരക്ഷിതത്വവും ഉറപ്പാക്കാനും സാധ്യമായ എല്ലാ കാര്യങ്ങളും ചെയ്യണം. തൊഴിലാളികളും ജനങ്ങളും അടക്കമുള്ളവരുടെ അടിസ്ഥാന ആവശ്യങ്ങളോട് ഈ സർക്കാർ കാണിക്കുന്നത് ക്രൂരമായ അവഗണനയാണ്. ഇത് ഒരു തരത്തിലും അംഗീകരിക്കാൻ കഴിയില്ല.

Bharat Fibre
Connecting Every Home

Tariff Chart

| PLAN | SPEED | FUP | SPEED AFTER FUP | RATE | GST 18% | CESS 1% | TOTAL |
|---|---|---|---|---|---|---|---|
| 499 | 20 Mbps | 200 GB | 2 Mbps | 499/- | 90/- | 5/- | 592/- |
| 599 | 10 Mbps | 4 GB/DAY | 2 Mbps | 599/- | 108/- | 6/- | 713/- |
| 699 | 10 Mbps | 5 GB/DAY | 2 Mbps | 699/- | 126/- | 7/- | 832/- |
| 749* | 50 Mbps | 300 GB | 2 Mbps | 749/- | 135/- | 7.5/- | 892/- |
| 777 | 50 Mbps | 500 GB | 2 Mbps | 777/- | 140/- | 8/- | 925/- |
| 849 | 50 Mbps | 600 GB | 2 Mbps | 849/- | 153/- | 8.5/- | 1011/- |
| 949* | 50 Mbps | 500 GB | 2 Mbps | 949/- | 171/- | 9.5/- | 1130/- |
| 1277 | 100 Mbps | 750 GB | 2 Mbps | 1277/- | 230/- | 13/- | 1520/- |
| 1999 | 200 Mbps | 1.5 TB | 2 Mbps | 1999/- | 360/- | 20/- | 2379/- |
| 2499 | 100 Mbps | 40 GB/DAY | 4 Mbps | 2499/- | 450/- | 25/- | 2974/- |

All plans have 24 Hrs free call to anywhere in India
* 749 and 949 Plans are bundled with free Hotstar premium for one year

ഉപഭോക്താക്കളുടെ മെച്ചപ്പെട്ട സേവനത്തിന് വേണ്ടി BSNL കേരളത്തിലെ കേബിൾ ഓപ്പറേറ്റേഴ്സുമായി കൈകോർക്കുന്നു. BSNL ലിന്റെ ഫൈബർ കേബിൾ എത്താത്ത സ്ഥലങ്ങളിൽ ഇനിമുതൽ BSNL Highspeed Fiber Internet Service കേബിൾ ടിവി ഓപ്പറേറ്റേഴ്സിന്റെ സഹകരണത്തോടെ നിങ്ങൾക്ക് എത്തിച്ചുതരുന്നതാണ്.

*Insist for BSNL Fiber Net*

എല്ലാ തൊഴിൽ നിയമങ്ങളും നിർവീര്യമാക്കിക്കൊണ്ട് തൊഴിലാളികളെ അടിമകൾക്കു തുല്യരാക്കുന്ന സർക്കാരിന്റെ പദ്ധതികളെ അംഗീകരിക്കാൻ നമുക്കാവില്ല. ഒപ്പം പൊതുമേഖലാ സ്ഥാപനങ്ങളെ ബഹുതല പദ്ധതികളെ സ്വകാര്യവൽക്കരിക്കുമ്പോൾ നോക്കിനിൽക്കാനും നമ്മൾക്കാവില്ല. നിലവിൽ തന്നെ നട്ടെല്ലൊടിഞ്ഞ കാർഷിക മേഖലയെ കോർപറേറ്റ് ഭൂവുടമാ ലോബിയുടെ ചൂഷണത്തിന് വിധേയമാക്കാനും അതുവഴി ആ മേഖലയിലുള്ളവരെ ആഴത്തിലുള്ള ദുരിതത്തിലേക്കു തള്ളിവിടാനും മൊത്തം മനുഷ്യരുടെ ഭക്ഷ്യ സുരക്ഷ അട്ടിമറിക്കാനും ലക്ഷ്യമിട്ടുള്ള തീവ്രമായ ഘടനാപരമായ പരിഷ്കാരങ്ങളെ നിശ്ശബ്ദം നോക്കിനിന്ന് അംഗീകരിക്കാനും നമ്മൾക്കാവില്ല. ഈ പ്രക്രിയയെ അനുവദിച്ചുകൊടുക്കാൻ ട്രേഡ് യൂണിയൻ പ്രസ്ഥാനം തയ്യാറല്ല, ഈ പദ്ധതിയോടു സഹകരിക്കാനും സാധ്യമല്ല. പൂർണമായി നമ്മൾ ഇതിനെ എതിർക്കും. ലോക്ഡൗണിനെ മറയാക്കി ഒരു മനസ്സാക്ഷിക്കുത്തുമില്ലാതെ സമൂഹത്തിനുമേൽ അടിച്ചേൽപ്പിക്കുന്ന ജനവിരുദ്ധവും തൊഴിലാളി വിരുദ്ധവും ദേശവിരുദ്ധവുമായ ഈ പദ്ധതികളെ സംയുക്ത സമരങ്ങളിലൂടെ നമ്മൾ എതിർക്കുകയും ചെറുക്കുകയും ചെയ്യും. ഭരണഘടനാപരായ ബാധ്യതകളെയാണ് കേന്ദ്രസർക്കാർ തള്ളിക്കളയുന്നത്.

ഈ സാഹചര്യത്തിലാണ് കേന്ദ്ര ട്രേഡ് യൂണിയനുകളും സ്വതന്ത്ര ഫെഡറേഷനുകളും അസ്സോസിയേഷനുകളും 2020 ജൂലായ് മൂന്നിന് ദേശവ്യാപക പ്രതിഷേധ ദിനമായി ആചരിക്കാൻ സംയുക്തമായി തീരുമാനിച്ചത്. ഔപചാരിക അനൗപചാരിക മേഖലകളിലെയും സേവന മേഖലയിലെയും തൊഴിലാളികൾ ശാരീരിക അകലം പാലിച്ചുകൊണ്ടും മറ്റു പ്രതിരോധ മാർഗങ്ങൾ സ്വീകരിച്ചുകൊണ്ടുമാണ് സമരത്തിൽ അണിചേരുക. ജനവിരുദ്ധവും ദേശവിരുദ്ധവുമായ നയങ്ങൾ പിൻവലിക്കണമെന്നാവശ്യപ്പെട്ടും തൊഴിലാളികളുടെ അടിസ്ഥാന അവകാശങ്ങൾ സംരക്ഷിക്കണമെന്നാവശ്യപ്പെട്ടും വരുംനാളുകളിൽ തൊഴിലാളികൾ സംയുക്തമായി നടത്താൻ പോകുന്ന ബൃഹത്തും ദീർഘവുമായ നിസ്സഹകരണ നിഷേധ സമരങ്ങളുടെ ഒരു തുടക്കം മാത്രമാണ് ഈ ദേശവ്യാപക പ്രക്ഷോഭം. തൊഴിൽ നിയമങ്ങൾ നിർവീര്യമാക്കിയതും മറ്റു നയപരമായ വിഷയങ്ങളും മുൻനിർത്തി ജനങ്ങളിൽ അവബോധം സൃഷ്ടിക്കാനുള്ള പരിപാടികൾ ഈ പ്രതിഷേധ ദിനാചരണത്തിന്റെ മുന്നോടിയായി സംഘടിപ്പിക്കും. ഇതിനായി സംസ്ഥാന തല സംയുക്ത യോഗങ്ങൾ/ സെമിനാർ/ കൺവെൻഷനുകൾ നടത്തേണ്ടതുണ്ട്.

തൊഴിലാളികളുടെയും ട്രേഡ് യൂണിയനുകളുടെയും അവകാശങ്ങളും തൊഴിൽ നഷ്ടവും തൊഴിൽ സുരക്ഷയും വേതനവും പലായനം അടക്കമുള്ള കുടിയേറ്റത്തൊഴിലാളി പ്രശ്നവും അടങ്ങുന്ന പന്ത്രണ്ടിന അവകാശപത്രിക ചർച്ച ചെയ്യേണ്ട ഇന്ത്യൻ ലേബർ കോൺഗ്രസ് വിളിച്ചു ചേർക്കണമെന്ന് ഞങ്ങൾ സർക്കാരിനോട് ആവശ്യപ്പെടുകയാണ്. സ്ഥിരമായി ചേരുന്നതിന് പകരം തൊഴിലുടമകളുടെയും കോർപറേറ്റുകളുടെയും സംഘടനകളുമായി യോഗം ചേരുന്ന രീതി മാറ്റുകയും വേണം.

2020 ജൂലായ് മൂന്നിന്റെ ദേശവ്യാപക പ്രക്ഷോഭ ദിനാചരണം രാജ്യമൊട്ടുക്കു വൻ വിജയമാക്കണമെന്ന് ഞങ്ങൾ തൊഴിലാളി വർഗത്തോടും ട്രേഡ് യൂണിയനുകളോടും എല്ലാ അഫിലിയേറ്റഡ് സംഘടനകളോടും ആഹ്വാനം ചെയ്യുന്നു. എല്ലാ തൊഴിലാളി കേന്ദ്രങ്ങളിലും ഇതിനായുള്ള തയ്യാറെടുപ്പുകൾ നടത്തണം.തൊഴിലാളി വിരുദ്ധവും കർഷകവിരുദ്ധവും ദേശവിരുദ്ധവുമായ രാഷ്ട്രീയത്തിൽ നിന്ന് ജങ്ങളെയും രാജ്യത്തെയും രാജ്യത്തിന്റെ സമ്പദ്ഘടനയെയും രക്ഷിക്കാനാണ് ഈ നിസ്സഹകരണ നിഷേധ സമരം. ഈ സമരത്തിന്റെ അടുത്ത ഘട്ടം എന്ന നിലയിൽ ഒരു ദേശവ്യാപകമായ പൊതുപണിമുടക്ക് അടക്കമുള്ള നിസ്സഹകരണ നിഷേധ സമരത്തിന് പിന്നീട് കേന്ദ്ര ട്രേഡ് യൂണിയനുകളുടെ സംയുക്ത വേദി ഉചിതമായ സമയത്ത് മൂർത്തരൂപം നൽകും.

**ഐഎൻടിയുസി, എഐടിയുസി, എച്ച്എംഎസ്, സിഐടിയു, എഐ യുടിയുസി, ടിയുസിസി, സേവ, എഐസിസിടിയു, എൽപിഎഫ്, യുടിയുസി, ഒപ്പം വിവിധ സെക്ടറുകളിലെ ഫെഡറേഷനുകളും അസോസിയേഷനുകളും**


## STATEMENT OF OWNERSHIP AND OTHER PARTICULARS ABOUT NEWS PAPER BSNL CRUSADER (MONTHLY)

### FORM IV (vide. Rule 8)

| | | |
|---|---|---|
| 1. Place of Publication | : | Thiruvananthapuram |
| 2. Periodicity of Publication | : | Monthly |
| 3. Printer's name | : | C. Santhoshkumar |
| 4. Nationality | : | Indian |
| 5. Address | : | P&T House, Ambujavilasom Road, Pulimood, Thiruvananthapuram 695 001 |
| 6. Address of Publisher | : | Same as above |
| 7. Address of Editor | : | C. Santhoshkumar, Circle Secretary, BSNL Employees Union Kerala Circle, P&T House, Ambujavilasom Road, Thiruvananthapuram 695 001 |
| 8. Name and Address of Individuals who own the news Paper and partners of share holders holding more than one percent of the total capital | : | BSNL Employees Union Kerala Circle, P&T House, Ambujavilasom Road, Pulimood Junction, Thiruvananthapuram 695 001 |

I, C. Santhoshkumar hereby declare the particulars given above are true to the best of my knowledge and belief.

Place : Thiruvananthapuram
Date : 25-3-2020

C. Santhoshkumar
Publisher



43

**പോരാട്ടങ്ങൾ അനുഭവങ്ങൾ**

വി എ എൻ നമ്പൂതിരി



# പ്രക്ഷോഭങ്ങളിലേക്ക്

**ബി.**എസ്.എൻ.എൽ.ഇ.യു.വിന്റെ കൽക്കത്ത പ്രവർത്തക സമിതി അംഗീകരിച്ച താഴെകൊടുത്ത അവകാശപത്രികയുടെ അടിസ്ഥാനത്തിൽ വിപുലമായ പ്രക്ഷോഭ പരിപാടികൾ സംഘടന ആസൂത്രണം ചെയ്തു.

## അവകാശപത്രിക

1. ബി.എസ്.എൻ.എൽ.ഇ.യു.വിനു അംഗീകാരം നൽകുക.
2. ബി.എസ്.എൻ.എല്ലിനെ വിൽക്കരുത്, സ്വകാര്യവൽക്കരിക്കരുത്.
3. വേതനപരിഷ്ക്കരണത്തിലെ അപാകതകൾ ഇല്ലാതാക്കുക.
4. പെൻഷനും മറ്റു പെൻഷൻ ആനുകൂല്യങ്ങളും ഐ.ഡി.എ. സ്കെയിലിന്റെ അടിസ്ഥാനത്തിൽ നൽകുക.
5. ശിക്ഷാ നടപടികൾക്കിരയായ ജീവനക്കാർക്ക് ഐ.ഡി.എ. ശമ്പളസ്കെയിൽ നടപ്പാക്കുക.
6. കാഷ്വൽ ലേബർ, പാർട്ട്ടൈം, കരാർ തൊഴിലാളികളെ സ്ഥിരപ്പെടുത്തുക.
7. ജീവനക്കാരെ നിയമിക്കുക.
8. എല്ലാ 5 വർഷങ്ങൾക്കും സമയബന്ധിത പ്രമോഷൻ.
9. ആശ്രിത നിയമനങ്ങൾ.
10. വിവിധ കാഡറുകളുടെ ശമ്പളസ്കെയിലുകൾ പരിഷ്ക്കരിക്കുക.
11. സാധാരണ ജീവനക്കാരും വ്യാവസായിക തൊഴിലാളികളും തമ്മിലുള്ള വിവേചനം അവസാനിപ്പിക്കുക.
12. നിയമനങ്ങളുടെയും പ്രമോഷന്റേയും നിയമങ്ങൾ ഉദാരവൽക്കരിക്കുക. പരീക്ഷകൾ കൃത്യസമയത്ത് നടത്തുക.
13. സിവിൽ വിംഗ് പ്രശ്നങ്ങൾ പരിഹരിക്കുക.
14. പുന:സംഘടന നടത്താത്ത എല്ലാ കാഡറുകളുടെയും പുന:സംഘടന നടത്തുക.
15. ടെലികോം ഫാക്ടറികൾ നവീകരിക്കുക.
16. ടെലികോം സ്റ്റോർഴ്സ് പുന:സംഘടിപ്പിക്കുക.
17. 35% ക്വോട്ടയിൽ വിജയിച്ചവരെ ജെ.ടി.ഒ. ട്രെയിനിംഗിന് അയക്കുക.
18. ലീവ് ട്രാവൽ കൺസഷൻ പുന:സ്ഥാപിക്കുക.
19. പൊതുമേഖലക്ക് തുല്യമായ കാഷ്വൽ ലീവ്.
20. റൂൾ–38 സ്ഥലംമാറ്റങ്ങൾ അനുവദിക്കുക.
21. ബോണസ്
22. ഗ്രൂപ്പ് ഇൻഷുറൻസ്.
23. മെഡിക്കൽ സൗകര്യങ്ങൾ
24. ബി.എസ്.എൻ.എല്ലിലേക്ക് രണ്ടാം ഓപ്ഷൻ
25. എസ്.സി/എസ്.ടി. റിസർവേഷൻ
26. പുതിയ തസ്തികകൾ
27. പെൻഷന് ആർ.ടി.പി/കാഷ്വൽ ലേബർ/പാർട്ട് ടൈം സർവ്വീസ് കണക്കിലെടുക്കുക
   (വിശദമായ ഒരു കുറിപ്പ് അധികാരികൾക്ക് നൽകുകയുമുണ്ടായി).

## പ്രക്ഷോഭ പരിപാടികൾ

1. ഗെയ്റ്റ്/ലഞ്ച് ഹവർ പ്രകടനം : 2002 ആഗസ്റ്റ് 15
2. എസ്.എസ്.എ.ലവൽ ധർണ : 2003 ജനുവരി 29
3. സി.ജി.എം ആഫീസ് മാർച്ച് : 2003 ഫെബ്രുവരി 12

പ്രക്ഷോഭപരിപാടികൾക്ക് വ്യാപകമായ പ്രചാരണം നൽകുന്നതിനും വിജയിപ്പിക്കുന്നതിനുമായി പ്രസിഡണ്ടും ജനറൽ സെക്രട്ടറിയുമടക്കമുള്ള ഭാരവാഹികൾ എല്ലാ സർക്കിളുകളിലും സംഘടനാ പര്യടനം നടത്തുകയും ഒട്ടേറെ യോഗങ്ങളിൽ സംസാരിക്കുകയുമുണ്ടായി. വളരെ നല്ല പ്രതികരണമാണ് ജീവനക്കാരിൽ നിന്നും ലഭിച്ചത്.

## പൊതുമേഖലാ സ്വകാര്യവൽക്കരണ നീക്കങ്ങൾ

ബി.ജെ.പി സർക്കാർ, പൊതുമേഖലാ ഷെയറുകൾ വിൽക്കുവാനും ചില പൊതുമേഖലകളെയെങ്കിലും പൂർണ്ണമായും സ്വകാര്യവൽക്കരിക്കുവാനുമുള്ള നീക്കത്തിലായിരുന്നു. ഇന്ത്യൻ എയർലൈൻസ്, എയർ ഇന്ത്യാ, നാഷണൽ അലുമിനിയം കമ്പനി (NALCO), ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ (HPCL), ഭാരത് പെട്രോളിയം കോർപ്പറേഷൻ (BPCL), സെന്റർ ഹോട്ടൽസ്, ബി.എസ്.എൻ.എൽ. എം.ടി.എൻ.എൽ ഇവയെല്ലാം–ഷെയർ വില്പനയുടെ, സ്വകാര്യവൽക്കരണത്തിന്റെ ലിസ്റ്റിൽ ഉൾപ്പെടുത്തപ്പെട്ടിരുന്നു.

ശക്തമായ പ്രക്ഷോഭണത്തെ തുടർന്നു കമ്യൂണിക്കേഷൻ മന്ത്രി പ്രമോദ് മഹാജൻ പാർലമെന്റിൽ പറയുവാൻ നിർബ്ബന്ധിതനായി ബി.എസ്.എൻ.എൽ–എം.ടി.എൻ.എൽ ഷെയറുകൾ തൽക്കാലം വിൽക്കുകയില്ലെന്ന്. ബി.എസ്.എൻ.എൽ പോലെയുള്ള വൻ കമ്പനികളെ ആർക്കും വാങ്ങാൻ കഴിയുമെന്നും മന്ത്രി കൂട്ടിച്ചേർത്തു. എം.ടി.എൻ.എല്ലിലാകട്ടെ 54% ഷെയർ മാത്രമെ സർക്കാരിന്റെ കൈവശമുള്ളൂ. ഇനിയെന്തു വിൽക്കാൻ? മന്ത്രി കൂട്ടിച്ചേർത്തു. പൊതുമേഖലാ എണ്ണകമ്പനികളുടെ ഷെയറുകൾ വിൽക്കുന്നതിനെതിരായി ഈ സ്ഥാപനങ്ങളിലെ തൊഴിലാളി സംഘടനകളുടെ ഐക്യവേദിയും ശക്തമായ ചെറുത്തു നില്പുയർത്തി.

ബി.എസ്.എൻ.എൽ എംപ്ലോയീസ് യൂണിയൻ ആവിഷ്ക്കരിച്ച പ്രക്ഷോഭപരിപാടികൾ ഏറ്റവും വിജയകരമായി നടത്തുന്നതിന് തൊഴിലാളികൾ പൂർണ്ണ പിന്തുണ നൽകി.

## ശമ്പളവും പെൻഷനും ഐ.ഡി.എ ശമ്പളസ്കെയിലിൽ

ബി.എസ്.എൻ.എല്ലിൽ ലയിച്ച ഡി.ഒ.ടി ജീവനക്കാരുടെ ശമ്പളസ്കെയിൽ, കേന്ദ്ര ജീവനക്കാരുടെ ശമ്പളസ്കെയിലിൽ (സി.ഡി.എ) തുടരണമെന്നാണ് എൻ.എഫ്.ടി.ഇ ജനറൽ സെക്രട്ടറി ഒ.പി.ഗുപ്ത ആവശ്യപ്പെട്ടിരുന്നത്. എന്നാൽ അതു തള്ളിക്കൊണ്ടു ഉയർന്ന ഐ.ഡി.എ സ്കെയിലിൽ വേണമെന്ന ബി.എസ്.എൻ.എൽ.ഇ.യു ആവശ്യ

മാണ് യൂണിയനുകളുടെ സംയുക്തസമിതി അംഗീകരിച്ചതും ഗവൺമെന്റിനോട് ആവശ്യപ്പെട്ടതും. പെൻഷന്റെ കാര്യത്തിലും ആതേ ആവശ്യമാണ് ഉയർത്തിയത്.

തുടർച്ചയായ ചർച്ചയുടേയും പ്രക്ഷോഭണത്തിന്റേയും ഫലമായി 2000 ഒക്ടോബർ 1 മുതൽ ബി.എസ്.എൻ.എൽ.എല്ലിലേക്കു വന്ന ജീവനക്കാരുടെ ശമ്പളവും പെൻഷനും ഐ.ഡി.എ സ്കെയിലിലാക്കിക്കൊണ്ട് 2003 ജനുവരി 15 ന് ഡി.ഒ.ടി ഉത്തരവിറക്കി. ഇതു തൊഴിലാളി സംഘടനകളുടെ പ്രക്ഷോഭത്തിന്റെ വമ്പിച്ച വിജയമായിരുന്നു.

## സർക്കാരും ടി.ആർ.എ.ഐ.യും ബി.എസ്.എൻ.എല്ലിനെ ദുർബലമാക്കാൻ കരുക്കൾ നീക്കുന്നു

സ്വകാര്യടെലികോം കമ്പനികൾക്ക് സഹായകവും പൊതുമേഖലാ കമ്പനികൾക്കു എതിരുമായ തീരുമാനങ്ങളാണ് ആദ്യം മുതലേ കേന്ദ്രസർക്കാരും ടെലികോം റഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യയും കൈക്കൊണ്ടത്. ചില കാര്യങ്ങൾ സൂചിപ്പിക്കാം.

1. സ്വകാര്യകമ്പനികൾക്ക് ഇളവുകളും ടാക്സിൽ കുറവും വരുത്തി. ബി.എസ്.എൻ.എല്ലിന് നിലവിലുള്ള കമ്പനിയെന്ന പേരിൽ ഈ ഇളവുകൾ നൽകിയില്ല.
2. 1995–ൽ തന്നെ സ്വകാര്യകമ്പനികൾക്ക് മൊബൈൽ ലൈസൻസ് നൽകിയെങ്കിലും ഡി.ഒ.ടി/ബി.എസ്.എൻ.എൽ/എം.ടി.എൻ.എൽ എന്നിവക്ക് ലൈസൻസ് നിഷേധിച്ചു. 7 വർഷം കഴിഞ്ഞ് 2002–ൽ മാത്രമാണ് സർക്കാർ കമ്പനികൾക്ക് ലൈസൻസ് നൽകിയത്. ഈ കാലഘട്ടത്തിൽ കോടിക്കണക്കിന് മൊബൈലുകളാണ് സ്വകാര്യകമ്പനികൾ പുതുതായി നൽകിയത്.
3. ഗ്രാമങ്ങളിൽ ടെലിഫോൺ നൽകുന്നതിനുള്ള ഭീമമായ നഷ്ടം സർക്കാർ നികത്തുമെന്നാണ് ബി.എസ്.എൻ.എല്ലിന് ഉറപ്പു നൽകിയിരുന്നത്. എന്നാൽ 2000 മുതൽ ആദ്യത്തെ രണ്ടു വർഷങ്ങളിൽ ഈ ഇനത്തിൽ ബി.എസ്.എൻ.എല്ലിനുണ്ടായ 3750 കോടി രൂപ സർക്കാർ നൽകിയില്ല. തുടർന്ന് ഇത്തരത്തിൽ ഒട്ടേറെ വിവേചനങ്ങൾ കേന്ദ്രസർക്കാർ അടിച്ചേല്പിച്ചു.

## ബി.എസ്.എൻ.എൽ.ഇ.യുവിന് ടി.യു അവകാശങ്ങൾ

ഒന്നാം അംഗത്വപരിശോധനയിൽ എൻ.എഫ്.ടി.ഇ.ക്ക് 35.25% വും ബി.എസ്.എൻ.എൽ.ഇ.യുവിന് 29.99% വും ലഭിച്ച സാഹചര്യത്തിൽ ഒന്നാം യൂണിയനെന്ന നിലക്ക് എൻ.എഫ്.ടി.ഇ.ക്ക് അംഗീകാരവും ടി.യു സൗകര്യങ്ങളും അനുവദിക്കുകയുണ്ടായി. എന്നാൽ രണ്ടാമത്തെ യൂണിയൻ എന്ന നിലക്കോ, ഒമ്പത് സർക്കിളുകളിൽ 50%ലേറെ വോട്ട് ലഭിച്ചതെന്ന നിലയിലോ, ലഭിക്കേണ്ട അംഗീകാരവും സൗകര്യങ്ങളും ബി.എസ്.എൻ.എൽ. ഏകപക്ഷീയമായി നിഷേധിക്കുകയായിരുന്നു. നേരത്തെ സൂചിപ്പിച്ചതു പോലെ, 15% മേലെ വോട്ടു കിട്ടുന്ന ആദ്യത്തെ രണ്ടു യൂണിയനുകൾക്ക് അംഗീകാരം നൽകുക എന്ന ഡി.ഒ.ടി നിലപാടിൽ നിന്നും വ്യത്യസ്തമായി, എൻ.എഫ്.ടി.ഇ സെക്രട്ടറി ജനറൽ ഒ. പി ഗുപ്തയുടെ സമ്മർദ്ദത്തിന്റെ അടിസ്ഥാനത്തിൽ ബി.എസ്.എൻ.എൽ.ഇ.യുവിനും അതിലെ അംഗങ്ങൾക്കും നീതി നിഷേധിക്കുകയായിരുന്നു. പ്രശ്നം പലതവണ മാനേജ്മെന്റിന്റെ മുന്നിൽ ഉന്നയിച്ചിട്ടും പരിഹാരം ലഭിക്കാത്ത സാഹചര്യത്തിൽ ബി.എസ്.എൻ.എൽ.ഇ.യു അസിസ്റ്റന്റ് ജനറൽ സെക്രട്ടറി സ.പി.അശോകബാബു മുഖേന ആന്ധ്രാ ഹൈക്കോടതിയിൽ റിട്ട് പരാതി നൽകുകയുണ്ടായി. മാനേജുമെന്റുമായി പ്രശ്നങ്ങൾ ചർച്ച ചെയ്യുവാനും ജീവനക്കാരുടെ പ്രശ്നങ്ങൾ ഉയർത്തുവാനും അധികാരം ലഭിക്കണമെന്നതായിരുന്നു പ്രധാന ആവശ്യം.

ആന്ധ്രാ ഹൈക്കോടതി 06–01–2003 ന്റെ ഇടക്കാല ഉത്തരവിലൂടെ ബി.എസ്.എൻ.എല്ലിന് അതിനു 50% ലേറെ വോട്ട് ലഭിച്ച സർക്കിളുകളിൽ മാത്രമല്ല, മറ്റെല്ലാ സർക്കിളുകളിലും അധികാരികളുടെ മുന്നിൽ പ്രശ്നങ്ങൾ ഉയർത്തുവാനും ചർച്ച ചെയ്യുവാനും അധികാരം നൽകി. ഒരു മാസത്തെ കാലതാമസത്തിനു ശേഷം 2003 ഫെബ്രുവരി 7ന് ബി.എസ്.എൻ.എൽ മാനേജ്മെന്റ് അതിനനുസരിച്ചു ഉത്തരവു പുറപ്പെടുവിക്കുകയും ചെയ്തു. എൻ.എഫ്.ടി.ഇ.യ്ക്ക് കനത്ത തിരിച്ചടിയായിരുന്നു ഹൈക്കോടതി ഇടക്കാല ഉത്തരവും ബി.എസ്.എൻ.എൽ. ഉത്തരവും.

തുടർന്നു അംഗീകൃത യൂണിയന്റേതു പോലെ, യൂണിയൻ വരിസംഖ്യ ശമ്പളത്തിൽ നിന്നും പിരിച്ചു തരുവാനും, യൂണിയന്റെ നോട്ടീസ് ബോർഡ്, സൗജന്യ ടെലിഫോൺ, യൂണിയൻ സമ്മേളനങ്ങൾക്ക് സ്പെഷൽ കാഷ്വൽ ലീവ് എന്നിവ നൽകുവാനും മാനേജ്മെന്റിനോടു ആവശ്യപ്പെട്ടു. അതേപോലെ തന്നെ സംയുക്ത കൂടിയാലോചനാ സമിതിയിൽ അംഗസംഖ്യക്കനുസരിച്ചു പ്രാതിനിധ്യം നൽകണമെന്നും ആവശ്യമുന്നയിച്ചു. വളരെ ന്യായമായ ഈ ആവശ്യങ്ങളിൽ ഒരു തീരുമാനവും എടുക്കാതെ, നിഷേധ സമീപനമാണ് ബി.എസ്.എൻ.എൽ മാനേജ്മെന്റ് തുടർന്നത്.

## പ്രതികാര നടപടികൾ

അംഗത്വ പരിശോധനക്ക് ശേഷം വിവിധ സ്ഥലങ്ങളിൽ ബി.എസ്.എൻ.എൽ.ഇ.യുവിന്റെ കൂടെ കൂടുതൽ നേതാക്കളും പ്രവർത്തകരുമൊക്കെ അണിചേരുന്ന സ്ഥിതിവിശേഷമുണ്ടായത്. എൻ.എഫ്.ടി.ഇ നേതൃത്വത്തെ അങ്കലാപ്പിലാക്കി. അന്യായമായ സ്ഥലംമാറ്റം അടക്കമുള്ള പ്രതികാര നടപടികളിലൂടെ ബി.എസ്.എൻ.എൽ.ഇ.യുവിനെ തകർക്കാമെന്ന വ്യാമോഹത്തിൽ അധികാരികളിൽ സമ്മർദ്ദം ചെലുത്തി ഒട്ടേറെ പ്രധാന ഭാരവാഹികളെ സ്ഥലം മാറ്റിച്ചു. സംഘടന ഈ പ്രശ്നം ഗൗരവമായെടുക്കുകയും സി.എം.ഡി.യുടെ ശ്രദ്ധയിൽ പെടുത്തുകയും ചെയ്തതിനെ തുടർന്ന് ഈ സ്ഥലംമാറ്റങ്ങൾ റദ്ദാക്കപ്പെട്ടു. സംഘടനാ പ്രവർത്തകരിൽ ആത്മവിശ്വാസം ഉയർത്തുവാൻ ഇതും കാരണമായി.

## 26 – 02 – 2003 പാർലമെന്റ് മാർച്ച്

ലാഭകരമായ പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണം, തൊഴിൽ നിയമങ്ങൾ, തൊഴിലാളികൾക്കെതിരായ മാറ്റങ്ങൾ, വിലക്കയറ്റം, എന്നിവക്കെതിരെ എ.ഐ.സി.സി.ടി.യു, എ.ഐ.ടി.യു.സി, സി.ഐ.ടി.യു, എച്ച്.എം.എസ്, ഐ.എൻ.ടി.യു.സി, ടി.യു.സി.സി, യു.ടി.യു.സി, യു.ടി.യു.സി. (എൽ.എസ്), സ്വതന്ത്ര ഫെഡറേഷനുകൾ, യൂണിയനുകൾ എന്നിവയുടെ ആഹ്വാനമനുസരിച്ചു 2003 ഫെബ്രുവരി 26ന് ലക്ഷക്കണക്കായ തൊഴിലാളികൾ പങ്കെടുത്ത പാർലമെന്റ് മാർച്ച് നടന്നു. ബി.എസ്.എൻ.എൽ.ഇ.യുവിന്റെ 3000 ലേറെ പ്രതിനിധികൾ പങ്കെടുത്തു. സഖാക്കൾ എം.കെ.പന്ഥെ (സി.ഐ.ടി.യു) ഗുരുദാസ് ദാസ് ഗുപ്ത (എ.ഐ.ടി.യു.സി) ഉംറാവുമൽ പുരോഹിത് (എച്ച്.എം.എസ്) ഡോ: സഞ്ജീവ റെഡ്ഡി (ഐ.എൻ.ടി.യു.സി) തുടങ്ങിയ പ്രമുഖ ടിയു നേതാക്കൾ സംസാരിച്ചു.

ബി.ജെ.പി. സർക്കാരിന്റെ തൊഴിലാളി വിരുദ്ധ നടപടികൾക്കെതിരെയുള്ള ശക്തമായ പ്രതികരണമായിരുന്നു 26–02–2003 ന്റെ പാർലിമെന്റ് മാർച്ച്. ●

**മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ റിട്ടയർ ചെയ്തവരുടെ വാർത്തയും ഫോട്ടോയും അടുത്ത ലക്കത്തിൽ പ്രസിദ്ധീകരിക്കും.**

*എഡിറ്റർ*


# കേന്ദ്ര പ്രവർത്തകസമിതി യോഗം മാർച്ച് 6,7 വഡോദര




**ബി.**എസ്.എൻ.എൽ.എംപ്ലോയീസ് യൂണിയന്റെ കേന്ദ്ര പ്രവർത്തകസമിതി യോഗം 2020 മാർച്ച് 6, 7 തീയതികളിൽ വഡോദരയിൽ ചേർന്നു. അഖിലേന്ത്യാ പ്രസിഡന്റ് സ.അനിമേഷ് മിത്ര അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജനറൽ സെക്രട്ടറി സ. പി.അഭിമന്യു പ്രവർത്തന റിപ്പോർട്ടും, ട്രഷറർ സ.ഗോകുൽ ബോറ വരവു-ചിലവ് കണക്കുകളും അവതരിപ്പിച്ചു. വി.ആർ.എസിനുശേഷമുള്ള സാഹചര്യങ്ങൾ, പൗരത്വ ഭേദഗതി നിയമം, സംഘടനാ പ്രവർത്തനങ്ങൾ, ജീവനക്കാരുടെ പ്രശ്നങ്ങൾ എന്നിവ യോഗം വിശദമായി ചർച്ച ചെയ്തു.

## തീരുമാനങ്ങൾ

1. ബി.എസ്.എൻ.എൽ.ന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് 4ജി സേവനം ഉടൻ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ AUAB യുടെ നേതൃത്വത്തിൽ സംഘടിപ്പിക്കും.
2. ശമ്പളപരിഷ്കരണ ചർച്ച പുനരാരംഭിക്കാനും വേതന കരാർ ഒപ്പിടാനുമുള്ള നടപടി സ്വീകരിക്കും.
3. വി.ആർ.എസിനുശേഷം ജില്ലകളിൽ ജീവനക്കാരുടെ എണ്ണം വലിയതോതിൽ കുറഞ്ഞിട്ടുണ്ട്. എസ്.എസ്.എ.കളുടെ പുന:സംഘടനകളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് അംഗീകൃത സംഘടനകളുടെ യോഗം മാനേജ്മെന്റ് വിളിച്ചു ചേർത്തിട്ടുണ്ട്. വി.ആർ.എസിനുശേഷം ജില്ലകളിൽ യൂണിയന്റെ അംഗസംഖ്യയും കുറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ജില്ലകളുടെ പുന:സംഘടനയുമായി ബന്ധപ്പെട്ട മാനേജ്മെന്റ് തീരുമാനത്തിനുശേഷം ജില്ലാ യൂണിയനുകളുടെ പുന:സംഘടന കേന്ദ്ര പ്രവർത്തകസമിതി അംഗങ്ങളുമായി ആലോചിച്ച് തീരുമാനിക്കും. യുക്തമായ തീരുമാനമെടുക്കാൻ അഖിലേന്ത്യാ സെന്ററിനെ ചുമതലപ്പെടുത്തി.
4. സ്വാതന്ത്ര്യസമരസേനാനികളായ ഭഗത്സിംഗിന്റെയും, സുഖ്ദേവ്, രാജഗുരു എന്നിവരുടെ രക്തസാക്ഷിദിനമായ 23-3-2020 ന്, സി.എ.എ., എൻ.പി.ആർ,എൻ.ആർ.സി. എന്നിവയ്ക്കെതിരെ കരിദിനം ആചരിക്കണം. ജീവനക്കാർ അന്നേദിവസം കറുത്ത ബാഡ്ജ് ധരിച്ച് ജോലിക്ക് ഹാജരാകണം. ഓഫീസ്/എക്സ്ചേഞ്ചുകൾക്കു മുമ്പിൽ പ്രകടനം നടത്തണം. ഭരണഘടനയുടെ ആമുഖം വായിക്കണം.
5. വർഗ്ഗീയ ചേരിതിരിവ് സൃഷ്ടിക്കാനുള്ള ഹിന്ദുത്വശക്തികളുടെ ശ്രമങ്ങൾക്കെതിരെ തൊഴിലാളികൾക്കിടയിൽ ശക്തമായ പ്രചരണം സംഘടിപ്പിക്കണം. അതിന്റെ ഭാഗമായി ജില്ലകളിൽ കൺവെൻഷനുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കണം.
6. ബി.എസ്.എൻ.എൽ. എംപ്ലോയീസ് യൂണിയൻ സ്ഥാപകദിനമായ മാർച്ച് 22 പതാകകൾ ഉയർത്തിയും, യോഗ







ങ്ങൾ സംഘടിപ്പിച്ചും സമുചിതമായി ആചരിക്കണം.

7. ഏപ്രിൽ 14 ന് അംബേദ്കർ ദിനം സമുചിതമായി ആചരിക്കണം.
8. **ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ യുവപ്രവർത്തകരെ സംഘടിപ്പിച്ച് ഡൽഹിയിൽ 03-04-2020 ന് സെമിനാർ സംഘടിപ്പിക്കാൻ തീരുമാനിച്ചു. അതിനുശേഷം സർക്കിൾ തലത്തിൽ സെമിനാർ സംഘടിപ്പിക്കണം.**
9. മാർച്ച് 5 ന് വഡോദരയിൽ ചേർന്ന അഖിലേന്ത്യാ ബി.എസ്.എൻ.എൽ. വർക്കിംഗ് വിമൻസ് കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനങ്ങൾ യോഗം അംഗീകരിച്ചു.
10. ബി.എസ്.എൻ.എൽ.എംപ്ലോയീസ് യൂണിയനെയും പ്രത്യേകിച്ച് ജനറൽ സെക്രട്ടറിക്കുമെതിരെ അസത്യങ്ങളും അപവാദപ്രചരണങ്ങളും നടത്തിയവർക്കെതിരെ മാനനഷ്ടകേസ് നൽകുവാനുള്ള അഖിലേന്ത്യാ സെന്റർ തീരുമാനം യോഗം അംഗീകരിച്ചു.
11. കേന്ദ്ര പ്രവർത്തക സമിതി തീരുമാനങ്ങൾ വിശദീകരിക്കുവാൻ സർക്കിൾ പ്രവർത്തക സമിതി യോഗങ്ങൾ ചേരുവാൻ തീരുമാനിച്ചു. കേന്ദ്ര പ്രവർത്തകസമിതി അംഗങ്ങൾ യോഗത്തിൽ പങ്കെടുക്കും.
12. യൂണിയന്റെ നിരന്തര സമ്മർദ്ദത്തിന്റെ ഫലമായി വി.ആർ.എസ്. എടുത്ത ജീവനക്കാരുടെ യൂണിയൻ വരിസംഖ്യ നൽകുന്നതിനാവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ട്.
13. യൂണിയന്റെ അഖിലേന്ത്യാ സെന്റർ തീരുമാനത്തിനു വിരുദ്ധമായി വി.ആർ.എസ്. എടുത്ത 5 കേന്ദ്ര പ്രവർത്തകസമിതി അംഗങ്ങളെ ഒഴിവാക്കുവാനും, പകരം ഭാരവാഹികളെ ഉൾപ്പെടുത്തുവാനും തീരുമാനിച്ചു. അതുപ്രകാരം വൈസ് പ്രസിഡന്റായി സ. ആനന്ദ് നാരായൺ സിംഗ് (ഗുജറാത്ത്), എസ്.പി. സിംഗ് (യു.പി.വെസ്റ്റ്), അസി.ജനറൽ സെക്രട്ടറിയായി സ.ആനന്ദ് കുമാർ സിംഗ് (യു.പി.ഈസ്റ്റ്), ഓർഗനൈസിംഗ് സെക്രട്ടറിമാരായി സ.സജീവ് കുമാർ (പഞ്ചാബ്), സ.ജഗത്ത് റാം ശർമ (ഹിമാചൽപ്രദേശ്) എന്നിവരെ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചു.
14. വി.ആർ.എസ്. എടുത്ത നിലവിലുള്ള 3 സർക്കിൾ സെക്രട്ടറിമാരെ രണ്ടു മാസത്തിനുള്ളിൽ സർക്കിൾ സമ്മേളനമോ/സർക്കിൾ വർക്കിംഗ് കമ്മിറ്റിയോഗമോ ചേർന്ന് ഒഴിവാക്കി പകരം സർവ്വീസിലുള്ള ജീവനക്കാരെ സർക്കിൾ സെക്രട്ടറിമാരായി തെരഞ്ഞെടുക്കണം.

## പ്രമേയങ്ങൾ

1. ബി.എസ്.എൻ.എൽ.ന് 4ജി സ്പെക്ട്രം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുക.
2. ശമ്പളപരിഷ്ക്കരണ ചർച്ച പുനരാരംഭിക്കുക.
3. കരാർ തൊഴിലാളികളുടെ വേതനം നൽകുക, പിരിച്ചുവിടൽ അവസാനിപ്പിക്കുക.
4. ടെലികോം ടെക്നീഷ്യൻ, സീനിയർ ഓഫീസ് അസോസിയേറ്റ് കേഡറുകളിൽ നിയമനം നടത്തുക,
5. ട്രേഡ് യൂണിയൻ അവകാശങ്ങൾ നിഷേധിക്കാനുള്ള നീക്കം പിൻവലിക്കുക.
6. വർഗ്ഗീയ ചേരിതിരിവ് സൃഷ്ടിക്കാനുള്ള ഹിന്ദുത്വ ശക്തികളുടെ നീക്കം ഉപേക്ഷിക്കുക.
7. പൗരത്വ ഭേദഗതി നിയമവും, അതുമായി ബന്ധപ്പെട്ട എൻ.പി.ആർ, എൻ.ആർ.സി. നടപ്പാക്കാനുള്ള നീക്കം ഉപേക്ഷിക്കുക.

# ബി. എസ്. എൻ. എൽ. ഡബ്ള്യു. ഡബ്ള്യു. സി. സി.

ബി.എസ്.എൻ.എൽ. വർക്കിംഗ് വിമൻസ് കോർഡിനേഷൻ കമ്മിറ്റിയുടെ യോഗം 5-3-2020 ന് വഡോദരയിൽ ചേർന്നു. ബി.എസ്.എൻ.എൽ.എംപ്ലോയീസ് യൂണിയൻ അഖിലേന്ത്യാ വൈസ് പ്രസിഡന്റും, ബി.എസ്.എൻ.എൽ.വർക്കിംഗ് വിമൻ കോർഡിനേഷൻ കമ്മിറ്റി അംഗവുമായ സ.കെ.രമാദേവി അദ്ധ്യക്ഷത വഹിച്ചു. സ.തപസിനി സ്വാഗതം ആശംസിച്ചു. ജനറൽ സെക്രട്ടറിസ.പി.അഭിമന്യു യോഗം ഉദ്ഘാടനം ചെയ്തു. ബി.എസ്.എൻ.എൽ. നേരിടുന്ന വെല്ലുവിളികളെ സംബന്ധിച്ച് സഖാവ് വിശദമായി സം




സാരിച്ചു. സ. അനിമേഷ് മിത്ര (അഖിലേന്ത്യാ പ്രസിഡന്റ്), സ. സ്വപൻ ചക്രവർത്തി (ഡെപ്യൂട്ടി ജനറൽ സെക്രട്ടറി), എന്നിവർ യോഗത്തെ അഭിവാദ്യം ചെയ്തു. വിശദമായ ചർച്ചകളും സംവാദങ്ങളും യോഗത്തെ സമ്പുഷ്ടമാക്കി. ചർച്ചകളിൽ ഉയർന്നുവന്ന വിഷയങ്ങൾക്ക് കൺവീനർ സ.ഇന്ദിര മറുപടി പറഞ്ഞു. ജോയിന്റ് കൺവീനർ സ.ഭാഗ്യലക്ഷ്മി നന്ദി രേഖപ്പെടുത്തി.

## തീരുമാനങ്ങൾ

1. വി.ആർ.എസ്. എടുത്ത ജീവനക്കാരെ ഒഴിവാക്കി കമ്മിറ്റി പുന:സംഘടിപ്പിക്കാനുള്ള അഖിലേന്ത്യാ സെന്റർ തീരുമാനം യോഗം അംഗീകരിച്ചു. പുതിയതായി കമ്മിറ്റിയിലേക്ക് സഖാക്കളെ നോമിനേറ്റ് ചെയ്തു.
2. മാർച്ച് 8 സാർവ്വദേശീയ മഹിളാദിനം സമുചിതമായി ആചരിക്കണം.
3. ബി.എസ്.എൻ.എൽ.ഇ.യു. സ്ഥാപകദിനവും, രക്തസാക്ഷി ദിനവും സമുചിതമായി ആചരിക്കണം.
4. വഡോദരയിൽ ചേരുന്ന ബി.എസ്.എൻ.എൽ.എംപ്ലോയീസ് യൂണിയൻ കേന്ദ്ര പ്രവർത്തക സമിതി യോഗ തീരുമാനങ്ങൾ നടപ്പാക്കണം.
5. BSNLWWCC രൂപീകരിക്കാത്ത സംസ്ഥാനങ്ങളിൽ മുൻ കമ്മിറ്റി തീരുമാനപ്രകാരം സർക്കിൾ കമ്മിറ്റി രൂപീകരിക്കണം.
6. താൽക്കാലിക ജീവനക്കാരെ സമരസജ്ജരാക്കാൻ നടപടി സ്വീകരിക്കണം.
7. മഹിളകൾക്കുവേണ്ടി ട്രേഡ് യൂണിയൻ ക്ലാസ്സുകൾ സംഘടിപ്പിക്കണം.
8. ലൈംഗികാതിക്രമങ്ങൾക്കെതിരെയുള്ള പരാതിസെല്ലുകൾ എല്ലാതലത്തിലും രൂപീകരിക്കണം.
9. സ്ഥാപനത്തെയും ജീവനക്കാരെയും സംരക്ഷിക്കാൻ ആവശ്യമായ പോരാട്ടങ്ങൾ സംഘടിപ്പിക്കണം.

## പ്രമേയങ്ങൾ

1. ജീവനക്കാർക്ക് കൃത്യസമയത്ത് ശമ്പളം നൽകുക.
2. താൽക്കാലിക ജീവനക്കാർക്ക് ശമ്പളം നൽകുക.
3. ശമ്പളറിക്കവറി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് ഉടൻ നൽകുക.
4. അനാവശ്യമായ സ്ഥലംമാറ്റ ഉത്തരവുകൾ പിൻവലിക്കുക.

# സംഘടനാവാർത്തകൾ



എയുഎബിയുടെ നേതൃത്വത്തിൽ ഉപവാസ സമരം – കൊല്ലം




തൊഴിലാളിവിരുദ്ധ നയങ്ങൾക്കെതിരെ ധർണ – പാലക്കാട്



പെട്രോൾ – ഡീസൽ വിലവർദ്ധനവിനെതിരെ ധർണ്ണ –കോഴിക്കോട്



ദേശീയ പ്രക്ഷോഭം – മലപ്പുറം




സാർവ്വദേശീയ വനിതാ ദിനം – കോഴിക്കോട്



മെയ്ദിനാഘോഷം
– പി & ടി ഹൗസ്
തിരുവനന്തപുരം

കണ്ണൂർ



എ.ഐ.ബി.ഡി.പി.എ വാർത്തകൾ

# ബിഎസ്എൻഎൽ – എംആർഎസ്

**കോ**വിഡ്19 കാലത്ത് ബി.എസ്.എൻ.എൽ ജീവനക്കാരുടേയും പെൻഷൻകാരുടേയും മെഡിക്കൽ ആനുകൂല്യം വെട്ടിക്കുറച്ചു കൊണ്ടും അപ്രായോഗികമായ ചില നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടും ഇറക്കിയ ഉത്തരവ് പെൻഷൻകാരെ വലിയ ബുദ്ധിമുട്ടിലാക്കി. voucher നൽകി റീ ഇംപേഴ്സ് ചെയ്തിരുന്നവർക്ക് അനുവദിക്കപ്പെട്ടിരുന്ന 23 ദിവസത്തെ ശമ്പളത്തിനു തുല്യമായ തുക 15 ദിവസമായി കുറച്ചു കൊണ്ടും, ക്വാർട്ടർലി അലവൻസിനു പകരം പ്രതിമാസം 1000 രൂപയാക്കി കുറവു ചെയ്തുകൊണ്ടുമാണ് ഉത്തരവിറക്കിയത്. അതോടൊപ്പം ഓപ്ഷൻ നൽകുന്നതിനും MRS കാർഡിന്റെ കാലാവധി പുതുക്കുന്നതിനും പരിമിതമായ സമയം മാത്രം അനുവദിച്ചതുമാണ് പെൻഷൻകാരെ വിഷമിപ്പിച്ചത്. കോവിഡ് രോഗവ്യാപനത്തെ തുടർന്ന് യാത്ര ദുഷ്ക്കരമായ ഘട്ടത്തിൽ വന്ന ഈ ഉത്തരവിൽ കടുത്ത പ്രതിഷേധമാണുയർന്നത്.

ആനുകൂല്യങ്ങൾ വെട്ടിക്കുറച്ചതിനെതിരെ BSNLEU വും AIBDPA യും ശക്തമായി പ്രതിഷേധിക്കുകയും ബി.എസ്.എൻ.എൽ സി.എം.ഡിക്ക് കത്ത് നൽകുകയും ചെയ്തു. AIBDPA CHQ വിന്റെ ശക്തമായ ഇടപെടലിനെ തുടർന്ന് MRS സംബന്ധിച്ച ഉത്തരവിൽ ചില മാറ്റങ്ങൾ വരുത്തുവാൻ ബി.എസ്.എൻ.എൽ മാനേജ്മെന്റ് തയ്യാറായി.

1) നിലവിലെ ഓപ്ഷനിൽ നിന്നും മാറ്റം ആഗ്രഹിക്കുന്നവർ മാത്രം പുതുതായി ഓപ്ഷൻ നൽകിയാൽ മതി.
2) ഓപ്ഷൻ നൽകാനുള്ള കാലാവധി സെപ്റ്റംബർ 30 ആയിരിക്കും.
3) MRS കാർഡ് പുതുക്കുന്നതിനുള്ള കാലാവധി ഈ സാമ്പത്തിക വർഷം സെപ്റ്റംബർ 30 ആയിരിക്കും. തുടർന്നുള്ള വർഷങ്ങളിൽ ഇത് ജൂൺ 30 ആയിരിക്കും.
4) ഓപ്ഷൻ ഓൺലൈനായും നൽകാവുന്നതാണ്.

2018 ൽ രണ്ടു തവണ ക്വാർട്ടർലി അലവൻസ് നൽകിയതിനു ശേഷം ഇതുവരെ അലവൻസ് നൽകിയിട്ടില്ല. 2019 ഏപ്രിൽ മുതലുള്ള മെഡിക്കൽ ബില്ലുകൾക്കും നാളിതുവരെ ഫണ്ട് അനുവദിച്ചിട്ടില്ല. ഇതു സംബന്ധിച്ച് അഖിലേന്ത്യാ യൂണിയൻ നേരിട്ടും നിരവധി തവണ കത്തുകളിലൂടെയും ബി.എസ്.എൻ.എൽ മാനേജ്മെന്റിനോടാവശ്യപ്പെട്ടിട്ടും അനുകൂല നടപടി കൈക്കൊള്ളാൻ മാനേജ്മെന്റ് തയ്യാറായിട്ടില്ല. ക്യാൻസർ, കിഡ്നി സംബന്ധമായ അസുഖം ബാധിച്ചവർ, ഹൃദ്രോഗികൾ എന്നിവരുടെ ബില്ലുകളിലെങ്കിലും പരിഹാരമുണ്ടാക്കണമെന്ന ആവശ്യവും അംഗീകരിക്കപ്പെട്ടിട്ടില്ല.

## പെൻഷൻ അദാലത്ത്

കേരളത്തിലെ ഡി.ഒ.ടി/ ബി.എസ്.എൻ.എൽ പെൻഷൻകാരുടെ പരാതികൾ പരിഹരിക്കുന്നതിനായി വീഡിയോ കോൺഫറൻസിങ്ങിലൂടെ പെൻഷൻ അദാലത്ത് 29.07.2020 10.30ന് ചേരും. വെള്ളക്കടലാസിൽ അപേക്ഷ നൽകാവുന്നതാണ്. പേര്, മൊബൈൽ നമ്പർ, ഈ മെയിൽ ID, PPO നമ്പർ, വിരമിച്ച തീയതി, SSA, പരാതിയുടെ സംക്ഷിപ്തരൂപം എന്നിവ എഴുതി Joint Controller of Communication Accounts,DOT, 5th floor, BSNL Bhavan, PMG, Thiruvananthapuram എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. പരാതിയോടൊപ്പം ബാങ്ക് details, മറ്റു രേഖകൾ ഉണ്ടെങ്കിൽ അതു കൂടി അയയ്ക്കേണ്ടതാണ്. jtcctarivandrum@nic.in എന്ന മെയിൽ ID യിലും പരാതി അയക്കാവുന്നതാണ്.10.07.2020 വരെ ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതാണ്.

## PPO പൂർത്തിയായി

വിജിലൻസ് കേസുകൾ ഒഴികെയുള്ള മുഴുവൻ കേസുകളിലും വി.ആർ.എസിലൂടെ വിരമിച്ചവരുടെ PPO പൂർത്തിയായി. കോവിഡ് കാലത്തും കേരളാ CCA അഭിനന്ദനാർഹമായ പ്രവർത്തനമാണ് കാഴ്ചവെച്ചത്.

## ഓപ്ഷൻ നൽകണം വി. ആർ. എസിലൂടെ

2020 ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിൽ 60 വയസ്സു പൂർത്തിയായവർക്ക് കമ്മ്യൂട്ടേഷൻ, ഗ്രാറ്റുവിറ്റി തുക ലഭിക്കും. കമ്മ്യൂട്ടേഷൻ ലഭിക്കുന്നതിന് ഓപ്ഷൻ നൽകേണ്ടതാണ്. ഇതിനുള്ള ഓപ്ഷൻ ഫോം 1 A യിൽ പൂരിപ്പിച്ച് GM ഓഫീസിൽ നൽകിയാൽ അക്കൗണ്ട്സ് ഓഫീസർ countersign ചെയ്ത് CCA ഓഫീസിലേക്ക് അയക്കും.

CCA ഓഫീസിൽ ലഭിച്ചാൽ കമ്മ്യൂട്ടേഷൻ process ചെയ്ത് തുക അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യും.

## ലൈഫ് സർട്ടിഫിക്കറ്റ്

2019 ജനുവരിക്കു ശേഷം വിരമിച്ചവർ വിരമിച്ച് ഒരു വർഷംപൂർത്തിയാകുമ്പോൾ ലൈഫ് സർട്ടിഫിക്കറ്റ് നൽകേണ്ടതു CCA ഓഫീസിലേക്കാണ്. അക്ഷയ സെന്റർ വഴി ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് നൽകുമ്പോൾ ബാങ്കിനുപകരം ഡിപ്പാർട്ടുമെന്റ് ഓഫ് ടെലികോം എന്നും ബാങ്കിന്റെ ബ്രാഞ്ചിനുപകരം കേരള CCA എന്നും സെലക്ട് ചെയ്യുവാൻ പ്രത്യേകം ശ്രദ്ധിക്കണം. കോവിഡ് 19 പരിഗണിച്ച് ലൈഫ് സർട്ടിഫിക്കറ്റ് നൽകുന്നതിൽ ജൂൺ 30 വരെ ഇളവ് നൽകിയിരുന്നു. ജൂണിൽ വിരമിച്ചവർ ഉൾപ്പെടെ അടിയന്തിരമായി ലൈഫ് സർട്ടിഫിക്കറ്റ് നൽകണം. ●

**കോട്ടയം ജില്ലാസമ്മേളനം**






**എ ഐ ബി ഡി പി എ   മലപ്പുറം ജില്ലാ കൺവെൻഷൻ**



**സാർവദേശീയ വനിതാദിനം : തിരുവനന്തപുരം**

JUNE 2020
RNI NO.KER-MAL/2002/09576
Regd.NO.KL/TV(N)/516/2019-21

BSNL CRUSADER Monthly

Licensed to post without prepayment
No.KL/TV(N)/WPP/113/2019-21
Date of publication: 25.06.2020



തൊഴിലാളി വിരുദ്ധ നയങ്ങൾക്കെതിരെ ധർണ - കണ്ണൂർ



ദേശീയ പ്രക്ഷോഭം 26-06-2020 - തിരുവനന്തപുരം



പെട്രോൾ ഡീസൽ വിലവർദ്ധനവിനെതിരെ ധർണ - കോട്ടയം

Printed and published by C. Santhosh Kumar on behalf of BSNL Employees Union Kerala Circle from P&T House , Ambujavilasam Road , Pulimoodu, Thiruvananthapuram-695001, Kerala and Printed at P.Krishnapillai Memorial Printing and Publishing Co.Pvt.Ltd, Thampanoor, Thiruvananthapuram, Kerala.
Editor - C. Santhosh Kumar